34th Year of Service 2026

NOT OUR MERIT BUT HIS GRACE
KERALA EXPRESS

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

November 02, 2026 Vol. XXXIV No. 44

3 പെൻഷൻബുക്ക് ഡിജിറ്റലാക്കുന്നു

4 വാദം കേൾക്കുന്നത് അടച്ചിട്ട മുറിയിൽ

15 ക്നാനായ കത്തോലിക്കാ മിഷന് സ്വന്തം ദേവാലയം

17 കേരള സെന്റർ 2026–ലെ അവാർഡുകൾ സമ്മാനിച്ചു

23 ഐക്യരാഷ്ട്ര സംഘടനയ്ക്ക് 81 വയസ്സ്

വോട്ടുകൊള്ളയ്ക്കെതിരെ പ്രതിഷേധക്കടലായി ഇന്ത്യാസഖ്യം

ന്യൂഡൽഹി: ഡൽഹിയെ മണിക്കൂറുകളോളം ഇളക്കിമറിച്ച്, വോട്ട് കൊള്ളയ്ക്കെതിരെ ഇന്ത്യാസഖ്യത്തിന്റെ ഘടകകക്ഷികളും എൻജിഒകളും പങ്കെടുത്ത പ്രതിഷേധത്തിൽ മുൻനിര നേതാക്കളെല്ലാം എത്തി. മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഗ്യാനേഷ് കുമാറിനെ ജയിലിലാക്കുമെന്നും വോട്ടുകൊള്ള നടത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും അമിത് ഷായ്ക്കുമെതിരെ നിയമനടപടി സ്വീകരിക്കുമെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി റാലിയിൽ പ്രഖ്യാപിച്ചു.



ഇന്ത്യാസഖ്യം നടത്തിയ 'ചലോ ദില്ലി' റാലിക്കായി ഡൽഹി രാംലീല മൈതാനത്തേക്ക് പോകുന്ന വാഹനത്തിൽ നേതാക്കൾ.

'ചലോ ദില്ലി' റാലിയും മാർച്ചും. 'വോട്ട് ബച്ചാവോ, ദേശ് ബച്ചാവോ' എന്ന മുദ്രാവാക്യമുയർത്തിയായിരുന്നു റാലി. 21 രാഷ്ട്രീയപാർട്ടികളും വിവിധ സംഘടനകളും എൻജിഒകളും പങ്കെടുത്ത പ്രതിഷേധത്തിൽ മുൻനിര നേതാക്കളെല്ലാം എത്തി. മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഗ്യാനേഷ് കുമാറിനെ ജയിലിലാക്കുമെന്നും വോട്ടുകൊള്ള നടത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും അമിത് ഷായ്ക്കുമെതിരെ നിയമനടപടി സ്വീകരിക്കുമെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി റാലിയിൽ പ്രഖ്യാപിച്ചു.

വോട്ടുകൊള്ള നടത്തിയതിലും അദാനിക്കായി ഇന്ത്യയെ വിറ്റതിലും നീതി ഉറപ്പാക്കുമെന്നും നരേന്ദ്ര മോദിക്ക് ജയിലിൽ പോകേണ്ടി വരുമെന്നും രാഹുൽ പറഞ്ഞു. കടയിൽക്കയറി നടത്തുന്ന വെറും മോഷണമല്ല വോട്ടു കൊള്ളയെന്നും അതു രാജ്യദ്രോഹമാണെന്നും അപൂർവങ്ങളിൽ അപൂർവമായ കുറ്റകൃത്യമാണെന്നും രാംലീല മൈതാനിയിൽ പതിനായിരങ്ങൾ അണിനിരന്ന റാലിയിൽ രാഹുൽ പറഞ്ഞു. ഗ്യാനേഷ് കുമാറിനെതിരെ പൊതുജന കുറ്റവിചാരണ നടത്തിയ ശേഷമായിരുന്നു റാലി. (ശേഷം 34-ാം പേജിൽ)

മേതിൽ രാധാകൃഷ്ണന് എഴുത്തച്ഛൻ പുരസ്കാരം



തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ പരമോന്നത ബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം സാഹിത്യകാരൻ മേതിൽ രാധാകൃഷ്ണന്. സാഹിത്യ രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ളതാണ് അഞ്ചു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്ന പുരസ്കാരം. ഈ മാസം കോഴിക്കോട്ട് നടക്കുന്ന ചടങ്ങിൽ ബഹുമതി സമ്മാനിക്കുമെന്ന് അവാർഡ് പ്രഖ്യാപിച്ചുകൊണ്ട് മന്ത്രി പി.സി. വിഷ്ണുനാഥ് അറിയിച്ചു. പതിറ്റാണ്ടുകളായി മലയാള ഭാഷയിൽ നവക്രമം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മേതിൽ രാധാകൃഷ്ണൻ, എഴുത്തച്ഛന്റെ പേരിലുള്ള പുരസ്കാരത്തിന് പൂർണ അർഹനാണെന്ന് ജൂറി വിലയിരുത്തി. അനന്യമായ ലാവണ്യബോധവും അനിതരമായ ധിഷണാശേഷിയും കൊണ്ട് മലയാള സാഹിത്യത്തിൽ നവഭാവുകത്വം സൃഷ്ടിച്ച എഴുത്തുകാരനാണ് മേതിൽ രാധാകൃഷ്ണൻ. (ശേഷം 34-ാം പേജിൽ)

ഐഎഎസ് തലപ്പത്ത് അഴിച്ചുപണി; എൻ. പ്രശാന്ത് കെഎസ്ഇബി ചെയർമാൻ

തിരുവനന്തപുരം: സംസ്ഥാന ഐഎഎസ് തലപ്പത്ത് മാറ്റം. എം.ജി. രാജമാണിക്യത്തെ കെഎസ്ഇബി ചെയർമാൻ സ്ഥാനത്തുനിന്ന് മാറ്റി എൻ. പ്രശാന്തിന് ചുമതല നല്കി. കായിക യുവജനക്ഷേ വകുപ്പ് സ്പെഷൽ സെക്രട്ടറി ചുമതലയിൽ ഇദ്ദേഹം തുടരും. എം. ജി. രാജമാണിക്യത്തെ തദ്ദേശവകുപ്പ് സെക്രട്ടറി സ്ഥാനത്തേക്കാണ് മാറ്റിയത്. വൈദ്യുതി ക്ഷാമവും പ്രതിസന്ധിയും ചർച്ചയാവുന്നതിനിടെയാണ് ഈ മാറ്റം.



ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്തുനിന്ന് ഷർമിള മേരി ജോണിനെ മാറ്റി മുഹമ്മദ് ഹനീഷിന് ചുമതല നല്കി. കെ.ആർ. ജ്യോതിലാൽ ആഭ്യന്തര-വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാകും. നേരത്തെ ധനകാര്യ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്നു. ജലവിഭവം, ഭവനം, കയർ എന്നീ വകുപ്പുകളുടെ ചുമതലയും വഹിക്കും. ടി.വി. അനുപമയാണ് പുതിയ ധനകാര്യവകുപ്പ് സെക്രട്ടറി. പരിസ്ഥിതി വകുപ്പിന്റെ അധികച്ചുമതലയും നല്കിയിട്ടുണ്ട്. മിൻഹാജ് ആലമാണ് പുതിയ ധനവകുപ്പ് അഡീ. ചീഫ് സെക്രട്ടറി.

68–ാമത് സംസ്ഥാന സ്കൂൾ കായികമേള

തിരുവനന്തപുരം ഓവറോൾ ചാമ്പ്യന്മാർ

ചാത്തമംഗലം/കോഴിക്കോട്: 68-ാമത് സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ഓവറോൾ ചാമ്പ്യന്മാർ. അത്ലറ്റിക്സിൽ മലപ്പുറത്തിന് ഹാട്രിക് കിരീടം. ജനറൽ സ്കൂൾ വിഭാഗത്തിൽ മലപ്പുറം ജില്ലയിലെ കടകശേരി ഐഡിയൽ സ്കൂൾ തുടർച്ചയായി അഞ്ചാം തവണയും കിരീടം നിലനിർത്തി. തിരുവനന്തപുരം ജിവി രാജാ സ്കൂളിനാണ് സ്പോർട്സ് ഡിവിഷൻ വിഭാഗത്തിൽ ഒന്നാം സ്ഥാനം. 2012 പോയിന്റോടെയാണ് തിരുവനന്തപുരത്തിന്റെ അഭിമാന നേട്ടം. ഗെയിംസിലെ ആധിപത്യമാണ് അവരെ റെക്കാർഡ് പോയിന്റിലെത്തിച്ചത്. ഓവറോൾ രണ്ടാം സ്ഥാനത്ത് തൃശൂരും (965.3), മൂന്നാം സ്ഥാനത്ത് മലപ്പുറവും (923.3). (ശേഷം 34-ാം പേജിൽ)



68-ാമത് സംസ്ഥാന കായികമേളയിൽ ഓവറോൾ നേടിയ തിരുവനന്തപുരം ജില്ലയ്ക്ക് പൊതുവിദ്യാഭ്യാസ മന്ത്രി എം. ഷംസുദ്ദീൻ സ്വർണ്ണക്കപ്പ് സമ്മാനിക്കുന്നു.

SUNNY
FINANCIAL STRATEGIES, LLC



Wealth planning that works across generations.

Partnered for Your Family's Success

Tom Sunny, CFP®, CLU®, RICP®

Financial Planner & Wealth Advisor

Building your financial future together, with expertise & fiduciary integrity.

AREAS OF SPECIALTY

- Comprehensive Planning & Wealth Management
- Inheritance & Estate Planning: Trusts, Wills, POAs, Transfers
- Retirement Income Strategy for Retirees & Pre-Retirees
- Professional Investment Advisory & Guidance
- Insurance Protection: Life, Disability, Long-Term Care, Liability, Health & Medicare Supplement (Medigap)
- Tax Planning & Diversification
- 401(k), 403(b), 457(b), TSP, IRA & Roth IRA Rollovers, Optimization, and Set-Ups
- Business Plans, Employee Benefits, Pensions, Social Security, Medicare
- Education Expense Funding

Let's Plan for Your Brighter Future

COMPLIMENTARY CONSULTATION · CALL OR SCAN

847-414-9116

sunnyfinancial.com

tom@sunnyfinancial.com

DIGITAL CARD

Financial Advisor with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services

Free Electronic Filling



TINO SIMON MUNDAPLACKIL

Phone: 630-635-3615

E-mail:tino@greatwaysinc.com

1001 E Chicago Ave, Suite 151

Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients

Home Visits Available




Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome

Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating
Better Business Bureau

കേരളത്തെ ലോകത്തിന്റെ ലക്ഷ്യസ്ഥാനമാക്കുമെന്ന് മുഖ്യമന്ത്രി

ന്യൂഡൽഹി: ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കേരളത്തെ ലോകത്തിന്റെ ലക്ഷ്യസ്ഥാനമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.

ഏറെ പ്രശംസിക്കപ്പെട്ട കേരള മാതൃക ഇപ്പോൾ മുന്നോട്ടു പോകാതെ നിൽക്കുകയാണ്. കേരളം ഒന്നാം സ്ഥാനത്തായിരുന്ന പല മേഖലകളിലും മറ്റ് സംസ്ഥാനങ്ങൾ ഇപ്പോൾ മുന്നിലെത്തി. പുതിയ വഴികൾ തേടി കേരളത്തെ വീണ്ടും ഈ മേഖലകളിൽ ഒന്നാമതാക്കണം.



ഡൽഹി കേരള ഹൗസിൽ നടന്ന കേരളപ്പിറവി ആഘോഷം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്നു. സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി ജി. ദേവരാജൻ, മന്ത്രി സണ്ണി ജോസഫ്, എൻ.കെ. പ്രേമചന്ദ്രൻ എംപി, ബാബു പണിക്കർ, അസി. റസിഡന്റ് കമ്മീഷണർ അശ്വതി ശ്രീനിവാസൻ എന്നിവർ സമീപം.

സംസ്ഥാനത്തെ ഏത് വിദൂര ഗ്രാമത്തിൽ പോയാലും വിവിധ മേഖലകളിൽ പ്രഗത്ഭരായവരെ കാണാൻ കഴിയുമെന്നും ലോകത്തിനു മുന്നിൽ അഭിമാനത്തോടെ അവതരിപ്പിക്കാൻ പറ്റിയ അസംഖ്യം യുവാക്കൾ നമുക്കുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ഡൽഹി കേരള ഹൗസിൽ കേരളപ്പിറവി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

അയ്യായിരം കോടി രൂപയാണ് ഒരു വർഷം നേഴ്സിങ് പഠനത്തിനായി സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നത്. ഇതിൽ മാറ്റം വരണം. തൊഴിൽ മേഖലയുടെ രീതി മാറുന്നതിനനുസരിച്ച് കരിക്കുലം മാറ്റണം. ഇതിനനുസൃതമായ അക്കാഡമിക് രീതി ഉണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വൈദ്യുതിമന്ത്രി സണ്ണി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് കേരളത്തിൽ തന്നെ ജോലി നല്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടണമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി ജി. ദേവരാജൻ അദ്ധ്യക്ഷനായി.

മന്ത്രിമാരായ ടി. സിദ്ദിഖ്, എം. ലിജു, എൻ.കെ. പ്രേമചന്ദ്രൻ എംപി, ഫൈസൽ ബാബു എംഎൽഎ, കേരള ഹൗസ് കൺട്രോളർ എ.എസ്. ഹരികുമാർ, മലയാളി സംഘടനാ പ്രതിനിധികളായ ബാബു പണിക്കർ, ടോണി കണ്ണമ്പുഴ, പി.വി. മാത്യു എന്നിവർ സംസാരിച്ചു.

പെൻഷൻബുക്ക് ഡിജിറ്റലാക്കുന്നു

തിരുവനന്തപുരം: വിരമിക്കൽ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ സർവീസ് ജീവനക്കാർക്കും അദ്ധ്യാപകർക്കും ഡിജിറ്റൽ സർവീസ് ബുക്ക് നിർബന്ധമാക്കി ധനവകുപ്പ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. സർവീസ്ബുക്ക് സമർപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനാണിത്.

സർവീസ് ബുക്കിന്റെ ഓരോ പേജും പരമാവധി 100 കെബി വലുപ്പത്തിൽ ഒറ്റ പിഡിഎഫ് ഫയലായി സ്കാൻ ചെയ്യണം. ഓഫീസ് മോവിയുടെ സാക്ഷ്യപത്രവും വെരിഫിക്കേഷൻ റിപ്പോർട്ടും ചേർത്ത് ഡിജിറ്റൽ സിഗ്നേച്ചർ മുഖേന ലോക്ക് ചെയ്ത് സ്പാർക്കിൽ അപലോഡ് ചെയ്യണം. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളിലോ ജീവനക്കാരുടെ കൈവശമോ നല്കി സ്കാൻ ചെയ്യാൻ പാടില്ല. ഓഫീസിലോ മേലധികാരിയുടെ ഓഫീസിലോ ഉള്ള സൗകര്യം മാത്രമേ ഇതിനായി ഉപയോഗിക്കാവൂ. ഇതിനുള്ള ചെലവ് ഓഫീസ് ഫണ്ടിൽനിന്ന് വഹിക്കണം.

ഡിസിപി അരുൺ കെ. പവിത്രന് കേന്ദ്രത്തിന്റെ ദക്ഷതാ പതക് പുരസ്കാരം



കൊച്ചി: കുറ്റാന്വേഷണ മികവിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 2026-ലെ കേന്ദ്രീയ ഗൃഹമന്ത്രി ദക്ഷതാ പതക് പുരസ്കാരത്തിന് കൊച്ചി സിറ്റി ക്രമസമാധാന വിഭാഗം ഡെപ്യൂട്ടി കമ്മീഷണർ അരുൺ കെ. പവിത്രൻ അർഹനായി.

സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷിക ദിനമായ ഒക്ടോബർ 31-ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ ഉത്തരവിലാണ് പുരസ്കാര ജേതാക്കളെ പ്രഖ്യാപിച്ചത്. കൊച്ചി ഡിസിപിയെ കൂടാതെ കേരളത്തിൽനിന്ന് തൃശൂർ റേഞ്ച് ഡിഐജി ടി. നാരായണൻ, ഇൻസ്പെക്ടർമാരായ പി.കെ. ജിജീഷ്, കെ. ആർ. രഞ്ജിത്, പി. വിഷ്ണു എന്നിവരും പുരസ്കാരത്തിന് അർഹരായി.

സ്പെഷൽ ഓപ്പറേഷൻസ്, കുറ്റാന്വേഷണം, ഫോറൻസിക് സയൻസ്, ഇന്റലിജൻസ് എന്നീ മേഖലകളിലെ മികച്ച പ്രവത്തനങ്ങൾ പരിഗണിച്ചാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വർഷംതോറും ഈ പുരസ്കാരം നൽകുന്നത്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നു കേന്ദ്ര അന്വേഷണ ഏജൻസികളിൽനിന്നുമായി കുറ്റാന്വേഷണ വിഭാഗത്തിൽ ആകെ 123 ഉദ്യോഗസ്ഥരാണ് ഇത്തവണ പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടത്.

വീണാ ജോർജിന് തിരിച്ചടിയായത് ഗൺമാന്റെ 'മൊഴിമാറ്റം'

കണ്ണൂർ: വീണാ ജോർജിനെ കെഎസ്യു പ്രവർത്തകർ ആക്രമിച്ചിട്ടില്ലെന്ന, എസ്ഐടിയുടെ കണ്ടെത്തലിലേക്കു വഴിതുറന്ന പ്രധാനഘടകം വീണയുടെ ഗൺമാനായിരുന്ന എം.എസ്. അഭിലാഷിന്റെ മൊഴിയാണ്. ഫെബ്രുവരി 25-ന് ആണ് കണ്ണൂർ റെയിൽവേ



സ്റ്റേഷനിൽ വീണാ ജോർജിനെതിരെ പ്രതിഷേധമുണ്ടായത്.

ആയുധങ്ങൾ ഉൾപ്പെടെ ഉപയോഗിച്ചു സമരക്കാർ വീണയെ വധിക്കാൻ ശ്രമിച്ചെന്നായിരുന്നു എഫ്ഐആർ. കരിങ്കൊടി കാണിച്ചും മുദ്രാവാക്യം വിളിച്ചും 'കൊല്ലെടാ' എന്ന് ആക്രോശിച്ചും വീണയ്ക്കുനേരെ ചാടിവീണ കെഎസ്യു പ്രവർത്തകർ എന്തോ ആയുധം ഉപയോഗിച്ചു കഴുത്തിൽ ആക്രമിച്ചെന്നാണ് ഗൺമാൻ അഭിലാഷ് അന്നു പരാതി നൽകിയത്.

കെഎസ്യു കണ്ണൂർ ജില്ലാ പ്രസിഡന്റ് എം.സി. അതുൽ, വി.വി. അക്ഷയ്, ബിതുൽ ബാലൻ, സി.എച്ച്. മുബാസ്, അഹമ്മദ് യാസിൻ എന്നിവർ 16 ദിവസം റിമാൻഡിലുമായി.

യുഡിഎഫ് സർക്കാർ അധികാരത്തിലെത്തിയതോടെ ടി.ഒ. മോഹനൻ എംഎൽഎ നൽകിയ പരാതിയിലാണ് എസ്ഐടി രൂപീകരിച്ചു പുനരന്വേഷണം നടത്തിയത്. ആയുധമുപയോഗിച്ച് ആക്രമിച്ചതു കണ്ടില്ലെന്നും പരാതിനൽകിയത് വീണാ ജോർജ് പറഞ്ഞിട്ടാണെന്നും അഭിലാഷ് എസ്ഐടിക്കു മൊഴിനൽകി. ഇതാണു വീണയ്ക്കു തിരിച്ചടിയായത്.

തന്നെ ആക്രമിക്കാനെത്തുന്നതു കണ്ടില്ലെന്നും ഗൺമാനാണു കണ്ടതെന്നുമാണ് എസ്ഐടിയോടു വീണ പറഞ്ഞത്.

അതേസമയം, വീണ ആക്രമിക്കപ്പെട്ടെന്ന നിലപാടിൽത്തന്നെയാണ് സിപിഎം. ആക്രമിക്കാനല്ലാതെ ബൊക്കെ നൽകാനാണോ കെഎസ്യു പ്രവർത്തകർ റെയിൽവേ സ്റ്റേഷനിൽ പോയതെന്ന് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം.വി. ജയരാജൻ ചോദിച്ചു. പ്രതിപക്ഷത്തിരുന്നു ചെയ്ത തെറ്റുകൾ ന്യായീകരിക്കാൻ പ്രത്യേക അന്വേഷണസംഘത്തെ രൂപീകരിക്കുകയാണെന്നും ജയരാജൻ ആരോപിച്ചു.

മമ്മൂട്ടി സൈബർ സുരക്ഷാ ക്യാപ്റ്റൻ

കൊച്ചി: സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ കുറ്റകൃത്യങ്ങൾ നടന്നശേഷം അന്വേഷിക്കുന്നതിനു പകരം അവ സംഭവിക്കുന്നതിനുമുമ്പ് ഫലപ്രദമായ പ്രതിരോധം തീർക്കണമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. 2027-ഓടെ സമ്പൂർണ സൈബർ പ്രതിരോധ കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ കേരള പോലീസിന്റെ സൈബർ വിഭാഗം രൂപകല്പന ചെയ്ത ക്ലിക്ക് (കമ്മ്യൂണിറ്റി ലെഡ് ഇനിഷ്യേറ്റീവ് ഫോർ സൈബർ റെസിലിയന്റ് കേരളം) സൈബർ സുരക്ഷാ പദ്ധതി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

നിർമിതബുദ്ധിയുടെ കാലത്ത് ജീവിക്കുമ്പോൾ സൈബർ കുറ്റകൃത്യങ്ങൾ പൂർണമായി ഇല്ലാതാക്കുക എളുപ്പമല്ല. നൂതനമായ പ്രതിരോധമാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ശക്തമായ പാസ്വേഡുകൾ ഉപയോഗിക്കുക, ആപ്പുകൾ കൃത്യസമയത്ത് അപ്ഡേറ്റ് ചെയ്യുക, ഡാറ്റ സുരക്ഷിതമായി സൂക്ഷിക്കുക, സംശയാസ്പദമായ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിനുമുമ്പ് ജാഗ്രത പാലിക്കുക തുടങ്ങിയ മുൻകരുതലുകളിലൂടെ സൈബർ തട്ടിപ്പുകൾ തടയാനാകും. തട്ടിപ്പിനിരയായാൽ ഉടൻ 1930 എന്ന സൈബർ ഹെൽപ്ലൈൻ നമ്പറിൽ വിവരം അറിയിക്കണമെന്നും മന്ത്രി നിർദേശിച്ചു.



ക്ലിക്ക് സൈബർ സുരക്ഷാ പദ്ധതി ഉദ്ഘാടനച്ചടങ്ങിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നടൻ മമ്മൂട്ടി ക്ലിക്ക് ക്യാപ്റ്റൻ തൊപ്പി അണിയിക്കുന്നു.

മൂന്നുമുതൽ ആഭ്യന്തരമന്ത്രിയുടെ ഓഫീസ് പൂർണമായും ഡിജിറ്റൈസ് ചെയ്യും. പൊതുജനങ്ങൾക്ക് പരാതികൾ സമർപ്പിക്കാനും അവയ്ക്ക് ഉടൻ മറുപടി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും കഴിയുന്ന സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

കൊച്ചി രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ നടൻ മമ്മൂട്ടിയെ കേരള പോലീസിന്റെ സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ പുതുതലമുറയിലെ ഓരോരുത്തരും ക്യാപ്റ്റന്മാരായി മാറണമെന്ന് മമ്മൂട്ടി പറഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട പത്തു വിദ്യാർത്ഥികൾക്ക് മമ്മൂട്ടി ക്ലിക്ക് ക്യാപ്റ്റൻ തൊപ്പി അണിയിച്ചു.

ഡിജിപി റവാഡ ആസാദ് ചന്ദ്രശേഖർ, എഡിജിപി പി. വിജയൻ, മേയർ വി.കെ. മിനിമോൾ, കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ആർ. നിശാന്തിനി, സൈബർ ഓപ്പറേഷൻസ് എസ്പി അങ്കിത് അശോകൻ തുടങ്ങിയവരും പങ്കെടുത്തു.

ചേരാനല്ലൂർ വാഹനാപകടം:

വാദം കേൾക്കുന്നത് അടച്ചിട്ട മുറിയിൽ


കൊച്ചി: ചേരാനല്ലൂർ വാഹനാപകട കേസിൽ പ്രോസിക്യൂഷനും മരിച്ച ജയബാലകൃഷ്ണന്റെ കുടുംബവും നേർക്കുനേർ. ഇരുകൂട്ടരും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉയർന്നതോടെ കേസ് കേൾക്കുന്നത് അടച്ചിട്ട മുറിയിലേക്ക് മാറ്റാൻ കോടതി നിർദ്ദേശിച്ചു. ജയബാലകൃഷ്ണനെ ഇടിച്ചിട്ട കാർ ഓടിച്ചിരുന്ന പതിനേഴുകാരന്റെ ജാമ്യം റദ്ദാക്കണമെന്ന അപ്പീൽ എറണാകുളം അഡീഷണൽ സെഷൻസ് കോടതിയാണ് പരിഗണിക്കുന്നത്. സ്വതന്ത്രമായി അന്വേഷണം നടത്താൻ സാധിക്കാത്ത വിധത്തിൽ ഇടപെടലുണ്ടാകുന്നുവെന്ന പ്രോസിക്യൂഷന്റെആരോപണം ഗുരുതരമാണെന്ന് കോടതി അഭിപ്രായപ്പെട്ടു. എന്നാൽ, തങ്ങൾ അന്വേഷണത്തിനു തടസ്സം നിൽക്കുകയോ ഇടപെടുകയോ ചെയ്യുന്നില്ലെന്ന് കുടുംബത്തിനു വേണ്ടി ഹാജരായ അഭിഭാഷകൻ പറഞ്ഞു.

കേസ് പരിഗണിക്കുന്നതിനിടെയാണ് പ്രോസിക്യൂഷൻ കുടുംബത്തിനെതിരെ കോടതിയിൽ പരാതി പറഞ്ഞത്. കേസ് സ്വതന്ത്രമായിനടത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രോസിക്യൂഷനെയും കോടതിയെയും അപമാനിക്കുന്ന പരാമർശങ്ങൾ നടത്തുന്നുവെന്നും പരാതി ഉയർന്നു. പ്രോസിക്യൂഷന്റെ ആരോപണം വളരെ ഗുരുതരമാണെന്ന് കോടതി പ്രതികരിച്ചു. ആരാണ് അന്വേഷണത്തിൽ അനാവശ്യമായി ഇടപെടുന്നതെന്ന് കോടതി ചോദിച്ചു. അന്വേഷണ ഏജൻസിയെ സമ്മർദ്ദത്തിലാക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. കഴിഞ്ഞ ഏഴ് വർഷമായി പ്രോസിക്യൂട്ടറായി ജോലി ചെയ്യുന്ന യാളാണ് അന്വേഷണ ഏജൻസിക്കു വേണ്ടി ഹാജരാകുന്നതെന്നും കോടതി പറഞ്ഞു. എന്നാൽ, പ്രോസിക്യൂഷനിൽനിന്ന് രേഖകൾ ലഭിക്കാൻപോലും ബുദ്ധിമുട്ടുന്നതായി കുടുംബത്തിന്റെ അഭിഭാഷകൻ പറഞ്ഞു. തങ്ങൾ പതിനേഴുകാരന്റെ പേരുവിവരങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. കുറച്ചു കാര്യങ്ങൾ വെളിപ്പെടുത്താനുണ്ടെന്നും എന്നാൽ തൽക്കാലം അതു പറയുന്നില്ലെന്നും അഭിഭാഷകൻ പറഞ്ഞു. ഇതോടെ പതിനേഴുകാരൻ ഉൾപ്പെട്ട കേസായതിനാലും നിലവിലെ സാഹചര്യങ്ങൾ പരിഗണിച്ചും വാദം കേൾക്കുന്നത് അടച്ചിട്ട മുറിയിലേക്ക് മാറ്റാമെന്ന് കോടതി അഭിപ്രായപ്പെടുകയായിരുന്നു. ജയബാലകൃഷ്ണന്റെ കുടുംബം ഇതിനെ എതിർത്തു. തുറന്ന കോടതിയിൽ തന്നെ വാദം കേൾക്കണമെന്നും കുടുംബം ആവശ്യപ്പെട്ടു.

കേസുമായി ബന്ധപ്പെട്ട് പ്രോസിക്യൂഷന്റെ ഭാഗത്ത് ഗുരുതര വീഴ്ച സംഭവിക്കുന്നതായി നേരത്തെ ജയബാലകൃഷ്ണന്റെ മകൾ ഭദ്രകീർത്തി ആരോപിച്ചിരുന്നു. പ്രതിയുടെ ജാമ്യം എന്തിനാണ് റദ്ദാക്കേണ്ടതെന്ന കോടതിയുടെ ചോദ്യങ്ങൾക്ക് കൃത്യമായ കാരണങ്ങൾ നിരത്താൻ പ്രോസിക്യൂട്ടർക്ക് കഴിഞ്ഞില്ലെന്നും നേരത്തെ അവർ ആരോപിച്ചിരുന്നു. അഡീഷണൽ ജഡ്ജിയുടെ മകനായ 17-കാരന് ജുവനൈൽ ജസ്റ്റിസ് ബോർഡ് അനുവദിച്ച ജാമ്യം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് പോലീസ് കോടതിയെ സമീപിച്ചത്. തുടർന്ന് ജയബാലകൃഷ്ണന്റെ കുടുംബവും ഇതിൽ കക്ഷിചേർന്നു. തുടക്കത്തിൽനല്കിയ ഹർജിയിൽ പതിനേഴുകാരന്റെ പേരുവിവരങ്ങൾ വെളിപ്പെടുത്തിയതുൾപ്പെടെ പ്രോസിക്യൂഷന്റെ വീഴ്ചയെ കോടതി വിമർശിച്ചിരുന്നു.

സീറോമലബാർ സഭയുടെ യൂറോപ്പിലെ വളർച്ചയെ മാർപാപ്പ പ്രശംസിച്ചു

വത്തിക്കാൻസിറ്റി: യൂറോപ്പിലുടനീളം സീറോമലബാർ സഭ കൈവരിച്ച ശ്രദ്ധേയമായ വളർച്ചയെ ലെയോ പതിനാലാമൻ മാർപാപ്പ പ്രശംസിച്ചു. ത്രികാല പ്രാർത്ഥനയ്ക്കു ശേഷം സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചുകൂടിയ തീർത്ഥാടകരെയും വിശ്വാസികളെയും അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു മാർപാപ്പ.



സീറോമലബാർ വിശ്വാസികളെയും അവരുടെ ഇടയന്മാരെയും സ്വാഗതം ചെയ്യുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പ്രിയ സുഹൃത്തുക്കളെ, യൂറോപ്പിലുടനീളം നിങ്ങളുടെ സമൂഹം കൈവരിച്ച വളർച്ചയ്ക്കായി, നിങ്ങളോടൊപ്പം ചേർന്ന് ഞാനും ദൈവത്തിന് നന്ദി അർപ്പിക്കുകയാണെന്ന് മാർപാപ്പ പറഞ്ഞു.

യൂറോപ്പിലുള്ള സീറോമലബാർ സഭാ വിശ്വാസികളുടെ ആത്മീയവും അജപാലനപരവുമായ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി വത്തിക്കാൻ നിയമിച്ച പ്രത്യേക സംവിധാനമായ സീറോമലബാർ സഭാ അപ്പസ്തോലിക് വിസിറ്റേഷൻ പത്തു വർഷം തികഞ്ഞ പശ്ചാത്തലത്തിലാണ് മാർപാപ്പയുടെ ഈ പ്രസ്താവനയെന്നത് ശ്രദ്ധേയമാണ്.


അപ്പസ്തോലിക് വിസിറ്റേഷന്റെ പത്താം വാർഷികാഘോഷങ്ങൾക്ക് റോമിൽ തുടക്കമായി. റോമിലെ ചരിത്രപ്രസിദ്ധമായ സാന്താ അനസ്തോസിയ ബസിലിക്കയിൽ സീറോമലബാർ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാന ഉണ്ടായിരുന്നു. വിശുദ്ധ കുർബാനയിൽ യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികൾ പങ്കെടുത്തു,

യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ കഴിയുന്ന സീറോമലബാർ വിശ്വാസികൾക്ക് ആരാധനാക്രമവും പൈതൃകവും നഷ്ടപ്പെടാതെ പ്രാർത്ഥനകൾക്കും വിശുദ്ധ കുർബാനയ്ക്കും സൗകര്യങ്ങൾ ഒരുക്കുക, മിഷൻ കേന്ദ്രങ്ങളും പുതിയ ഇടവകകളും രൂപീകരിക്കുക എന്നിവയാണ് അപ്പസ്തോലിക് വിസിറ്റേഷന്റെ പ്രധാന ലക്ഷ്യം.

പതിനെട്ടിന് താഴെയുള്ളവർക്ക് മദ്യം; നിയമനടപടിക്ക് ശുപാർശ

മാള: 18 വയസ്സിന് താഴെയുള്ളവർക്കു മദ്യം നൽകുന്നവർക്കെതിരെ ബാലനീതി നിയമ പ്രകാരം നടപടി സ്വീകരിക്കാൻ എക്സൈസ് വകുപ്പിന് അധികാരം നൽകണമെന്ന് കേന്ദ്ര സർക്കാരിനോടു സംസ്ഥാനം ശുപാർശ ചെയ്തതായി നികുതി വകുപ്പ് അറിയിച്ചു. പൊതുപ്രവർത്തകൻ ഷാന്റി ജോസഫ് തട്ടകത്ത് മുഖ്യമന്ത്രിക്കു നൽകിയ നിവേദനത്തിനുള്ള മറുപടിയിലാണ് നികുതി വകുപ്പ് വിഭാഗം അഡീഷനൽ ചീഫ് സെക്രട്ടറിക്കുവേണ്ടി അണ്ടർ സെക്രട്ടറി എം.ആർ. ധന്യ ഇക്കാര്യം വ്യക്തമാക്കിയത്. പ്രായപൂർത്തിയാകാത്തവർക്കു മദ്യം നൽകുന്നതു കുറ്റകരമാണെങ്കിലും നൽകിയവർക്കെതിരെ നടപടിയെടുക്കാൻ വകുപ്പിന് അധികാരമില്ലെന്ന് ഷാന്റി ജോസഫ് നൽകിയ നിവേദനത്തിന് ഡപ്യൂട്ടി എക്സൈസ് കമ്മീഷണർ സി.കെ. അനിൽകുമാർ മറുപടി നൽകിയിരുന്നു. തുടർന്നാണു മുഖ്യമന്ത്രിക്കു നിവേദനം നൽകിയത്. ഇതിനു പിന്നാലെയാണ് ബാലനീതി നിയമത്തിലെ 77-ാം വകുപ്പുപ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് എക്സൈസിനെ അധികാരപ്പെടുത്താൻ നിയമത്തിലോ ചട്ടത്തിലോ ഭേദഗതി വരുത്തണമെന്ന് സംസ്ഥാനം ശിപാർശ ചെയ്തത്.

പാസ്റ്റർ റ്റി. തോമസ് അന്തരിച്ചു



ഡാളസ്: ഈസ്റ്റ് ഡാളസ് (ക്രോസ് വ്യൂ) ചർച്ച് ഓഫ് ഗോഡ് സ്ഥാപകനും ചർച്ച് ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ റ്റി. തോമസ് (77) ഡാളസിൽ അന്തരിച്ചു. ദൈവസഭയിലെ സീനിയർ ശുശ്രൂഷകനായിരുന്ന എണ്ണിക്കാട്ട് പാസ്റ്റർ എ.റ്റി. തോമസ്-കുഞ്ഞമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ മറിയാമ്മ തോമസ്. മക്കൾ: ഷെറിൻ ജോർജ്, ക്രിസ്റ്റീന ജോർജ്, സ്റ്റീവൻ തോമസ്. മരുമക്കൾ: ഡോ. മിനു ജോർജ്, ഡോ. ജയ്സൻ ജോർജ്, ഷെറിൻ തോമസ്. സഹോദരങ്ങൾ: ഏബ്രഹാം തോമസ്-റോസമ്മ, വർഗീസ് തോമസ്-വത്സമ്മ, പരേതനായ ജോൺ തോമസ്-മേഴ്സി, ഗ്രേസി മാത്യു. ചർച്ച് ഓഫ് ഗോഡ് മിഡിൽ ഈസ്റ്റ് സൂപ്രണ്ട് റവ. സുശീൽ മാത്യു സഹോദരീ ഭർത്താവാണ്.

വാർത്ത: രാജൻ ആര്യപ്പള്ളിൽ

യോഗ്യതയില്ലാത്ത അദ്ധ്യാപകരെ തരം താഴ്ത്തും

തിരുവനന്തപുരം: നിശ്ചിത കാലയളവിനകം കെ-ടെറ്റ് നേടാമെന്ന ഉപാധിയോടെ പ്രഥമാദ്ധ്യാപകരായും മറ്റും സ്ഥാനക്കയറ്റം നല്കിയവരെ തിരിച്ചുവിളിക്കാൻ സർക്കാർ തീരുമാനം.

എൽ.പി. മുതൽ ഹൈസ്കൂൾ വരെ സ്ഥാനക്കയറ്റം നേടിയ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നൂറുകണക്കിന് അദ്ധ്യാപകരെയും ഉപജില്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരെയും ഇതു ബാധിക്കും. 2025 സെപ്റ്റംബർ ഒന്നിനോ ഇതിനു ശേഷമോ കെ-ടെറ്റ് ഇല്ലാത്ത അദ്ധ്യാപകരെ എയ്ഡഡ് സ്കൂളിൽ നിയമിച്ചിട്ടുണ്ടെങ്കിൽ അവരെ മാനേജർമാർ പുറത്താക്കണമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശമുണ്ട്.

കെ-ടെറ്റ് യോഗ്യത നേടാത്ത അദ്ധ്യാപകരെ നിയമിക്കരുതെന്നും സ്ഥാനക്കയറ്റം നല്കരുതെന്നുമാണ് 2025 സെപ്റ്റംബറിലെ സുപ്രീം കോടതി വിധി. സർക്കാർ പുനഃപരിശോധനാ ഹർജി നല്കിയെങ്കിലും അനുകൂല ഉത്തരവ് ലഭിച്ചില്ല. നിലവിൽ സർവീസിലുള്ളവർക്ക് യോഗ്യത നേടാൻ 2028 വരെ കോടതി കാലാവധി അനുവദിച്ചിട്ടുണ്ട്.

ഇതിനിടെ, നിശ്ചിത കാലയളവിൽ കെ-ടെറ്റ് നേടാത്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ എൽഡിഎഫ് സർക്കാർ അദ്ധ്യാപകർക്ക് അംഗീകാരവും സ്ഥാനക്കയറ്റവും നല്കാൻ ഉത്തരവിറക്കി. അത്തരം ഇളവുകളെല്ലാം റദ്ദാക്കിയാണ് പുതിയ ഉത്തരവിറക്കിയത്. കെ-ടെറ്റ് നേടാതെ ഹയർ സെക്കൻഡറിയിലേക്ക് സ്ഥാനംക്കയറ്റം നേടിപ്പോയ ഏതാനും അദ്ധ്യാപകരെയും ഉത്തരവ് ബാധിക്കും.

സുപ്രീംകോടതി വിധിയെത്തുടർന്ന് കെ-ടെറ്റില്ലാതെ തൊഴിൽപ്രശ്നം നേരിട്ട അരലക്ഷത്തിലേറെ അദ്ധ്യാപകരുണ്ടായിരുന്നു. ഈ വർഷം പ്രത്യേക പരീക്ഷയിൽ ഒട്ടേറെപ്പേർ യോഗ്യത നേടി. ഇതിനിടെ, സുപ്രീംകോടതിയിൽ തിരുത്തൽ ഹർജി നല്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചെങ്കിലും ഒരു നടപടിയുമുണ്ടായിട്ടില്ല.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 44
November 02, 2026

Chief Editor
K.M. Eapen

Executive Editor
Jose Kaniyaly

Managing Editors
Joseph Mathew
K.O. Jose, C.P.A.
Titus Eapen

Circulation Manager
Ajith Eapen

Office Administration
Anish Eapen

Legal Advisor
Selma C. D'souza

Manager
K.M. Thimothy

Overseas Office
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

Co-ordinating Editor
Mani Samuel

News Editor
Mini Mani

Graphics
Samuel Mani

Special Correspondent
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

മഹദ്വചനം

വിമർശനങ്ങൾ പുതിയ സൃഷ്ടിയുടെ തുടക്കമാണ്.

അരിസ്റ്റോട്ടിൽ

സ്നേഹമുള്ളിടത്ത് ജീവിതമുണ്ട്.

മഹാത്മാ ഗാന്ധി

TRUE LIGHT
CHRISTIAN ASSEMBLY

YOUTH PASTOR NEEDED!

HOUSTON, TX

True Light Christian Assembly (TLCA) is seeking a **dynamic and committed Youth Pastor** with a genuine passion for mentoring and discipling the next generation.

QUALIFICATIONS

- A **bachelor's or higher degree in Theology**
- Currently reside in the **USA**
- **Married** and Spouse should be supportive and willing to participate in youth ministry
- Strong **biblical foundation** and spiritual maturity
- Ability to **connect** with, mentor, and disciple youth
- Willingness to **actively engage** with youth beyond Sunday services

We are looking for a pastor with a **genuine heart to serve**, build meaningful relationships, and **invest in the spiritual growth** of our young people.

If you believe you are the right candidate and feel called to this ministry, please apply by submitting your **resume and references to:**
pastorsearch@tlcachurch.org

DEADLINE TO SUBMIT:
OCTOBER 19, 2026

ANTICIPATED START DATE:
LATE SUMMER 2027

For more information, visit our website:
tlcachurch.org

TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583

MEDICARE PLANS MADE SIMPLE

Your Medicare Questions Answered Your Benefits Explained

- ✓ Medicare Part B Premium Refund
- ✓ $0 PPO Plans
- ✓ Prescription Drug Coverage
- ✓ Dental, Vision & Hearing
- ✓ Worldwide Coverage
- ✓ Free Gym Coverage
- ✓ Extra Supplement Benefits



CONTACT

Raj Surendran, MBA

Senior Medicare Specialist

708-945-3985

rsurendran007@gmail.com

nella CONSULTING

ACCOUNTING | TAX | CONSULTING





FOR ALL YOUR PERSONAL AND BUSINESS TAX SERVICES



TOMY NELLAMATTAM, E.A.
Enrolled to Practice Before IRS

Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES

Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

ആഡംബരക്കാറിന്റെ വേഗവും സാധാരണക്കാരന്റെ ജീവനും

കേരളത്തിന്റെ റോഡുകളിൽ ആവർത്തിക്കുന്ന വാഹനാപകടങ്ങൾ കേവലം ഗതാഗത നിയമലംഘനങ്ങളുടെ ഫലമല്ല. പണവും പദവിയും സ്വാധീനവുമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വാഹനങ്ങൾ കൈകാര്യം ചെയ്യാനുള്ള സ്വാതന്ത്ര്യം നൽകുമ്പോൾ അതിനൊപ്പം ആവശ്യമായ ഉത്തരവാദിത്വബോധവും നിയമബോധവും വളർത്തുന്നുണ്ടോ എന്ന ചോദ്യവും ഇതോടൊപ്പം ഉയരുന്നു. പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് വാഹനത്തിന്റെ താക്കോൽ കൈമാറുന്നതും ലൈസൻസില്ലാത്തവരെ വാഹനമോടിക്കാൻ അനുവദിക്കുന്നതും അമിതവേഗവും സാഹസിക ഡ്രൈവിങ്ങും പ്രോത്സാഹിപ്പിക്കുന്നതും ചില കുടുംബങ്ങളിൽ ആഡംബരത്തിന്റെയും അഭിമാനത്തിന്റെയും ഭാഗമായി മാറുന്നുണ്ടോ? അങ്ങനെയെങ്കിൽ അതിന്റെ വിലനൽകേണ്ടിവരുന്നത് പലപ്പോഴും നിരപരാധികളായ വഴിയാത്രക്കാരും ഇരുചക്രവാഹന യാത്രക്കാരും അവരുടെ കുടുംബങ്ങളുമാണ്.

കൊച്ചിയിലെ ചേരാനെല്ലൂരിൽ അടുത്തിടെ ഉണ്ടായ അപകടം ഈ ചോദ്യങ്ങളെ കൂടുതൽ ഗൗരവത്തോടെ മുന്നിലെത്തിക്കുന്നു. ആഡംബര മെഴ്സിഡസ് ബെൻസ് കാർ ഓടിച്ചിരുന്നത് 17 വയസ്സുകാരനാണെന്നാണ് പ്രാഥമിക അന്വേഷണത്തിൽ പുറത്തുവന്ന വിവരം. വാഹനമിടിച്ച് സ്കൂട്ടറിൽ സഞ്ചരിച്ചിരുന്ന 55 വയസ്സുകാരനായ ജയബാലകൃഷ്ണൻ കൊല്ലപ്പെട്ടു. ചെറിയ ഭക്ഷണശാല അടച്ചശേഷം വീട്ടിലേക്ക് മടങ്ങുകയായിരുന്ന ആ മനുഷ്യന്റെ ജീവിതം ഒരു നിമിഷംകൊണ്ട് അവസാനിച്ചു. ഇതിനു മുമ്പ് നെടുമ്പാശ്ശേരിയിൽ ഉണ്ടായ മറ്റൊരു അപകടവും കേരളത്തെ നടുക്കിയിരുന്നു. അതിവേഗത്തിലെത്തിയ ആഡംബര കാർ സ്കൂട്ടറിൽ ഇടിച്ചുണ്ടായ അപകടത്തിൽ മൂന്ന് യുവാക്കൾക്ക് ജീവൻ നഷ്ടപ്പെട്ടു. ദേവിക, ഇയാസ്, ഗോപിക എന്നിവർ ഒരുമിച്ച് യാത്ര ചെയ്യുകയായിരുന്നു. ഇരുപത്തിയൊന്നുകാരായ ഇവർ ജോലി ചെയ്തിരുന്ന സ്ഥാപനത്തിലെ സഹപ്രവർത്തകരായിരുന്നു. കാർ ഓടിച്ചിരുന്നത് 19 വയസ്സുകാരനായിരുന്നു. മദ്യപാനം, അമിതവേഗം, വാഹനപ്പന്തയത്തിനുള്ള ശ്രമം എന്നിവയുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷണപരിധിയിലുണ്ട്. ഈ കേസിലും അന്തിമ ഉത്തരവാദിത്വം അന്വേഷണത്തിലൂടെയും കോടതിയിലൂടെയും മാത്രമേ നിർണയിക്കാനാകൂ. എന്നാൽ മൂന്ന് യുവജീവനുകൾ ഒരുമിച്ച് നഷ്ടപ്പെട്ടത് കേരളത്തിലെ അപകടകരമായ ഡ്രൈവിങ് സംസ്കാരത്തെക്കുറിച്ചുള്ള ശക്തമായ മുന്നറിയിപ്പാണ്. രണ്ട് അപകടങ്ങളിലും നിയമപരമായ സാഹചര്യങ്ങൾ വ്യത്യസ്തമാണെങ്കിലും പൊതുവായ ഒരു ആശങ്കയുണ്ട്: വാഹനത്തെ ഉത്തരവാദിത്വത്തോടെ ഉപയോഗിക്കേണ്ട ഗതാഗതോപാധിയായി കാണുന്നതിനുപകരം ചിലർ അതിനെ പണത്തിന്റെയും അധികാരത്തിന്റെയും പ്രദർശനോപാധിയായി കാണുന്നു. വാഹനം എത്ര വിലകൂടിയതാണെന്നതല്ല പ്രധാനം; അത് ഓടിക്കുന്നയാൾക്ക് ആവശ്യമായ പ്രായവും പരിശീലനവും ലൈസൻസും ഉത്തരവാദിത്വബോധവും ഉണ്ടോ എന്നതാണ്. ഇവിടെ മാതാപിതാക്കളുടെ ഉത്തരവാദിത്വം പ്രത്യേകം ചർച്ച ചെയ്യപ്പെടണം. ലൈസൻസില്ലാത്ത ഒരാൾക്ക് വാഹനം കൈമാറുന്നത് ചെറിയൊരു കുടുംബകാര്യമായി കാണാനാകില്ല. തെറ്റുകൾ ചെയ്യാതിരിക്കാൻ പഠിപ്പിക്കുകയും തെറ്റ് ചെയ്താൽ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ രക്ഷാകർതൃത്വം. കൊച്ചിയിലെ അപകടത്തിനു പിന്നാലെ പോലീസിന്റെ നടപടികളെക്കുറിച്ച് ഉയർന്ന പരാതികളും ഗൗരവമായി പരിശോധിക്കണം. കേസ് രജിസ്റ്റർ ചെയ്ത രീതി, തെളിവുകളുടെ സംരക്ഷണം, പ്രതിയെ കൈകാര്യം ചെയ്തതിലെ നിയമാനുസൃത നടപടികൾ, മരിച്ചയാളുടെ കുടുംബത്തിന് നീതി ഉറപ്പാക്കൽ എന്നിവയിൽ സുതാര്യത വേണം. പ്രതി പ്രായപൂർത്തിയാകാത്തയാളാണെന്ന കാരണത്താൽ ജുവനൈൽ നീതിന്യായ നിയമത്തിലെ സംരക്ഷണങ്ങൾ ബാധകമാകാം. എന്നാൽ അതിന്റെ അർത്ഥം നിയമലംഘനത്തിന്റെ ഗൗരവം അവഗണിക്കാമെന്നല്ല. കുട്ടിയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം ഇരയുടെ കുടുംബത്തിനും നീതി ഉറപ്പാക്കണം. മോട്ടോർവാഹന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം രക്ഷിതാവിന്റെയോ വാഹന ഉടമയുടെയോ ഉത്തരവാദിത്വവും പരിശോധിക്കപ്പെടണം. നിയമം എല്ലാവർക്കും ഒരുപോലെ നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയാണ് അന്വേഷണസംവിധാനങ്ങളുടെ കടമ. അപകടത്തിൽ മരിക്കുന്നവരിൽ പലരും സാധാരണ കുടുംബങ്ങളുടെ അത്താണികളാണ്. ചെറിയ കടകൾ നടത്തുന്നവർ, ദിവസവേതന തൊഴിലാളികൾ, സ്വകാര്യസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന യുവാക്കൾ, കുടുംബത്തിനുവേണ്ടി രാത്രി വൈകിയും യാത്ര ചെയ്യുന്നവർ - ഇവരുടെ ജീവനും ആഡംബരക്കാറുകളിൽ സഞ്ചരിക്കുന്നവരുടെ ജീവന് തുല്യമാണ്. ഒരു സമ്പന്നന്റെ മകന്റെ അശ്രദ്ധമൂലം ഒരു സാധാരണക്കാരന്റെ കുടുംബം തകർന്നാൽ നഷ്ടപരിഹാരം മാത്രം ആ നഷ്ടം നികത്തുകയില്ല. മൂന്ന് യുവാക്കളുടെ മരണം അവരുടെ കുടുംബങ്ങൾക്കുണ്ടാക്കുന്ന ശൂന്യതയും പണത്തിന്റെ കണക്കിൽ അളക്കാനാവില്ല. റോഡിൽ എല്ലാവർക്കും ഒരേ സുരക്ഷയും നിയമത്തിനു മുന്നിൽ എല്ലാവർക്കും ഒരേ ഉത്തരവാദിത്വവുമുണ്ടാകണം.

കേരളം സാക്ഷരതയിലും വിദ്യാഭ്യാസത്തിലും അഭിമാനിക്കുന്ന സംസ്ഥാനമാണ്. എന്നാൽ റോഡ് സുരക്ഷയുടെ കാര്യത്തിൽ ഉത്തരവാദിത്വമുള്ള പൗരബോധം വളർത്തുന്നതിൽ ഇനിയും കുറവുകളുണ്ട്. ഗതാഗതനിയമങ്ങൾ, അപകടസാധ്യതകൾ, മദ്യപാനത്തിന്റെ പ്രത്യാഘാതങ്ങൾ, കാൽനടയാത്രക്കാരുടെയും ഇരുചക്രവാഹന യാത്രക്കാരുടെയും സുരക്ഷ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം സ്കൂൾതലം മുതൽ ശക്തിപ്പെടുത്തണം. യുവാക്കളുടെ വാഹനതാൽപര്യം സുരക്ഷിതമായ പരിശീലനത്തിലേക്കും നിയന്ത്രിത വേദികളിലേക്കും നയിക്കണം; പൊതുനിരത്തുകളെ സാഹസിക പ്രകടനത്തിനുള്ള വേദിയാക്കാൻ അനുവദിക്കരുത്. വാഹനം ഓടിക്കാനുള്ള സ്വാതന്ത്ര്യം ഒരു അവകാശമാണെങ്കിൽ, മറ്റുള്ളവരുടെ ജീവൻ അപകടത്തിലാക്കാതിരിക്കാനുള്ള ഉത്തരവാദിത്വം അതിനേക്കാൾ വലിയ കടമയാണ്. ആ ബോധം കുടുംബങ്ങളിലും വിദ്യാലയങ്ങളിലും സമൂഹത്തിലും വരാത്തിടത്തോളം കേരളത്തിന്റെ റോഡുകൾ നിരപരാധികളുടെ കണ്ണീരിന് സാക്ഷിയാകേണ്ടിവരും.

ഹൈക്കോടതികളിൽ ജനങ്ങൾക്കുള്ള വിശ്വാസം ശക്തിപ്പെടുത്തണമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത്

കൊച്ചി: നീതി കിട്ടാൻ സുപ്രീം കോടതിയെ സമീപിക്കേണ്ടി വരുന്നില്ല എന്നുറപ്പാക്കാൻ ഹൈക്കോടതികളുടെ ഭാഗത്തു ശ്രമംവേണമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. കേരള ഹൈക്കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഹൈക്കോടതികളിലുള്ള കേസ് ഉടൻ പരിഗണിക്കണമെന്നാവശ്യപ്പെട്ടു ധാരാളം കേസുകൾ സുപ്രീംകോടതിയിൽ വരുന്നുണ്ട്. കോടതികളുടെ നിഷ്പക്ഷതയിൽ ജനങ്ങളുടെ വിശ്വാസം ഉറപ്പാക്കണമെങ്കിൽ തക്കനേരത്ത് ഇടപെടണമെന്നും അദ്ദേഹം പറഞ്ഞു.

ഭരണഘടനാപരമായ നീതിയുടെ തുടക്കവും ഒടുക്കവും സുപ്രീംകോടതിയിൽ അല്ല. അവകാശങ്ങളും നിയമവാഴ്ചയും സംരക്ഷിക്കാൻ ഇന്ത്യയിലെ 25 ഹൈക്കോടതികൾക്കും ബാധ്യതയുണ്ട്. ലഭിച്ചതു നീതിയോ അനീതിയോ എന്നറിയുന്നതു പലപ്പോഴും അന്തിമവിധിയിൽ നിന്നല്ല. വേണ്ടസമയത്ത് ഇടപെട്ടോ എന്നതിൽ നിന്നാണ്.

അടിയന്തര വിഷയം കണ്ടെത്താനും ലിസ്റ്റിങ് സുതാര്യമാക്കാനും സാങ്കേതികവിദ്യയുടെ സഹായത്തോടെ മുൻഗണന നിശ്ചയിക്കാനുമുള്ള സാധ്യതകൾ കോടതികൾ പരിഗണിക്കണം. ഭരണഘടനാ വിഷയങ്ങളിൽ പരിഹാരം ലഭ്യമാകുന്ന ആദ്യ പ്ലാറ്റ്ഫോം ആയ ഹൈക്കോടതികളിൽ ജനങ്ങൾക്കുള്ള വിശ്വാസം ശക്തിപ്പെടുത്താൻ ശ്രമം വേണമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു.

ഡിജിറ്റൽ സേവനങ്ങളിൽ ശ്രദ്ധേയ നേട്ടം കൈവരിക്കാൻ കേരള ഹൈക്കോടതിക്കു കഴിഞ്ഞതായി മുഖ്യപ്രഭാഷണം നടത്തിയ കേന്ദ്രമന്ത്രി അർജുൻ റാം മേഘ്വാൾ പറഞ്ഞു. ജസ്റ്റിസ് അന്ന ചാണ്ടി, ജസ്റ്റിസ് ഫാത്തിമ ബീവി തുടങ്ങിയവർ ഇന്ത്യയുടെ നീതിന്യായ വ്യവസ്ഥയ്ക്കു കേരളം നൽകിയ സംഭാവനയാണെന്നും അദ്ദേഹം പറഞ്ഞു.



കേരള ഹൈക്കോടതി പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉദ്ഘാടനം ചെയ്യുന്നു.

ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമെൻ സെൻ ചടങ്ങിൽ അദ്ധ്യക്ഷനായി. സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് എസ്.വി. ഭട്ടി, ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, അഡീഷണൽ സോളിസിറ്റർ ജനറൽ പി. ശ്രീകുമാർ, അഡ്വക്കറ്റ് ജനറൽ കെ. ജാജു ബാബു, ഹൈക്കോർട്ട് അഡ്വക്കറ്റ്സ് അസോസിയേഷൻ പ്രസിഡന്റ് പീയൂസ് എ. കൊറ്റം എന്നിവർ പ്രസംഗിച്ചു.

വളർത്തുമൃഗങ്ങളിലെ പകർച്ചവ്യാധി: പുതിയ ചട്ടങ്ങളുമായി സർക്കാർ

ന്യൂഡൽഹി: വളർത്തുമൃഗങ്ങളെ ബാധിക്കുന്ന പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ചട്ടങ്ങൾ കേന്ദ്രസർക്കാർ കർശനമാക്കി. 2010-ലെ ചട്ടങ്ങൾ റദ്ദാക്കി, പുതിയതു വിജ്ഞാപനം ചെയ്തു. രോഗനിരീക്ഷണം, റിപ്പോർട്ടിങ്, നിയന്ത്രണം എന്നിവയ്ക്കു 'ഭാരത് പശുധാൻ പോർട്ടൽ' ഏകീകൃത ഡിജിറ്റൽ സംവിധാനമാകും.


പേവിഷബാധ, ആന്ത്രാക്സ്, നിപ്പ, പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി, പശുക്കളിലും എരുമകളിലും പടരുന്ന ലംപി സ്കിൻ ഡിസീസ്, കുളമ്പ് രോഗം തുടങ്ങിയവ വിവിധ സംസ്ഥാനങ്ങളിൽ കണ്ടെത്തിയതോടെയാണ് ചട്ടങ്ങൾ കർശനമാക്കിയത്.

കന്നുകാലികളിലും മറ്റും ഗുരുതര രോഗങ്ങൾ പടരുന്ന വിവരം അധികൃതരെ നിശ്ചിത സമയത്തിനുള്ളിൽ അറിയിക്കാതിരിക്കുന്നവർക്കു പിഴയും തടവും പുതിയ ചട്ടത്തിലുണ്ട്. ചത്ത മൃഗങ്ങളുടെ ജഡമോ അവശിഷ്ടമോ നദിയിലോ കനാലിലോ തള്ളുന്നത് ഒരു മാസം തടവുശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. 5,000 രൂപവരെ പിഴയും ചുമത്തും. മൃഗങ്ങൾക്കു പകർച്ചവ്യാധി ബാധിച്ചിട്ടുണ്ടെങ്കിൽ പ്രദേശത്തെ വില്ലേജ് ഓഫീസർ വെറ്ററിനറി ഡോക്ടറെ വിവരമറിയിക്കണം. വെറ്ററിനറി ഡോക്ടർ സാഹചര്യം വിലയിരുത്തി വിവരം പശുധാൻ പോർട്ടലിലൂടെ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപെടുത്തണം.

വാക്സിനേഷന്റെ ഉൾപ്പെടെ വിവരങ്ങളും പോർട്ടലിൽ റിപ്പോർട്ട് ചെയ്യണം. കന്നുകാലികൾക്കും കോഴി, താറാവ്, തുടങ്ങിയവയ്ക്കു പുറമേ, മത്സ്യം, തേനീച്ച, മുയൽ, കുതിര, പന്നി തുടങ്ങിയവയ്ക്കു പടരുന്ന പകർച്ചവ്യാധികളുടെ കാര്യത്തിലും ഈ ചട്ടങ്ങൾ ബാധകമാണ്.

കഴിഞ്ഞ ഓഗസ്റ്റിൽ കരട് പ്രസിദ്ധീകരിച്ചിരുന്നു. ഇതിൻമേലുള്ള നിർദേശങ്ങളും അഭിപ്രായങ്ങളും പരിശോധിച്ചശേഷം വിജ്ഞാപനം ചെയ്ത ചട്ടങ്ങൾ നവംബർ ഒന്നു മുതൽ പ്രാബല്യത്തിലായി.

ഇന്ദർപാൽ സിങ് വാലിയ വ്യോമസേന ഉപമേധാവി



ന്യൂഡൽഹി: എയർ മാർഷൽ ഇന്ദർപാൽ സിങ് വാലിയ വ്യോമസേനാ ഉപമേധാവിയാകും. നിലവിലെ ഉപമേധാവി അശുതോഷ് ദീക്ഷിത് വ്യോമസേനാ മേധാവിയാകുന്ന ഒഴിവിലാണു നിയമനം. എയർ മാർഷൽ വാലിയ നാഷണൽ ഡിഫൻസ് അക്കാദമിയിൽ പഠിച്ച ശേഷം 1988 മുതൽ വ്യോമസേനയിലുണ്ട്. ഡയറക്ടറേറ്റ് ഓഫ് എയർ സ്റ്റാഫ് ഇൻസ്പെക്ഷൻ മേധാവി, ജപ്പാനിലും ദക്ഷിണ കൊറിയയിലും ഇന്ത്യൻ എംബസികളിൽ ഡിഫൻസ് അറ്റാഷെ തുടങ്ങിയ പദവികൾ വഹിച്ചു.

JV BUILT
GENERAL CONTRACTOR

BUILT ON TRUST.
FOCUSED ON QUALITY.

From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.

RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES



OUR EXPERTISE



WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.



FLOORING
Durable. Stylish. Built to last. Installed right.



ROOFING
Quality roofing that protects what matters most.




PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.



630-544-7951 jvbuilt1@gmail.com Proudly Serving the Chicago Land Area

BUILDING TRUST. DELIVERING EXCELLENCE.

ONE CONTRACTOR.
COMPLETE SOLUTIONS.
Remodeling · Additions · Repairs · Maintenance · And More



JAIBU MATHEW KULANGARA
& ASSOCIATES

For Personal & Business
TAX SERVICE

Jaibu Mathew Kulangara, E.A.
Entrolled to Practice before IRS

Christine Mathew
Lead Associate

7215 W.Touhy,
Suite 6
CHICAGO, IL 60631

773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX

E-mail:tax@jaibu.com
Web:www.jaibu.com



Free Electronic Filing

ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പ്:

ബാങ്കുകൾക്കും ഉത്തരവാദിത്തമുണ്ടെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: സൈബർ തട്ടിപ്പുകളിലും ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകളിലും ഉപയോക്താക്കൾക്കു നഷ്ടപ്പെടുന്ന പണത്തിന് ബാങ്കുകൾക്കും ഉത്തരവാദിത്വമുണ്ടെന്ന് സുപ്രീംകോടതി. ബാങ്കുകളുടെ ജാഗ്രതക്കുറവ് മൂലമാണു തട്ടിപ്പ് നടന്നതെന്നു കണ്ടെത്തിയാൽ നഷ്ടപ്പെട്ട തുക ബാങ്കുകൾ ഉപഭോക്താവിനു നഷ്ടപരിഹാരമായി നൽകുന്ന രീതിയിലുള്ള നിർദേശം പുറപ്പെടുവിക്കുന്നത് പരിഗണനയിലാണെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

ഉപയോക്താവിന്റെ സ്ഥിരം ഇടപാട് ശീലങ്ങൾക്കു വിരുദ്ധമായി വലിയ തുക മാറ്റാൻ ശ്രമിക്കുമ്പോൾ ബാങ്കുകൾക്ക് ഇടപെടാൻ സാധിക്കണം. സാമ്പത്തികസ്ഥാപനങ്ങൾ ഉപഭോക്താക്കളുടെ സംരക്ഷണകവചമായി പ്രവർത്തിക്കണമെന്നും സുപ്രീംകോടതി ആവശ്യപ്പെട്ടു.

നിരവധി മുന്നറിയിപ്പുകൾ നൽകിയിട്ടും ഇന്ത്യയിൽ ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ വ്യാപകമായി തുടരുന്നതിൽ ബെഞ്ച് കടുത്ത അതൃപ്തിയും പ്രകടിപ്പിച്ചു. ഡിജിറ്റൽ അറസ്റ്റുമായി ബന്ധപ്പെട്ട് സ്വമേധയാ സ്വീകരിച്ച കേസ് പരിഗണിക്കവെയാണു കോടതിയുടെ നിർണായക നിർദേശങ്ങൾ.

എഐയുടെ ഉപയോഗം: വ്യക്തിഗത അക്കൗണ്ടുകളെയും കൊമേഴ്സ്യൽ അക്കൗണ്ടുകളെയും വേർതിരിച്ചു കാണണം. അസാധാരണമായി വലിയ തുകകളുടെ കൈമാറ്റം നടക്കുമ്പോൾ നിർമിതബുദ്ധി (എഐ)യുടെ സഹായത്തോടെ തട്ടിപ്പുകൾ തടയാൻ ബാങ്കുകൾ മുൻകൈയെടുക്കണം. ഇടപാടുകൾ തടഞ്ഞുവെക്കൽ: അക്കൗണ്ടുടമയുടെ പതിവ് ഇടപാടുകളിൽനിന്നു വ്യത്യസ്തമായ നീക്കങ്ങൾ ഉണ്ടായാൽ അതു താത്കാലികമായി തടഞ്ഞുവെക്കാനും ആധികാരികത ഉറപ്പാക്കിയശേഷം മാത്രം പണം കൈമാറാനുമുള്ള സംവിധാനം പരിശോധിക്കണം.

വ്യാജ അക്കൗണ്ടുകൾക്കെതിരേ കർശന നടപടി: തട്ടിപ്പുകൾക്കായി ഉപയോഗിക്കുന്ന വ്യാജ അക്കൗണ്ടുകൾ (മ്യൂൾ അക്കൗണ്ടുകൾ) വഴിയുള്ള പണമിടപാടുകൾ കർശനമായി തടയേണ്ടതിന്റെ ആവശ്യകതയും കോടതി ചൂണ്ടിക്കാട്ടി. ഇവയെല്ലാമാണ് കോടതി മുന്നോട്ടുവെച്ച പ്രധാന നിർദേശങ്ങൾ.

ആർട്ടിക് ഗവേഷണ സംഘത്തിൽ മലയാളിയും



കൊച്ചി: കാലാവസ്ഥാവ്യതിയാനവും സമുദ്രത്തിലെ മാറ്റങ്ങളും സംബന്ധിച്ച് നിർണായക വിവരങ്ങൾ തേടിയുള്ള ഇന്ത്യയുടെ ആർട്ടിക് ഗവേഷണദൗത്യത്തിൽ പങ്കാളിയായി കൊച്ചി ജെയിൻ സർവകലാശാലയിലെ അദ്ധ്യാപിക. കേന്ദ്ര ഭൗമശാസ്ത മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് സംഘടിപ്പിച്ച 17-ാമത് ഇന്ത്യൻ ആർട്ടിക് ദൗത്യസംഘത്തിനൊപ്പമായിരുന്നു മറൈൻ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രഫസർ ഡോ. പി. ലക്ഷ്മിദേവി പ്രവർത്തിച്ചത്. ഒരു മാസം നീണ്ടുനിന്ന ഗവേഷണം പൂർത്തിയാക്കിയ ഇവർ കൊച്ചിയിൽ മടങ്ങിയെത്തി.

ചേരാനെല്ലൂർ വാഹനാപകടം: കമ്മീഷണറെ മാറ്റി

ആർ. നിശാന്തിനിയ്ക്ക് പുതിയ ചുമതല

കൊച്ചി: ചേരാനെല്ലൂർ വാഹനാപകടക്കേസിൽ നടപടിയെടുക്കുന്നതിലുണ്ടായ വീഴ്ചയെത്തുടർന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ്. കാളിരാജ് മഹേഷ് കുമാറിനെ നീക്കി. ദക്ഷിണമേഖലാ ഐജി ആർ. നിശാന്തിനിയെ പുതിയ സിറ്റി പോലീസ് കമ്മീഷണറായി നിയമിച്ച് ഉത്തരവിറങ്ങി. കാളിരാജ് മഹേഷിനു പകരം ചുമതല നൽകിയിട്ടില്ല. ഇതോടൊപ്പം പി. പ്രകാശിനെ പുതിയ ദക്ഷിണമേഖലാ ഐജിയായും നിയമിച്ചു. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയുടെ നിർദേശപ്രകാരമാണ് നടപടി.

അഡീഷണൽ ജഡ്ജിയുടെ മകനായ 17-കാരൻ ഓടിച്ച ബെൻസ് കാറിടിച്ച് 55-കാരൻ മരിച്ച കേസിൽ പോലീസിനു വീഴ്ചയുണ്ടായെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയുടെ തുറന്നുപറച്ചിലിനു പിന്നാലെയാണ് കൊച്ചി സിറ്റി പോലീസ് കമ്മീഷണറും തെറിച്ചത്. ജാമ്യം ലഭിക്കുന്ന വകുപ്പുകൾ മാത്രം ചുമത്തിയാണ് ആദ്യം കേസെടുത്തത്. സിറ്റി പോലീസ് കമ്മീഷണർ എന്ന നിലയിൽ സംഭവത്തിൽ ഇടപെടുന്നതിൽ കാളിരാജ് മഹേഷ് കുമാറിനു വീഴ്ചയുണ്ടായതായി രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് നൽകിയിരുന്നു. എഡിജിപി പി. വിജയൻ നേരിട്ടെത്തി നടത്തിയ പരിശോധനയിൽ പോലീസിന്റെ ഭാഗത്തുനിന്ന് വലിയ വീഴ്ചകൾ സംഭവിച്ചതായും കണ്ടെത്തി. ഒക്ടോബർ 27-ന് ചൊവ്വാഴ്ച മൊഴിയെടുക്കാൻ വന്ന പോലീസ് കോടതിയുടെ അനുമതി വാങ്ങിയിരുന്നില്ല.



ആർ. നിശാന്തിനി

'സരൾ കേരളം ബിൽ' നിയമസഭ പാസാക്കി

തിരുവനന്തപുരം: നിക്ഷേപങ്ങൾക്കു കാലതാമസമില്ലാതെ അനുമതി നൽകാനും കേരളത്തെ നിക്ഷേപസൗഹൃദമാക്കാനും ലക്ഷ്യമിട്ടുള്ള സരൾ കേരളം ബിൽ നിയമസഭ പാസാക്കി. കേരളത്തിന്റെ വ്യവസായവളർച്ചയ്ക്കു വഴിയൊരുക്കുന്ന വിപ്ലവകരമായ ബില്ലാണിതെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. നിക്ഷേപങ്ങൾക്കു വിവിധ വകുപ്പുകൾ അനുമതി നൽകുന്നതിനു സമയം നിശ്ചയിക്കും. സമയബന്ധിതമായി പ്രവർത്തിക്കാത്തവർ ഉത്തരം പറയേണ്ടി വരും. ബിഎംഡബ്ല്യു കാർ നിർമിക്കാൻ മുൻപു കേരളത്തിൽ വന്നവർ ഓടിയ വഴിക്കു പുല്ലുപോലും മുളച്ചിട്ടില്ല. ആ കാലം മാറിയെന്നും കേരളത്തിലേക്കു നിക്ഷേപങ്ങൾ വരുമെന്നും അദ്ദേഹം പറഞ്ഞു.

ഏകജാലകത്തിലൂടെ നിക്ഷേപങ്ങൾക്ക് അനുമതി നൽകാൻ നേരത്തേയുണ്ടായിരുന്ന സംവിധാനത്തിനു തടസ്സം സൃഷ്ടിക്കുന്ന വ്യവസ്ഥകളാണു ബില്ലിലുള്ളതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആരോപിച്ചു. ബിൽ ജനാധിപത്യവിരുദ്ധമാണെന്നാരോപിച്ചു പ്രതിപക്ഷം സഭയിൽ നിന്നിറങ്ങിപ്പോയി.

വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ നീക്കാൻ ഒരുവിധ വ്യവസ്ഥയുമില്ലാതെ മൂന്നരവർഷത്തേക്ക് അനുമതി നൽകിയവരാണ് ബില്ലിനെ എതിർത്തു മുദ്രാവാക്യം വിളിക്കുന്നതെന്ന് ബിൽ അവതരിപ്പിച്ച മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി തിരിച്ചടിച്ചു. 'ഒരു സംസ്ഥാനം, ഒരു അനുമതി, ഒരു രേഖ' എന്ന നയത്തിലൂന്നി ലൈസൻസുകളും അനുമതികളും അതിവേഗം ഏകജാലകത്തിലൂടെ ലഭ്യമാക്കും. ഇതിനായി ഏകീകൃത അതോറിറ്റി വരും. 25 കോടി രൂപ മുതൽ 50 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ജില്ലാതല സമിതിയും 50 കോടിക്കു മുകളിലുള്ളവയ്ക്ക് സംസ്ഥാന സമിതിയും അനുമതി നൽകും.

ശിപാർശ ലഭിച്ചാൽ ഓരോ വകുപ്പും നിശ്ചിത ദിവസത്തിനകം പരിശോധന പൂർത്തിയാക്കി മറുപടി നൽകണം. പിന്നാലെ അപ്രൈസൽബോഡി വിലയിരുത്തി സമിതിയുടെ മുൻപാകെവെച്ച് അനുമതി നൽകും. വകുപ്പുകൾക്കുള്ള വിയോജിപ്പുകൾ പരിഹരിക്കാൻ അപ്പീൽ സംവിധാനം എന്നിവയാണ് ബില്ലിലെ വ്യവസ്ഥകൾ.

നാല് പോലീസുകാർക്ക് സസ്പെൻഷൻ

കൊച്ചി: ചേരാനെല്ലൂരിൽ പതിനേഴുകാരൻ ഓടിച്ച ബെൻസ് കാറിടിച്ചു സ്കൂട്ടർയാത്രികൻ മരിച്ച കേസിൽ വീഴ്ച വരുത്തിയ നാല് പോലീസ് ഉദ്യോഗസ്ഥർക്കു സസ്പെൻഷൻ. ചേരാനെല്ലൂർ സ്റ്റേഷൻ സിഐ കെ.എസ്. ശ്യാംകുമാർ, എസ്എച്ച്ഒ വി.എസ്. വിശ്വജിത്ത്, എഎസ്ഐ കെ.ടി. മനോജ്, സീനിയർ സിവിൽ പോലീസ് ഓഫീസർ അരുൺ ജോഷി എന്നിവരെയാണു സസ്പെൻഡ് ചെയ്തത്. നിയമസഭയിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയാണ് ഇക്കാര്യം അറിയിച്ചത്. അപകടത്തിനു പിന്നാലെ പ്രതിയായ പതിനേഴുകാരന് സ്റ്റേഷൻ ജാമ്യം നൽകിയതോടെയാണ് കേസിൽ പോലീസിന്റെ വീഴ്ച പുറത്തുവന്നത്. പ്രതിയുടെ പിതാവ് അഡീഷണൽ ജില്ലാ ജഡ്ജിയായതിനാൽ പോലീസ് നീതി നിഷേധിക്കുകയാണെന്ന് ജയബാലകൃഷ്ണന്റെ കുടുംബം ആരോപിച്ചു. സംസ്കാര ചടങ്ങുകൾക്കുശേഷം മക്കളും ബന്ധുക്കൾക്കും ചേരാനെല്ലൂർ പോലീസ് സ്റ്റേഷനു മുന്നിൽ ശക്തമായ പ്രതിഷേധമുയർത്തി. സമരം സർക്കാരിനേയും പോലീസിനേയും ഒരുപോലെ വെട്ടിലാക്കിയതോടെ സംഭവം നടന്ന് മൂന്നാംനാൾ പോലീസിന്റെ വീഴ്ച സമ്മതിച്ച് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തത്. ജനരോഷം ശക്തമായതോടെ കേസിൽ പോലീസ് അന്വേഷണം വേഗത്തിലാക്കിയിട്ടുണ്ട്. അന്വേഷണ സംഘം ആലുവയിലെ ഫ്ളാറ്റിലെത്തി പതിനേഴുകാരന്റെ മൊഴി രേഖപ്പെടുത്തി. ഇയാളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ടു കോടതിയെ സമീപിച്ചതിനുപുറമേ വാഹന ഉടമയായ അഡീഷണൽ ജില്ലാ ജഡ്ജിക്കെതിരെ കേസെടുത്ത വിവരം ഹൈക്കോടതി രജിസ്ട്രാറെ അറിയിക്കുകയും ചെയ്തു.





21TH DEATH ANNIVERSARY

Nov. 3rd 2026



EAPEN YOHANNAN (RAJU)

POYIAKAL, KUNNAMTHANAM, THIRUVALLA

Inserted by:
Loving wife: ***Alice***
Elmont (New York)
Children: ***Sherry & Lija***
Raja & Shija
Grand children: ***Reuben, Yohan,***
Eathan & Eva
Dear & Near Ones



ഫോം 6,7,8 മാറ്റാൻ തെരഞ്ഞെടുപ്പു കമ്മീഷന് അധികാരമില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള നിർദിഷ്ട ഫോമുകളിൽ (ഫോം 6, 7, 8) സ്വന്തം നിലയ്ക്കു മാറ്റം വരുത്താൻ തെരഞ്ഞെടുപ്പു കമ്മീഷന് യാതൊരുവിധ അധികാരവുമില്ലെന്ന് സുപ്രീംകോടതി. ഡൽഹിയിലെ വോട്ടർപട്ടിക സമഗ്രമായി പുതുക്കുന്നതുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കവെയാണ് സുപ്രീംകോടതിയുടെ സുപ്രധാന ഇടപെടൽ. നേരത്തേതന്നെ വോട്ടർപട്ടികയിൽ പേരുള്ളവരെ വീണ്ടും പട്ടികയിൽ ഉൾപ്പെടുത്താനായി എന്തിനാണ് പുതിയ വോട്ടർമാർക്കുള്ള ഫോം 6 പൂരിപ്പിച്ചു നൽകാൻ ആവശ്യപ്പെടുന്നതെന്ന് കോടതി ചോദിച്ചു.

ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മാല്യ ബാഗ്ചി, വി. മോഹന എന്നിവരടങ്ങിയ മൂന്നംഗ ബെഞ്ചാണു ഹർജികൾ പരിഗണിച്ചത്. ഫോം 6, 7, 8 എന്നിവ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള നിർദിഷ്ട മാതൃകകളാണെന്നും അവയിൽ യാതൊരുവിധ തിരുത്തലുകളും മാറ്റങ്ങളും വരുത്താൻ കമ്മീഷനു സാധിക്കില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

ഡൽഹിയിൽ അടുത്ത കാലത്തൊന്നും തെരഞ്ഞെടുപ്പുകൾ നടക്കാനിരിക്കാത്ത സാഹചര്യത്തിൽ എന്തിനാണ് അപേക്ഷകൾ സമർപ്പിക്കാൻ ഒക്ടോബർ 30 എന്ന അവസാന തീയതി കമ്മീഷൻ തിടുക്കപ്പെട്ടു നിശ്ചയിച്ചതെന്നും കോടതി ചോദിച്ചു. പട്ടികയിൽ പേര് പുനഃസ്ഥാപിക്കുന്നതിന് കർശനമായ ഒരു സമയപരിധി നിശ്ചയിക്കരുതെന്ന് കമ്മീഷനോടു നിർദേശിച്ച ബെഞ്ച്, വിവിധ കാരണങ്ങളാൽ വിവരശേഖരണഫോമുകൾ നൽകാൻ കഴിയാതെപോയ വോട്ടർമാർക്കായി ലളിതമായ ഒരു ബദൽ പരിഹാരം കണ്ടെത്താൻ കമ്മീഷനോട് ആവശ്യപ്പെട്ടു. മുമ്പ് വോട്ടർപട്ടികയിൽ ഉണ്ടായിരുന്ന ഒരാളുടെ പേര് പിന്നീട് ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ പ്രത്യേക സാഹചര്യം പരിഗണിച്ചുള്ള പോംവഴിയാണു കാണേണ്ടത്. അല്ലാതെ, അവരെ പുതിയ വോട്ടർമാരുടെ പട്ടികയിൽപ്പെടുത്തി ബുദ്ധിമുട്ടിക്കുകയല്ല വേണ്ടതെന്നും കോടതി ശാസിച്ചു.

ബിഹാറിലെ എസ്ഐആർ നടപടിയുടെ സാധുത കോടതി നേരത്തേ ശരിവെച്ചിരുന്നെങ്കിലും പൊരുത്തക്കേടുകൾ ചൂണ്ടിക്കാട്ടി വോട്ടർമാരെ ഒഴിവാക്കുന്നതിന് തെരഞ്ഞെടുപ്പു കമ്മീഷൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ കാര്യത്തിൽ തീരുമാനമെടുത്തിരുന്നില്ലെന്ന് കോടതി വ്യക്തമാക്കി.

എസ് ഐ ആറിന്റെ ഓരോ ഘട്ടവും സുപ്രീംകോടതി പരിശോധിച്ച് ശരിവെച്ചിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പു കമ്മീഷന്റെ അഭിഭാഷകൻ സുപ്രീംകോടതിയിൽ പറഞ്ഞപ്പോഴായിരുന്നു ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ബെഞ്ചിന്റെ പരാമർശം. എസ്ഐആർ നടപടികളിൽ ഉയരുന്ന ചോദ്യത്തിന്റെ എല്ലാം അന്തിമ തീരുമാനമല്ല ബിഹാർ എസ്ഐആർ കേസെന്നും കോടതി വ്യക്തമാക്കി.

വ്യാജ കായിക സർട്ടിഫിക്കറ്റ്: രണ്ട് മലയാളികളെ ബിഎസ്എഫ് പുറത്താക്കി

തിരുവനന്തപുരം: ദേശീയ മത്സരങ്ങളിലെ മെഡൽ ജേതാക്കളെന്ന പേരിൽ ഇന്ത്യൻ അത്‌ലറ്റിക്സ് ഫെഡറേഷന്റെ വ്യാജ സർട്ടിഫിക്കറ്റുകൾ നിർമിച്ചുനൽകുന്ന റാക്കറ്റ് കേരളത്തിൽ സജീവമാകുന്നു.

ദേശീയ സീനിയർ അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പിലെ വ്യാജ മെഡൽ സർട്ടിഫിക്കറ്റുമായി ബോർഡർ സെക്യൂരിറ്റി ഫോഴ്സിൽ (ബിഎസ്എഫ്) സ്പോർട്സ് കോട്ടയിൽ ജോലിനേടിയ രണ്ട് മലയാളികളെ സേനയിൽ നിന്നു പുറത്താക്കി.

തൃശൂർ സ്വദേശി വിജയ് കൃഷ്ണ, ആലപ്പുഴ സ്വദേശി ഡാനി ജേക്കബ് എന്നിവരാണു വ്യാജസർട്ടിഫിക്കറ്റുമായി കഴിഞ്ഞവർഷം ബിഎസ്എഫിൽ കോൺസ്റ്റബിൾ നിയമനം നേടിയത്. 2024 ജൂണിൽ ചെന്നൈയിൽ നടന്ന 61-ാമത് ദേശീയ സീനിയർ അത്‌ലറ്റിക്സിൽ വിവിധ ഇനങ്ങളിലായി വെള്ളി മെഡൽ നേടിയെന്ന സർട്ടിഫിക്കറ്റാണ് ഫെഡറേഷൻ ഭാരവാഹികളുടെ ഒപ്പ് സഹിതം ഇവർ ഹാജരാക്കിയത്. സർട്ടിഫിക്കറ്റിലെ വിവരങ്ങൾ സ്ഥിരീകരിക്കുന്ന, കേരള അത്‌ലറ്റിക്സ് അസോസിയേഷൻ സെക്രട്ടറിയുടെ വ്യാജ കത്തും ഇതിനൊപ്പം സമർപ്പിച്ചു.

ന്യൂഡൽഹിയിലെ 25-ാം ബറ്റാലിയനിൽ ജോലിനേടിയ രണ്ടുപേരുടെയും ഒറിജിനൽ സർട്ടിഫിക്കറ്റിൽ സംശയം തോന്നിയ ബിഎസ്എഫ് അധികൃതർ, അത്‌ലറ്റിക്സ് അസോസിയേഷൻ ഭാരവാഹികളെ ബന്ധപ്പെട്ടപ്പോഴാണ് തട്ടിപ്പിന്റെ വിവരം പുറത്തറിയുന്നത്.

വ്യാജ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന മത്സരം 2024-ൽ നടന്നിട്ടില്ല. ആ വർഷം മേയിൽ ഹരിയാനയിൽ നടന്ന സീനിയർ ചാംപ്യൻഷിപ്പിൽ ഇരുവരും മത്സരിച്ചിട്ടുമില്ല. മത്സര സർട്ടിഫിക്കറ്റിനൊപ്പം കേരള അസോസിയേഷൻ സെക്രട്ടറിയുടെ പേരിലുള്ള സാക്ഷ്യപത്രവും ഒപ്പും കൃത്രിമമായി ചമച്ചതാണെന്നും വ്യക്തമായി.

വ്യാജ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ വ്യാപകമായി നിർമിച്ചുനൽകുന്ന മലയാളിസംഘത്തെക്കുറിച്ചു വിവിധ ഡിപ്പാർട്മെന്റുകളിൽനിന്ന് പരാതികൾ ലഭിച്ചെന്ന് അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ സീനിയർ വൈസ് പ്രസിഡന്റ് അഞ്ജു ബോബി ജോർജ് അറിയിച്ചു.

ഇന്ത്യയുടെ സാംസ്കാരിക പൈതൃകം ആഗോള സ്വാധീനത്തിനെന്ന് കേന്ദ്രമന്ത്രി

ന്യൂഡൽഹി: ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തെ തൊഴിൽ സൃഷ്ടിക്കും ആഗോളസ്വാധീനത്തിനും പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര സാംസ്കാരിക-ടൂറിസം മന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത്ത്. പൈതൃകത്തനിമ സംരക്ഷിച്ചുകൊണ്ടാകണം ഈ മുന്നേറ്റമെന്നും ഡൽഹിയിൽ 'ദ് വീക്ക്' മാഗസിന്റെ ഹെറിറ്റേജ് പുരസ്കാരച്ചടങ്ങ് ഉദ്ഘാടനംചെയ്ത് കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

'പൈതൃകത്തെ സജീവമാക്കുന്നതിനുള്ള ശക്തമായ ഉപാധിയാണു ടൂറിസം. ഇന്ത്യയുടെ ചരിത്രം, വാസ്തുവിദ്യ, ആത്മീയ പാരമ്പര്യം, കലകൾ, സാംസ്കാരിക ജീവിതരീതികൾ എന്നിവയുമായി സന്ദർശകരെ ബന്ധിപ്പിക്കുന്നതിൽ പൈതൃക ടൂറിസത്തിന് വലിയ പങ്കുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടുതൽ ജനകീയമാക്കാനും നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കാനും കഴിയണം. ഇത്തരം പരിപാടികളും പുരസ്കാരങ്ങളും അതിനു പ്രചോദനമാകും'- ഷെഖാവത്ത് പറഞ്ഞു.



ഡൽഹിയിൽ 'ദ് വീക്ക്' മാഗസിന്റെ ഹെറിറ്റേജ് പുരസ്കാരങ്ങൾ സമ്മാനിക്കുന്ന സമ്മേളനത്തിൽ കേന്ദ്രമന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത്ത് ദീപം തെളിക്കുന്നു.

പൈതൃക സംരക്ഷണം, സാംസ്കാരിക പാരമ്പര്യങ്ങൾ, ടൂറിസം വികസനം തുടങ്ങിയവയിൽ മികവു പുലർത്തിയ സംസ്ഥാനങ്ങൾക്കും വിനോദസഞ്ചാര കേന്ദ്രങ്ങൾക്കും പദ്ധതികൾക്കും കേന്ദ്രമന്ത്രി പുരസ്കാരങ്ങൾ നൽകി.

ഒൻപത് വിഭാഗങ്ങളിലായി 18 പുരസ്കാരങ്ങളും എട്ട് എഡിറ്റോറിയൽ പുരസ്കാരങ്ങളും സമ്മാനിച്ചു. ദ് വീക്ക് ചീഫ് അസോഷ്യേറ്റ് എഡിറ്റർ റിയാദ് മാത്യു അദ്ധ്യക്ഷനായി.

അവസാന ശ്വാസം വരെ ജനങ്ങളെ സേവിക്കുമെന്ന് മോദി

അഹമ്മദാബാദ്: തന്റെ ജീവന്റെ അവസാനനിമിഷം വരെ രാജ്യത്തെ ജനങ്ങളുടെ സേവനത്തിനായി പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗുജറാത്തിലെ ബനാസ്കന്ത ജില്ലയിലെ ഭിൽഡിയിൽ ഭാരത് ബോവിൻ ബ്രീഡിംഗ് ആൻഡ് റിസർച്ച് സെന്റർ ഉദ്ഘാടനവേളയിൽ സംസാരിക്കവേയാണ് പ്രധാനമന്ത്രി ഇങ്ങനെ പറഞ്ഞത്.

രാഷ്ട്രീയ എതിരാളികൾക്കെതിരെ രൂക്ഷ വിമർശനമുന്നയിച്ച അദ്ദേഹം, രാജ്യത്തിന് പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ സന്തോഷം കണ്ടെത്തുന്ന ചിലരുണ്ടെന്നും കുറ്റപ്പെടുത്തി. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിനെ അപകീർത്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കർഷകർക്ക് വളവും ജനങ്ങൾക്ക് പാചകവാതകവും ലഭിക്കില്ലെന്ന തരത്തിൽ ചിലർ വ്യാജ പ്രചാരണങ്ങൾ അഴിച്ചുവിട്ടെന്നും അദ്ദേഹം ആരോപിച്ചു. ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും വളം വില കുത്തനെ ഉയർന്നപ്പോൾ കർഷകരുടെമേൽ ആ ഭാരം അടിച്ചേൽപ്പിക്കാൻ സർക്കാർ അനുവദിച്ചില്ല. കർഷകക്ഷേമത്തിന് എപ്പോഴും മുൻഗണന നൽകും. പിഎം കിസാൻ സമ്മാൻ നിധി പദ്ധതിയിലൂടെ രാജ്യത്തെ ചെറുകിട കർഷകർക്ക് 4.5 ലക്ഷം കോടി രൂപ നൽകിയിട്ടുണ്ടെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.





നിപ്പ ബാധിതർക്ക് മരുന്ന്: അന്വേഷണം നടത്താൻ കെഎംഎസ്സിഎൽ

തിരുവനന്തപുരം: നിപ്പ ബാധിതരുടെ ചികിത്സയ്ക്ക് യുഎസ് കമ്പനി ഗിലയഡിന്റെ മരുന്ന് ഉപയോഗിച്ചതിനെക്കുറിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (കെഎംഎസ്സിഎൽ) ആഭ്യന്തര അന്വേഷണം നടത്തും. കോഴിക്കോട് മെഡിക്കൽ കോളജിന്റെ രജിസ്റ്റർ പ്രകാരം 2022 ജനുവരി 1-ന് ഗിലയഡിന്റെ 690 കുപ്പി റെംഡിസിവിർ മരുന്ന് എത്തിയിട്ടുണ്ട്. ഇതിൽ 10 കുപ്പി 2023 സെപ്റ്റംബർ 13-ന് നിപ്പ ബാധിതരിൽ ഉപയോഗിച്ചു. പിന്നീട് പല ഘട്ടങ്ങളിലായി 256 കുപ്പി മരുന്ന് രോഗികൾക്ക് നല്കി.

മരുന്ന് ആരിൽനിന്ന് വാങ്ങി, എത്ര വാങ്ങി, എപ്പോഴാണ് കെഎംഎസ്സിഎലിൽ എത്തിയത് എന്നിവയ്ക്കൊന്നും രേഖകൾ കിട്ടിയിട്ടില്ല. അക്കാലത്ത് വാങ്ങിയ മറ്റ് മരുന്നുകളുടെയും ഉപകരണങ്ങളുടെയും രേഖകളുണ്ടെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

ക്ലിനിക്കൽ ട്രയലിനു മാത്രമെന്നു രേഖപ്പെടുത്തിയ മരുന്നുകുപ്പിയിൽ ഉപയോഗിക്കുന്ന രോഗിയുടെ വിവരങ്ങളും നല്കിയ ഡോക്ടറുടെ പേരും ചികിത്സാ പ്രോട്ടോക്കോളും എഴുതിച്ചേർക്കണം. മരുന്ന് ഉല്പാദിപ്പിച്ച തീയതി കുപ്പിയിൽ ഇല്ല. എന്നാൽ, കാലാവധി തീരുന്നത് 2005 സെപ്റ്റംബറിലാണെന്നുണ്ട്.

ആന്റിവൈറൽ മരുന്നു മോളിക്യൂളിന്റെ പേരാണ് റെംഡിസിവിർ. കേരളത്തിലെത്തിയ മരുന്നിന്റെ കുപ്പിയിൽ അതു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഈ മരുന്ന് വെക്ളൂരി എന്ന ബ്രാൻഡ് നാമത്തിൽ വിപണിയിലിറക്കാൻ ഗിലയഡിൻ 2020 ഒക്ടോബർ 22-ന് യുഎസിലെ ഫുഡ് ആൻഡ് ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ അനുമതി നല്കി. ബ്രാൻഡ് പേരുകിട്ടി രണ്ട് വർഷമായപ്പോൾ കേരളത്തിലെത്തിയ കുപ്പിയിൽ മോളിക്യൂളിന്റെ പേരുമാത്രം.

കേന്ദ്ര സർക്കാർ കോവിഡ് സമയത്ത് ഹിന്ദുസ്ഥാൻ ലൈഫ്കെയർ ലിമിറ്റഡ് (എച്ച്എൽഎൽ) വഴി സംഭരിച്ച മരുന്ന് കെഎംഎസ്സിഎലിനു നല്കിയതാകാമെന്ന് പ്രചാരണമുണ്ടായിരുന്നു. എന്നാൽ, ഗിലയഡിന്റെ മരുന്ന് തങ്ങൾ സംഭരിച്ചു നല്കിയിട്ടില്ലെന്ന് എച്ച്എൽഎൽ ഉദ്യോഗസ്ഥർ വ്യക്തമാക്കി. സംസ്ഥാനത്ത് പല ആശുപതികളിലും കാലാവധി കഴിഞ്ഞ ഒട്ടേറെ മരുന്നുകൾ രോഗികൾക്ക് നല്കിയിട്ടുണ്ടെന്ന് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്. 2016-17 മുതൽ 2021-22 വരെയുള്ള വിവരങ്ങളുടെ വിശദാംശങ്ങളിൽ നിന്നായിരുന്നു ഈ കണ്ടെത്തൽ. 26 ആശുപത്രികളുടെ ഡേറ്റയാണ് പരിശോധിച്ചത്.

കാലാവധി കഴിഞ്ഞ മരുന്ന് 60 തവണ വാർഡുകളിലേക്കു നല്കിയിട്ടുണ്ടെന്ന് തെളിഞ്ഞു. ഇതിന്റെ മൂല്യം 80 ലക്ഷം രൂപയാണെന്നും കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിലുണ്ട്. മരുന്നുകളുടെ കാലാവധി കഴിയുമ്പോൾ രാസഘടനയിൽ മാറ്റം സംഭവിക്കാമെന്നും അത് ഉപയോഗിക്കുന്ന രോഗികളുടെ ജീവൻ അപകടത്തിലാകാൻ സാദ്ധ്യതയുള്ളതിനാൽ ഗൗരവമേറിയ വിഷയമാണെന്നും റിപ്പോർട്ടിലുണ്ട്.

ഇന്ത്യയിൽ അതിദരിദ്രരുടെ എണ്ണത്തിൽ വൻ കുറവെന്ന് റിപ്പോർട്ട്

ന്യൂഡൽഹി: ഇന്ത്യയിൽ അതി ദരിദ്രത്തിൽ കഴിയുന്ന ജനങ്ങളുടെ എണ്ണത്തിൽ വൻ കുറവെന്ന് ലോകബാങ്കിന്റെ ഏറ്റവും പുതിയ റിപ്പോർട്ട്. 2011-ലും 2023-നുമിടയിൽ രാജ്യത്തെ അതിദരിദ്രരുടെ അനുപാതം 27.1 ശതമാനത്തിൽ നിന്ന് 2.6 ശതമാനത്തിലേക്ക് താഴ്ന്നു. ഈ കാലയളവിനുള്ളിൽ രാജ്യത്തെ 49.6 കോടി ജനങ്ങളെ ദാരിദ്രത്തിൽനിന്നു കരകയറ്റാൻ സാധിച്ചതായി ലോകബാങ്ക് പുറത്തുവിട്ട ദാരിദ്രവും സാമൂഹിക തുല്യതയും സംബന്ധിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

ലോകബാങ്കിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ ദാരിദ്രരേഖാ സൂചികകളിൽ ഇന്ത്യ വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. പ്രതിദിനം മൂന്നു ഡോളറിൽ (ഏകദേശം 284 രൂപ) താഴെ വരുമാനമുള്ള അതിദരിദ്രരുടെ നിരക്ക് 27.1 ശതമാനത്തിൽനിന്ന് 2.6 ശതമാനമായി കുറഞ്ഞു.

പ്രതിദിനം 4.20 ഡോളറിൽ (ഏകദേശം 398.71 രൂപ) താഴെ സമ്പാദിക്കുന്ന താഴ്ന്ന മധ്യ വർഗ ദരിദ്രരേഖയിലുള്ളവരുടെ നിരക്ക് 57.7 ശതമാനത്തിൽ നിന്ന് 16.1 ശതമാനമായി കുറയ്ക്കാൻ സാധിച്ചതായും റിപ്പോർട്ടിൽ പറയുന്നു. ദാരിദ്ര നിർമാർജനത്തിൽ രാജ്യം മുന്നേറുമ്പോഴും വരുമാന വർധനവിൽ വലിയ വിടവ് നിലനിൽക്കുന്നുണ്ടെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

പ്രതിദിനം 8.30 ഡോളറിന് (ഏകദേശം 787.98രൂപ) മുകളിൽ സമ്പാദിക്കുന്നവരെയാണ് ലോകബാങ്ക് ഉയർന്ന മധ്യ വർഗ ദരിദ്രരേഖയ്ക്ക് മുകളിലുള്ളവരായി കണക്കാക്കുന്നത്. എന്നാൽ ഇന്ത്യയിലെ 79 ശതമാനത്തിലധികം ജനങ്ങൾക്കും പ്രതിദിനം ഈ തുക സമ്പാദിക്കാൻ കഴിയുന്നില്ല.

ഉയർന്ന മധ്യവർഗ ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ നിരക്ക് ആഗോളതലത്തിൽ 45.22 മാത്രമായിരിക്കെയാണ് ഇന്ത്യയിൽ ഇത് 80 ശതമാനത്തോളമായി നിലനിൽക്കുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്നവരും ഏറ്റവും കുറഞ്ഞ വരുമാനക്കാരുമായുള്ള സാമ്പത്തിക വിടവ് ഇപ്പോഴും രൂക്ഷമായി തുടരുകയാണ്. മേൽത്തട്ടിലുള്ള പത്തു ശതമാനം ജനങ്ങളെക്കാൾ 13 മടങ്ങ് അധികംവരുമാനം നേടുന്നുണ്ടെന്ന് ലോകബാങ്ക് കണക്കുകൾ പറയുന്നു.

ഉത്തരാഖണ്ഡിൽ ഹെലിക്കോപ്ടർ തകർന്ന് ആറ് മരണം

ഡെറാഡൂൺ: ഉത്തരാഖണ്ഡിൽ ഹെലിക്കോപ്ടർ തകർന്ന് ആറുപേർ കൊല്ലപ്പെട്ടു. ബദരീനാഥിൽ നിന്ന് ഡെറാഡൂണിലേക്ക് തീർത്ഥാടകരുമായി പോയ സ്വകാര്യ ഹെലിക്കോപ്ടറാണ് ജോഷിമഠിന് സമീപം തകർന്നത്. മോശം കാലാവസ്ഥയെ തുടർന്ന് ഹെലിക്കോപ്ടറുമായുള്ള ബന്ധം നഷ്ടമാവുകയായിരുന്നു. അഞ്ച് തീർത്ഥാടകർ ഉൾപ്പെടെ ആറു പേരാണ് ഹെലിക്കോപ്ടറിൽ ഉണ്ടായിരുന്നത്.

ഡൽഹിയിലെ ഷാലിമാർ ബാഗ് സ്വദേശിയും പൈലറ്റുമായ ക്യാപ്റ്റൻ ഹിമാൻഷു സബർവാൾ (48), ബെംഗ്ളൂരു സ്വദേശികളായ പ്രതാപ് ബി. സിംഗ രാജു (41), അരുൺ സലുങ്കെ (44) കെ. സുധീർ (49), എച്ച്.എസ്. നടരാജൻ (51), വി.ബി. ശങ്കർ ഗൗഡ (39) എന്നിവരാണ് ഹെലിക്കോപ്ടറിൽ ഉണ്ടായിരുന്നത്. ഇവരിൽ അരുൺ സലുങ്കെ പോലീസ് ഉദ്യോഗസ്ഥനും ശങ്കർ ഗൗഡ അഭിഭാഷകനുമാണ്.

ട്രാൻസ് ഭാരത് ഏവിയേഷന്റെ വി.ടി-എച്ച്.സി.എക്സ് കോപ്ടറാണ് അപകടത്തിൽപ്പെട്ടത്. ബദരീനാഥിൽ നിന്ന് ഉച്ചയ്ക്ക് 1.14-നാണ് ഹെലിക്കോപ്ടർ പുറപ്പെട്ടത്.ഹാഥി പർവത മേഖലയ്ക്കു സമീപമെത്തിയപ്പോൾ കനത്ത മഞ്ഞുവീഴ്ചയെത്തുടർന്ന് നിയന്ത്രണം നഷ്ടപ്പെട്ടു.

തുടർന്ന് ഏകദേശം 2.20-ന് ജെ.പി. പവ്വർ ഹൗസിനു സമീപമുള്ള മലഞ്ചെരുവിലേക്ക് ഹെലിക്കോപ്ടർ ഇടിച്ചുകയറി തകരുകയായിരുന്നെന്ന് ചമോലി ജില്ലാ ഭരണകൂടം അറിയിച്ചു.

അപകടത്തെ തുടർന്ന് ട്രാൻസ് ഭാരത് ഏവിയേഷൻ കമ്പനിയുടെ എല്ലാ ഹെലിക്കോപ്ടറുകളും സർവീസിൽനിന്ന് മാറ്റിനിർത്തിയതായി അധികൃതർ അറിയിച്ചു.

റഫാൽ സുസജ്ജമായി



ഐഎൻഎസ് വിക്രാന്തിൽ റഫാൽ മറൈൻ പറന്നിറങ്ങുന്നു

ന്യൂഡൽഹി: ഇന്ത്യൻ നാവിക സേനയുടെ കരുത്ത് വർദ്ധിപ്പിക്കുന്നതിൽ നിർണായക നാഴികക്കല്ല് പിന്നിട്ട് റഫാൽ മറൈൻ യുദ്ധവിമാനം. തദ്ദേശീയ വിമാനവാഹിനി കപ്പലായ ഐ.എൻ.എസ് വിക്രാന്തിൽ റഫാൽ ആദ്യമായി പറന്നിറങ്ങി. പരീക്ഷണത്തിലെ ആദ്യശ്രമത്തിൽ തന്നെ വിമാനം വിജയകരമായി കപ്പലിലെ റൺവേയിൽ ഇറക്കി.

ഐഎൻഎസ് വിക്രാന്തിൽ റഫാലിന്റെ അനുയോജ്യത ഉറപ്പുവരുത്തുന്ന പരിക്ഷണങ്ങളുടെ ഭാഗമായിരുന്നു ഇത്. ഗോവയിലെ നാവികസേനാ കേന്ദ്രത്തിൽ നേരത്തെ നടത്തിയ പരീക്ഷണത്തിനുശേഷം വിമാനത്തിൽ ആവശ്യമായ മാറ്റം വരുത്തിയിരുന്നു.

ഫ്രാൻസിലെ ദസോ ഏവിയേഷൻ രൂപകല്പന ചെയ്ത റഫാൽ മറൈൻ വിമാനങ്ങൾ നിലവിൽ ഫ്രഞ്ച് നാവിക സേന മാത്രമാണ് ഉപയോഗിക്കുന്നത്. 26 വിമാനങ്ങൾ വാങ്ങാൻ കഴിഞ്ഞവർഷം ഇന്ത്യ 63,000 കോടി രൂപയുടെ കരാറിൽ എത്തിയിരുന്നു. 2028 ഒടുവിൽ ഇവ ലഭിക്കും.

വിമാനവാഹിനി കപ്പലുകളിൽ നിന്ന് നേരിട്ട് ടേക്ക് ഓഫും ലാൻഡിംഗും നടത്താവുന്ന റഫാൽ മറൈന്റെ വരവോടെ കരയിലെയും കടലിലെയും ലക്ഷ്യങ്ങളിലേക്ക് കൃത്യമായ ആക്രമണം നടത്താനും ആകാശപ്രതിരോധം ശക്തിപ്പെടുത്താനും ഇന്ത്യൻ നാവികസേനയ്ക്ക് സാധിക്കും.



പാസ്റ്റർ സാംസൺ സാബു സെലിബ്രേഷൻ ചർച്ചിന്റെ പുതിയ സീനിയർ പാസ്റ്റർ; പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ പാസ്റ്റർ എമിരിറ്റസ്

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: ചിക്കാഗോയിലെ ആദ്യകാല മലയാളി പെന്തെക്കോസ്ത് സഭകളിലൊന്നായ സെലിബ്രേഷൻ ചർച്ചിന്റെ (മുൻ ഐസിഎജി) പുതിയ സീനിയർ പാസ്റ്ററായി പാസ്റ്റർ സാംസൺ സാബു നിയമിതനായി. സഭയിൽ ലീഡ് പാസ്റ്ററായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം. ഡ്മിനിസ്ട്രേറ്റീവ് ബോർഡും അസംബ്ലീസ് ഓഫ് ഗോഡ് ചിക്കാഗോ റീജിയൻ അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ റോൺ ഹെയ്റ്റ്മാനും നേതൃത്വം നല്കി. പാസ്റ്റർ സാംസൺ സാബുവിന്റെ പിതാവ് പാസ്റ്റർ സാബു ഔസേപ്പും സഹോദരൻ പാസ്റ്റർ ജസ്റ്റിൻ സാബുവും വിവിധ ശുശ്രൂഷകളിൽ പങ്കുചേർന്നു.



പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, ഭാര്യ ജോയ്സ്, പാസ്റ്റർ സാംസൺ സാബു, ഭാര്യ സോഫിയ എന്നിവർ വേദിയിൽ

കഴിഞ്ഞ 49 വർഷമായി സഭയുടെ സീനിയർ പാസ്റ്ററായി നേതൃത്വം നല്കിയിരുന്ന പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ പാസ്റ്റർ എമിരിറ്റസ് എന്ന പദവിയിലേക്ക് മാറി.


നിയമനവുമായി ബന്ധപ്പെട്ട ഔദ്യോഗിക നടപടികൾക്ക് സഭയുടെ അസംബ്ലീസ് ഓഫ് ഗോഡ് പ്രസ്ബിറ്റർ പാസ്റ്റർ ജോസ് ഫിഗോരിയോ ദൈവവചനം ശുശ്രൂഷിച്ചു.

സഭാ സെക്രട്ടറി ബെഞ്ചമിൻ ജോൺ യോഗനടപടികൾക്ക് നേതൃത്വം നല്കി. സഭയുടെ പാസ്റ്ററൽ ടീം അംഗങ്ങളായ ഡോ. അലക്സ് കോശി, പാസ്റ്റർ ചെറിയാൻ തോമസ് എന്നിവരും ഡീക്കന്മാരായ വർഗീസ് സാമുവൽ, ജോസഫ് ഡാനിയൽ, ജോൺ വർഗീസ്, സജി ഫിലിപ്പ്, ഡോ. വർഗീസ് മത്തായി, ലീസ് കാര്യാടിയിൽ എന്നിവരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. നിരവധി വിശ്വാസികൾ ചടങ്ങിൽ പങ്കെടുത്തു. കെവിൻ ജോസഫ് കൃതജ്ഞത രേഖപ്പെടുത്തി.

1975-ൽ പാസ്റ്റർ കെ.എ. ഏബ്രഹാം സ്ഥാപിച്ച ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് (ഐസിഎജി) എന്ന സഭയാണ് പിന്നീട് സെലിബ്രേഷൻ ചർച്ച് എന്ന പേരിൽ അറിയപ്പെട്ടത്.

സഭയുടെ ചരിത്രത്തിലെ മൂന്നാമത്തെ സീനിയർ പാസ്റ്ററായാണ് പാസ്റ്റർ സാംസൺ സാബു ചുമതല യേൽക്കുന്നത്.

അരനൂറ്റാണ്ടോളം സഭയെ നയിച്ച പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസന്റെ അനുഭവസമ്പത്തും നേതൃത്വവും തുടർന്നും സഭയ്ക്കും ചിക്കാഗോയിലെ വിശ്വാസിസമൂഹത്തിനും പ്രയോജനപ്പെടുമെന്ന് സഭാ നേതൃത്വം അറിയിച്ചു. ഈ വർഷം ചിക്കാഗോയിൽ നടന്ന നാല്പതാമത് പിസിനാക് (പിസിഎൻഎകെ) കോൺഫറൻസിന്റെ നാഷണൽ കൺവീനറായും പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ സേവനമനുഷ്ഠിച്ചിരുന്നു.



പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ



പാസ്റ്റർ സാംസൺ സാബു

നോർത്ത് ഡക്കോട്ടയിൽ ഗാന്ധിപ്രതിമ

സിയാറ്റിൻ: ഗാന്ധിജിയുടെ പൂർണ്ണകായ പ്രതിമ നോർത്ത് ഡക്കോട്ട സംസ്ഥാനത്ത് സ്ഥാപിച്ചു. തലസ്ഥാനമായ ബിസ്മാർക്ക് നഗരത്തിന്റെ മധ്യഭാഗത്ത് പീസ് പാർക്കിലാണ് പ്രതിമ.

നോർത്ത് ഡക്കോട്ടയിലെ ഇന്ത്യൻ സമൂഹത്തിന്റെ പിന്തുണയോടെ സിയാറ്റിലിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലാണ് പ്രതിമ സ്ഥാപിച്ചത്. സംസ്ഥാനത്തെ ആദ്യ പൂർണ്ണകായ ഗാന്ധിപ്രതിമയാണിത്.

ഡാളസ് കൂടല്ലൂർ സംഗമം 'കരയോളം' നവംബർ 8-ന്

അനീഷ് പല്ലാട്ടുമഠം

ഡാളസ്: ഡാളസിൽ വസിക്കുന്ന കൂടല്ലൂർ ഗ്രാമവാസികളുടെ കുടുംബസംഗമം നവംബർ 8-ന് ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ നടത്തപ്പെടും. റ്റോമി തൈതറപ്പലിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി അംഗങ്ങൾ ഇതിനായി വിപുലമായ ഒരുക്കങ്ങൾ നടത്തിവരുന്നു. ആദ്യമായി ഡാളസിൽ നടത്തപ്പെടുന്ന കൂടല്ലൂർ 'കരയോളം' കുടുംബ മഹോത്സവത്തിന്റെ ആവേശത്തിലാണ്.

കൂടല്ലൂർ എന്ന അനുഗൃഹീത ഗ്രാമപുണ്യം മനസ്സിൽ പേറുന്ന എല്ലാവരും ഇതിനോടകം അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ കൂടല്ലൂർ ഗ്രാമത്തിൽ നിന്നും കുടിയേറിയവരുടെ സംഗമം നടത്തിവരുന്നു.







PROSPEROUS THERAPY

Dr. **Elizabeth Nellamattathil**
PhD, LPC-TX, LCPC-IL

Offering telehealth therapy for adults in Illinois and Texas.



Our services

- **Individual Therapy**
- **Couples Therapy**
- **Anxiety & Stress Management**
- **Depression & Mood Concerns**
- **Self-Esteem & Confidence**
- **Life Transitions**
- **Family Concerns**
- **Identity Exploration**
- **Interpersonal Functioning**
- **And more…**

Contact Us

972-433-7211
info@prosperoustherapy.com
ProsperousTherapy.com

ഫൊക്കാന കേരള കൺവൻഷന് ഒരുക്കങ്ങൾ പുരോഗമിക്കുന്നു

കൊച്ചി: ജനുവരി 11, 12, 13 തീയതികളിൽ കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ നടക്കുന്ന ഫൊക്കാന കേരള കൺവൻഷന്റെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക് കടക്കുന്നതായി ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അറിയിച്ചു.

അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തെ കേരള

ജിജി ടോം

വുമായി കൂടുതൽ ശക്തമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ പരിപാടികളാണ് ഇത്തവണത്തെ കേരള കൺവൻഷനിൽ ഫൊക്കാന ആസൂത്രണം ചെയിതിരിക്കുന്നത്. പ്രവാസി മലയാളികളുടെ സാമൂഹിക, സാംസ്കാരിക, ബിസിനസ് മേഖലകളിലെ സംഭാവനകൾക്ക് കൂടുതൽ പ്രാധാന്യം നല്കുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

കൺവൻഷന്റെ പ്രധാന ആകർഷണങ്ങളിലൊന്നായി ബിസിനസ് മീറ്റ് സംഘടിപ്പിക്കും. കേരളവും പ്രവാസി മലയാളി സമൂഹവും തമ്മിലുള്ള ബിസിനസ്, നിക്ഷേപ സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനും സംരംഭകരെയും വ്യവസായ പ്രമുഖരെയും ഒരുമിച്ച് കൊണ്ടുവരുന്നതിനും ബിസിനസ് മീറ്റ് വേദിയാകും. കേരളത്തിലെ വിവിധ മേഖലകളിലെ പ്രമുഖ വ്യവസായികളും ബിസിനസ് നേതാക്കളും പരിപാടിയിൽ പങ്കെടുക്കും.

സാംസ്കാരിക സമ്മേളനവും കൺവൻഷന്റെ പ്രധാന പരിപാടികളിൽ ഒന്നായിരിക്കും. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും പ്രവാസി മലയാളികളുടെ കലാ-സാംസ്കാരിക സംഭാവനകളും സമ്മേളനത്തിൽ അവതരിപ്പിക്കും. കലാകാരന്മാരുടെയും സാഹിത്യ-സാമൂഹിക രംഗത്തെ പ്രമുഖരുടെയും സാന്നിദ്ധ്യം പരിപാടിക്ക് കൂടുതൽ മാറ്റുകൂട്ടും.

കാലിക വിഷയങ്ങളും മാധ്യമരംഗത്തെ പുതിയ മാറ്റങ്ങളും ചർച്ച ചെയ്യുന്നതിനായി മീഡിയ കോൺഫറൻസും സംഘടിപ്പിക്കുന്നുണ്ട്. മാധ്യമ പ്രവർത്തകർ, മാധ്യമ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുക്കുന്ന മീഡിയ കോൺഫറൻസ് കേരളവും പ്രവാസി സമൂഹവും തമ്മിലുള്ള ആശയവിനിമയം കൂടുതൽ ശക്തമാക്കുന്നതിനുള്ള വേദിയാകും.

സ്ത്രീകളുടെ പങ്കാളിത്തത്തിനും നേതൃത്വത്തിനും പ്രത്യേകം പ്രാധാന്യം നല്കിക്കൊണ്ട് വിമൻസ് ഫോറം മീറ്റിങ്ങും കൺവൻഷന്റെ ഭാഗമായി നടക്കും. സ്ത്രീകളുടെ സാമൂഹിക, സാംസ്കാരിക, തൊഴിൽ മേഖലകളിലെ മുന്നേറ്റവും അവരുടെ നേതൃത്വ സാദ്ധ്യതകളും ചർച്ച ചെയ്യുന്നതിനൊപ്പം വിവിധ പദ്ധതികളും പരിപാടികളും ആവിഷ്കരിക്കും. ഇതിനു പുറമെ പ്രവാസി മലയാളികളുടെ പുതിയ തലമുറയെ കേരളത്തിന്റെ ഭാഷയുമായും സംസ്കാരവുമായും കൂടുതൽ അടുപ്പിക്കുന്നതിനായി ഭാഷാ-സാംസ്കാരിക പദ്ധതികൾക്കും കൺവൻഷനിൽ പ്രത്യേക പ്രാധാന്യം നല്കും.

കേരളത്തിന്റെ വികസനത്തിൽ പ്രവാസി മലയാളികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക, കേരളവും പ്രവാസി സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് കൺവൻഷൻ സംഘടിപ്പിക്കുന്നതെന്ന് ഫൊക്കാന ഭാരവാഹികൾ അറിയിച്ചു.

മൂന്നു ദിവസങ്ങളിലായി നടക്കുന്ന കേരള കൺവൻഷനിൽ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, സാഹിത്യ, ബിസിനസ്, മാധ്യമ രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഫൊക്കാന പ്രവർത്തനങ്ങൾക്ക് കേരളത്തിൽ കൂടുതൽ ജനപങ്കാളിത്തവും സാമൂഹിക പ്രസക്തിയും ഉറപ്പാക്കുന്നതിനുള്ള ഒരു പ്രധാന ചുവടുവെപ്പായിരിക്കും ഇത്തവണത്തെ കേരള കൺവൻഷനെന്നും ഭാരവാഹികൾ വ്യക്തമാക്കി.




ന്യൂയോർക്കിൽ ചിത്രീകരിക്കുന്ന 'ദി മില്യണയർ ഡോഗ്' സിനിമയിലേക്ക് അഭിനേതാക്കളെ ക്ഷണിക്കുന്നു

ഷാജി എണ്ണശ്ശേരി

ന്യൂയോർക്ക്: രാജു ജോസഫ് പ്രലേലിന്റെ കഥയെ ആസ്പദമാക്കി ന്യൂയോർക്കിൽ ഒരുങ്ങുന്ന ഇംഗ്ലീഷ് ഫീച്ചർ ഫിലിം 'ദി മില്യണയർ ഡോഗ്' (The Millionaire Dog)ലേക്ക് അഭിനയ പ്രതിഭകളെ ക്ഷണിക്കുന്നു. രാജു ജോസഫ് പ്രലേൽ സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഷാജി എണ്ണശ്ശേരിയാണ് (ഫോൺ/വാട്ട്സ്ആപ്പ്: 917 868 6960.

അഭിനയ പരിചയമുള്ളവർക്കും പുതുമുഖങ്ങൾക്കും ഓഡിഷനിൽ പങ്കെടുക്കാം. 40–45 വയസ്സുള്ള പുരുഷന്മാർ, 30–35 വയസ്സുള്ള സ്ത്രീകൾ, 9–12 വയസ്സുള്ള ആൺകുട്ടികൾ, 7–10 വയസ്സുള്ള പെൺകുട്ടികൾ, 45–50 വയസ്സുള്ള പുരുഷന്മാർ എന്നിവരെയാണ് പ്രത്യേകമായി തേടുന്നത്.



ചിത്രത്തിൽ അഭിനയിക്കാൻ താല്പര്യമുള്ള മികച്ച പരിശീലനം ലഭിച്ച ജർമ്മൻ ഷെപ്പേർഡ്, ലാബ്രഡോർ ഇനങ്ങളിൽപ്പെട്ട നായ്ക്കളെയും അവയുടെ ഉടമകളെയും ക്ഷണിക്കുന്നു. താല്പര്യമുള്ളവർ പേരും പ്രായവും സമീപകാലത്ത് എടുത്ത ഫോട്ടോയും ഫോൺ നമ്പറും ഉൾപ്പെടുത്തി ഈ അറിയിപ്പ് പ്രസിദ്ധീകരിച്ച് രണ്ടാഴ്ചയ്ക്കകം പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഷാജി എണ്ണശ്ശേരിയെ ബന്ധപ്പെടണം. അഭിനയപരിചയമുള്ളവർ അതിന്റെ വിശദാംശങ്ങളും അപേക്ഷയോടൊപ്പം നല്കണം. 18 വയസ്സിന് താഴെയുള്ള അപേക്ഷകർ രക്ഷിതാവിന്റെ വിവരങ്ങളും ഉൾപ്പെടുത്തണം.

ലോകമെമ്പാടുമുള്ള, പ്രത്യേകിച്ച് ന്യൂയോർക്കിൽ ജീവിതം കെട്ടിപ്പടുക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന ഇന്ത്യൻ കുടിയേറ്റക്കാരുടെ ജീവിതാനുഭവങ്ങൾ പശ്ചാത്തലമാക്കുന്ന ചിത്രത്തിന് ഏകദേശം ഒന്നര മണിക്കൂറാണ് ദൈർഘ്യം. 10,000 ഡോളർ ബജറ്റിൽ ഒരുങ്ങുന്ന സിനിമയുടെ 20 ദിവസത്തെ ചിത്രീകരണം ഈ ശീതകാലത്ത് ന്യൂയോർക്കിൽ നടക്കും. മഞ്ഞുവീഴ്ചയുള്ള ദിവസങ്ങളിലെ ഔട്ട്ഡോർ രംഗങ്ങളും ചിത്രീകരണത്തിന്റെ ഭാഗമാണ്.

കീൻസിലെ ഗ്യാസ് സ്റ്റേഷൻ ജീവനക്കാരനായ രാജും സ്റ്റീവ് എന്ന തെരുവ് നായയും തമ്മിൽ വളരുന്ന ഹൃദയബന്ധമാണ് ചിത്രത്തിന്റെ കേന്ദ്രപ്രമേയം. നായയെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരുന്നതോടെ രാജിന്റെ കുടുംബജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങളും അപ്രതീക്ഷിത ഭാഗ്യവും അപകടങ്ങളും കുടുംബബന്ധങ്ങളുടെ ആഴവും പരസ്പര ഐക്യത്തിന്റെ പ്രാധാന്യവുമെല്ലാം കഥയിൽ ഇടംപിടിക്കുന്നു.

രാജ്, പ്രിയ, അവരുടെ മക്കൾ. ഐസിഇ ഏജന്റുമാർ, അയൽവാസികൾ, ന്യൂയോർക്ക് നിവാസികൾ തുടങ്ങി വിവിധ കഥാപാത്രങ്ങളിലേക്കാണ് അഭിനേതാക്കളെ തെരഞ്ഞെടുക്കുന്നത്.


ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയ്ക്ക് സ്വന്തം ദേവാലയം

ജോൺ കുരുവിള അരയത്ത്

ടൊറന്റോ: കാനഡയിലെ ക്നാനായ കത്തോലിക്കാ സഭാസംവിധാനങ്ങളുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക ഒന്റാറിയോയിലെ സെന്റർ വെല്ലിംഗ്ടണിൽ മൂന്ന് ഏക്കർ സ്ഥലത്തോടുകൂടിയ ദേവാലയം സ്വന്തമാക്കി.

പന്ത്രണ്ട് വർഷത്തെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും കാത്തിരിപ്പിന്റെയും ഫലമായാണ് ഇടവകയുടെ ഈ നേട്ടം. സ്വന്തമായി ഒരു ദേവാലയം എന്ന ഇടവകയുടെ ദീർഘകാല ലക്ഷ്യം ഇതോടെ സാക്ഷാത്കരിക്കപ്പെട്ടു.

ഇടവക വികാരി റവ.ഫാ. മാത്യു മേലേടത്ത്, കൈക്കാരന്മാരായ ജോൺ അരയത്ത്, അനീഷ് തെക്കേടത്ത്, ബിൽഡിങ് കമ്മിറ്റി ചെയർമാൻ തോമസ് ആയിരവേലിൽ, കമ്മിറ്റി അംഗങ്ങളായ ജോബി വലിയപുത്തൻപുരയിൽ, സാം കാരിക്കൊമ്പിൽ, ദീപു മലയിയിൽ എന്നിവരുടെ നേതൃത്വത്തിലും സഹകരണത്തിലുമാണ് ഈ നേട്ടം കൈവരിച്ചത്. ഡയറക്ടറേറ്റ് ചെയർമാൻ റോയ് പുത്തൻകളം, സെക്രട്ടറി ജോഷി പാലത്തടത്തിൽ ഡയറക്ടറേറ്റ് ബോർഡ് അംഗങ്ങൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ, ഇടവകാംഗങ്ങൾ, നോർത്ത് അമേരിക്കയിലെ വിവിധ ക്നാനായ കത്തോലിക്കാ ഇടവകയിലെ അഭ്യുദയകാംക്ഷികൾ എന്നിവരുടെ കൂട്ടായ പങ്കാളിത്തവും ഈ ദേവാലയം സ്വന്തമാക്കുന്നതിൽ നിർണായകമായി. The Directorate of Knanaya Catholics in Canada എന്ന സഭാസംവിധാനത്തിന്റെ കീഴിൽ സ്വന്തമായി ദേവാലയം ലഭിക്കുന്ന രണ്ടാമത്തെ ദേവാലയമാണിത്. ദേവാലയം സ്വന്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും മറ്റു വിവിധ മാർഗ്ഗങ്ങളിലൂടെയും സഹകരിച്ച എല്ലാവർക്കും ഇടവക നന്ദി അറിയിക്കുന്നു.



KERALA EXPRESS പ്രവാസി താളുകൾ

സെന്റ് ജോൺ ന്യൂമാൻ ക്നാനായ കത്തോലിക്കാ മിഷന് സ്വന്തം ദേവാലയം

ഫിലാഡൽഫിയ: സർവ്വശക്തനായ ദൈവത്തിന് ഹൃദയംനിറഞ്ഞ നന്ദിയും സ്തുതിയും അർപ്പിച്ചുകൊണ്ട് ഫിലാഡൽഫിയ സെന്റ് ജോൺ ന്യൂമാൻ ക്നാനായ കത്തോലിക്കാ മിഷന് പുതിയ ദേവാലയം. ഇതോടെ ന്യൂയോർക്ക് ക്നാനായ കത്തോലിക്ക ഫൊറോനയിൽ നാലാമത്തെ ദേവാലയം കൂടി യാഥാർത്ഥ്യമായി.

ഫിലാഡൽഫിയയിലെ ന്യൂ ടൗണി

ഡോൺ വയലിൽ

ലുള്ള 749 Durham Road, Newtown, PA 18940-ൽ 5.44 ഏക്കർ സ്ഥലവും പള്ളിയും മിഷന്റെ ആത്മീയ യാത്രയിലെ ചരിത്രപ്രധാനമായ ഒരു നാഴികക്കല്ലാണ്. സ്വന്തമായൊരു ദേവാലയവും വിശ്വാസ പരിശീലനത്തിനും കൂട്ടായ്മയ്ക്കും അനുയോജ്യമായ ഒരു കേന്ദ്രവും എന്ന നീണ്ട 27 വർഷത്തെ ദീർഘകാല സ്വപ്നത്തിന്റെ സാക്ഷാത്കാരമാണിത്.

ഈ വലിയ നേട്ടം കൈവരിക്കാൻ പ്രാർത്ഥനകളിലൂടെയും സാമ്പത്തിക സഹായങ്ങളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും ഒപ്പംനിന്ന എല്ലാ വിശ്വാസികളോടും കുടുംബങ്ങളോടും അഭ്യുദയകാംക്ഷികളോടും ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു. ഓരോ പ്രാർത്ഥനയും ഓരോ സംഭാവനയും ഓരോ ത്യാഗവും ഓരോ പ്രോത്സാഹനവാക്കും ഈ സ്വപ്നസാക്ഷാത്കാരത്തിൽ വിലപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്.

ഈ ലക്ഷ്യത്തിനായി ആത്മാർത്ഥമായി പ്രവർത്തിച്ച ജനറൽ ബോഡി അംഗങ്ങളോടും പാരിഷ് കൗൺസിൽ അംഗങ്ങളോടും കമ്മിറ്റി അംഗങ്ങളായ ജിജി ചാമക്കാല, റോബിൻ നെടുമാക്കൽ, ജിപി കട്ടപ്പുറം, തോമസ് നെടുമാക്കൽ, സണ്ണി പാറക്കൽ, ലൂക്കോസ് തത്തംകിണറ്റുകര എന്നിവർക്കും മിഷൻ ഡയറക്ടർ റവ.ഡോ. ബിബി തറയിലിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഈ പുതിയ അദ്ധ്യായത്തിലേക്ക് പ്രവേശിക്കുമ്പോൾ ഈ ദേവാലയം പ്രാർത്ഥനയുടെ ഭവനമായും വിശ്വാസ പരിശീലനത്തിന്റെ കേന്ദ്രമായും ഫിലാഡൽഫിയയിലെയും പരിസര പ്രദേശങ്ങളിലെയും ഭാവി ക്നാനായ കത്തോലിക്കാ തലമുറകൾക്ക് പ്രത്യാശ പകരുന്ന ആത്മീയ സങ്കേതമായും മാറട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഈ നേട്ടം വിശ്വാസവും ഐക്യവും ത്യാഗവും ഉദാരമനസ്കതയും ചേർന്ന് സാക്ഷാത്കരിച്ച ഒരു സമൂഹത്തിന്റെ സ്വപ്നമാണ്. ക്രിസ്തുവിൽ വേരൂന്നിയും പൈതൃകമായ ക്നാനായ കത്തോലിക്കാ പാരമ്പര്യങ്ങളിൽ വളർന്നും ഐക്യത്തിലും സ്നേഹത്തിലും മുന്നേറുന്ന ഒരു വിശ്വാസിസമൂഹമായി നമുക്ക് ഒരുമിച്ച് ദൈവരാജ്യം പടുത്തുയർത്താം. ഈ മഹത്തായ സംരംഭത്തിൽ പങ്കുചേർന്ന ഓരോരുത്തരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിങ്ങളുടെ പ്രാർത്ഥനകൾക്കും സ്നേഹത്തിനും ത്യാഗങ്ങൾക്കും ഉദാരമായ സംഭാവനകൾക്കും ദൈവം തക്ക പ്രതിഫലം നല്കട്ടെ.







ഉല്ലാസ കൂട്ടായ്മ ഒരുക്കി ഡാളസ് ഇടവക സീനിയർ മിനിസ്ട്രി



ജോകുട്ടി മേലേടത്ത്

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക സീനിയർ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ഉല്ലാസ കൂട്ടായ്മ' ഒരുക്കി. ലെയ്ക്ക് ഗ്രെയിപ്പ് വൈനിലുള്ള സിൽവർ ലെയ്ക്കിൽ ഒരു ക്രൂസ് പ്രോഗ്രാം ഒരുക്കിയാണ് ഏവർക്കും ഉല്ലാസ കൂട്ടായ്മ ഒരുക്കിയത്. പ്രായത്തെ വെല്ലുന്ന ആവേശത്തോടെ ഏവരും ഈ കൂട്ടായ്മയിൽ പങ്കെടുത്തു. സെന്റ് ജോസഫ്സ് കോൺഗ്രിഗേഷൻ സുപ്പീരിയർ സിസ്റ്റർ സൗമി കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. ഉല്ലാസ വീര്യം ഉള്ളിൽ പേറി ആയിരിക്കുന്നിടത്തെ സജീവമാക്കണം എല്ലാവരുമെന്ന് വികാരി ഫാ. ബിൻസ് ചേത്തലിൽ ഓർമ്മപ്പെടുത്തി. കോ-ഓർഡിനേറ്റർ തിയോഫിൻ ചാമക്കാലയുടെയും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെയും നേതൃത്വം ഉല്ലാസ യാത്രയെ കൂടുതൽ സജീവമാക്കി. മൂന്നു മണിക്കൂർ നടത്തപ്പെട്ട കൂട്ടായ്മ ഏവരിലും പുത്തൻ ഉണർവിന്റെ നിമിഷമാക്കി മാറ്റി.

ക്നാനായ സമൂഹത്തിന് അഭിമാന മുഹൂർത്തം; ഫിലാഡൽഫിയയിലും ടൊറന്റോയിലും സ്വന്തമായി ദേവാലയങ്ങൾ



ചിക്കാഗോ: വടക്കെ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ചരിത്രത്തിൽ അഭിമാനകരമായ മറ്റൊരു അദ്ധ്യായം കുറിച്ചുകൊണ്ട് അമേരിക്കയിലെ ഫിലാഡൽഫിയയിലും കാനഡയിലെ ടൊറന്റോയിലും ക്നാനായ സമൂഹം സ്വന്തമായി ദേവാലയങ്ങൾ സ്വന്തമാക്കി. പ്രവാസി ക്നാനായ സമൂഹത്തിന്റെ ദീർഘകാല സ്വപ്നങ്ങളുടെ സാക്ഷാത്കാരമായ ഈ നേട്ടം വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെയും ഉജ്ജ്വല സാക്ഷ്യമായി മാറുകയാണ്.

ചിക്കാഗോ സീറോമലബാർ രൂപ

അനിൽ മറ്റത്തിക്കുന്നേൽ

തയിലെ ക്നാനായ കാത്തലിക് റീജിയന്റെ കീഴിലുള്ള ഫിലാഡൽഫിയ സെന്റ് ജോൺ ന്യൂമാൻ ക്നാനായ കത്തോലിക്ക മിഷനും കാനഡയിലെ മിസ്സിസ്സാഗാ സീറോമലബാർ രൂപതയുടെ കീഴിലുള്ള ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുമാണ് പുതിയ ദേവാലയങ്ങൾ സ്വന്തമാക്കിയത്.

വടക്കെ അമേരിക്കയിലെ ക്നാനായ സമൂഹത്തിന്റെ അജപാലന, ആത്മീയ, സാമൂഹിക വളർച്ചയ്ക്ക് കരുത്തു പകരുന്ന നിർണായക ചുവടുവെപ്പായാണ് ഈ നേട്ടം വിലയിരുത്തപ്പെടുത്തുന്നത്.

ഫിലാഡൽഫിയയിൽ: ഫിലാഡൽഫിയയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ വർഷങ്ങളായുള്ള ആഗ്രഹമാണ് സ്വന്തമായി ഒരു ദേവാലയവും വിശ്വാസ പരിശീലനത്തിനും കുടുംബ കൂട്ടായ്മകൾക്കും വിവിധ ഇടവക പ്രവർത്തനങ്ങൾക്കും അനുയോജ്യമായ സൗകര്യങ്ങളുമുള്ള ഒരു കേന്ദ്രം എന്നത്. ഈ സ്വപ്നമാണ് പുതിയ ദേവാലയം സ്വന്തമാക്കിയതോടെ യാഥാർത്ഥ്യമായിരിക്കുന്നത്.

പെൻസിൽവേനിയയിലെ 749 Durham Road, Newtown, PA എന്ന വിലാസത്തിൽ സ്ഥിതി ചെയ്യുന്ന 5.44 ഏക്കർ സ്ഥലവും ദേവാലയവും ഉൾപ്പെടുന്ന സമുച്ചയമാണ് ഫിലാഡൽഫിയ ക്നാനായ സമൂഹം സ്വന്തമാക്കിയത്.

മിഷൻ ഡയറക്ടർ ഫാ. ബിബി തറയിലിന്റെ നേതൃത്വത്തിൽ കൈക്കാരന്മാരും ബിൽഡിംഗ് കമ്മിറ്റി അംഗങ്ങളും വിശ്വാസിസമൂഹവും ഒറ്റക്കെട്ടായി നടത്തിയ പരിശ്രമങ്ങളുടെയും സഹകരണത്തിന്റെയും ഫലമാണ് ഈ നേട്ടം. വിശ്വാസികളുടെ പ്രാർത്ഥനയും സാമ്പത്തിക പിന്തുണയും ത്യാഗസന്നദ്ധതയും ഉദാരമായ സഹകരണവും സ്വപ്ന സാക്ഷാത്കാരത്തിന് അടിത്തറയായി.

പുതിയ ദേവാലയം സ്വന്തമാക്കിയതോടെ ന്യൂയോർക്ക് ക്നാനായ കത്തോലിക്കാ ഫൊറോനയിലെ നാലാമത്തെ ദേവാലയമായും ക്നാനായ കത്തോലിക്ക റീജിയന്റെ പതിനാറാമത്തെ ദേവാലയമായും ഫിലാഡൽഫിയയിലെ ദേവാലയം മാറുന്നു.

ടൊറന്റോയിലും: കാനഡയിലെ ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയും സ്വന്തമായി ഒരു ദേവാലയം എന്ന ദീർഘകാല സ്വപ്നം സാക്ഷാത്കരിച്ചിരിക്കുകയാണ്. ഒന്റാറിയോയിലെ സെന്റർ വെല്ലിംഗ്ടണിൽ മൂന്ന് ഏക്കർ സ്ഥലത്തോടുകൂടിയ ദേവാലയമാണ് ഇടവക സ്വന്തമാക്കിയത്.

വർഷങ്ങളായുള്ള പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും നിരന്തര പരിശ്രമങ്ങളുടെയും ഫലമായാണ് ഈ ചരിത്രനേട്ടം കൈവരിക്കാനായത്. ഇടവക വികാരി റവ.ഫാ. മാത്യു മേലേടത്തിന്റെ നേതൃത്വത്തിൽ കൈക്കാരന്മാർ, ബിൽഡിങ് കമ്മിറ്റി അംഗങ്ങൾ, ഡയറക്ടറേറ്റ് ബോർഡ് അംഗങ്ങൾ, വിശ്വാസിസമൂഹം എന്നിവർ നടത്തിയ കൂട്ടായ പ്രവർത്തനങ്ങളാണ് ദേവാലയം സ്വന്തമാക്കുന്നതിൽ നിർണായകമായത്.

The Directorate of Knanaya Catholics in Canada എന്ന സഭാസംവിധാനത്തിന്റെ കീഴിൽ സ്വന്തമാക്കുന്ന രണ്ടാമത്തെ ദേവാലയമാണിത്. കാനഡയിലെ ക്നാനായ കത്തോലിക്ക സമൂഹത്തിന്റെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്ക് പുതിയ ദേവാലയം കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷ.

വിശ്വാസിസമൂഹത്തിന് നന്ദിയും ആശംസകളും – മോൺ. തോമസ് മുളവനാൽ: ഫിലാഡൽഫിയയിലും ടൊറന്റോയിലും ദേവാലയങ്ങൾ സ്വന്തമാക്കുന്നതിനായി പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും വിവിധ തലങ്ങളിലുള്ള സഹകരണങ്ങളിലൂടെയും പിന്തുണ നല്കിയ എല്ലാവർക്കും ക്നാനായ കാത്തലിക് റീജിയൻ ഡയറക്ടർ മോൺ. തോമസ് മുളവനാൽ ഹൃദയപൂർവ്വമായ നന്ദി അറിയിച്ചു.

വടക്കെ അമേരിക്കയിലെ ക്നാനായ കുടിയേറ്റ സമൂഹത്തിന്റെ അജപാലന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും ആത്മീയ വളർച്ച ഉറപ്പുവരുത്തുന്നതിനുമായി അഭിവന്ദ്യ പിതാക്കന്മാരും വൈദികരും നല്കിവരുന്ന നേതൃത്വത്തിനും അദ്ദേഹം നന്ദി രേഖപ്പെടുത്തി. ഈ മഹത്തായ സംരംഭങ്ങളുടെ വിജയത്തിനായി കൈകോർത്ത വിവിധ ഇടവകകൾക്കും വിശ്വാസിസമൂഹങ്ങൾക്കും വ്യക്തികൾക്കും അദ്ദേഹം പ്രത്യേകം നന്ദി അറിയിച്ചു.

നമ്മുടെ വിശ്വാസിസമൂഹത്തിന്റെ കൂട്ടായ പ്രാർത്ഥനയും ഐക്യവും ത്യാഗവും ഉദാരമായ സഹകരണവും ചേർന്നാണ് ഈ ദേവാലയങ്ങൾ സ്വന്തമാക്കാൻ സാധിച്ചത്. ഈ മഹത്തായ സംരംഭങ്ങളിൽ പങ്കുചേർന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിങ്ങളുടെ പ്രാർത്ഥനകൾക്കും സ്നേഹത്തിനും ത്യാഗങ്ങൾക്കും ഉദാരമായ സംഭാവനകൾക്കും ദൈവം തക്ക പ്രതിഫലം നല്കട്ടെ എന്ന് മോൺ. തോമസ് മുളവനാൽ ആശംസിച്ചു.

വടക്കെ അമേരിക്കയിലെ ക്നാനായ കുടിയേറ്റ സമൂഹത്തിന്റെ അജപാലന സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനൊപ്പം വിശ്വാസപരിശീലനം, കുടുംബ കൂട്ടായ്മകൾ, യുവജന ശുശ്രൂഷകൾ, സാമൂഹിക പ്രവർത്തനങ്ങൾ, വരുംതലമുറയുടെ വിശ്വാസ പാരമ്പര്യ സംരക്ഷണം എന്നിവയ്ക്ക് പുതിയ ദേവാലയങ്ങൾ കൂടുതൽ അവസരങ്ങൾ തുറക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

പ്രവാസഭൂമിയിൽ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിച്ചുകൊണ്ട് മുന്നേറുന്ന ക്നാനായ സമൂഹത്തിന് ഫിലാഡൽഫിയയിലെയും ടൊറന്റോയിലെയും ഈ നേട്ടങ്ങൾ പുതിയ ആത്മവിശ്വാസവും പ്രതീക്ഷയുമാണ് പകരുന്നത്.

ഒരു സമൂഹത്തിന്റെ പ്രാർത്ഥനയും ഐക്യവും കൂട്ടായ പരിശ്രമവും ഒത്തുചേരുമ്പോൾ ദീർഘകാല സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുമെന്നതിന്റെ സാക്ഷ്യമായി ഈ രണ്ട് ദേവാലയങ്ങളും മാറുകയാണ്.

മാലാഖക്കുഞ്ഞുങ്ങളുടെ വിസ്മയകൂട്ടായ്മ ഒരുക്കി ഡാളസ്

സിറിൾ ആനാലിൽ

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിലെ ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഹോളി ചൈൽഡ്ഹുഡ് ഡേയും എയ്ഞ്ചൽസ് പരേഡും എയ്ഞ്ചൽസ് നേർച്ചവിരുന്നും നടത്തപ്പെട്ടു. മാതാപിതാക്കൾ കുട്ടികളെ മാലാഖമാരുടെ വേഷത്തോടെ എത്തിച്ച് പരേഡിൽ പങ്കെടുപ്പിച്ചു. മാതാപിതാക്കൾ കുഞ്ഞുങ്ങൾ ആകുന്ന മാലാഖമാർക്ക് ചിറകായി കൂടെ ഉണ്ടാകണം എന്ന് വികാരി ഫാ. ബിൻസ് ചേത്തലിൽ അനുസ്മരിപ്പിച്ചു. കുട്ടികളുടെ എക്സിക്യൂട്ടീവ് അംഗങ്ങൾ ആയ മെലിയ കുടകശ്ശേരിൽ, എയ്ളി തെക്കനാട്ട്, സ്റ്റീവൻ വട്ടക്കുന്നേൽ, മെരീസാ കളത്തിൽ എന്നിവർ കോ-ഓർഡിനേറ്റർമാരോടൊപ്പം നേതൃത്വം നല്കി. എല്ലാവർക്കും പ്രത്യേകമായി സ്നേഹവിരുന്നും ക്രമീകരിച്ചു.



നേട്ടങ്ങളുടെ നെറുകയിൽ ആദരവിന്റെ പൊൻകിരീടവുമായി കേരള സെന്റർ 2026–ലെ അവാർഡുകൾ സമ്മാനിച്ചു

ജോസ് കാടാപുറം

എൽമണ്ട്, ന്യൂയോർക്ക്: കേരള സെന്ററിന്റെ 34-ാമത് അവാർഡ്ദാന ചടങ്ങ് പ്രൗഢഗംഭീരമായി. ഒക്ടോബർ 24-ന് വൈകുന്നേരം എൽമണ്ടിലെ സെന്റർ ആസ്ഥാനത്തായിരുന്നു അവാർഡ്ദാന ചടങ്ങ്. വിവിധ മേഖലകളിൽ പ്രതിഭ തെളിയിച്ചവരും സമൂഹ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവരുമായ ഒമ്പത് വ്യക്തികളെയാണ് അവാർഡ് നല്കി ആദരിച്ചത്.

ഈ വർഷം ആദരിക്കപ്പെട്ടവരും അവരുടെ പ്രവർത്തനമേഖലകളും: ലെജിസ്റ്റേറ്റർ ആനന്ദ് നമ്പ്യാർ - രാഷ്ട്രീയ നേതൃത്വം & മുഖ്യപ്രഭാഷകൻ, ഡോ. ജോ വർഗീസ് - വൈദ്യശാസ്ത്രം, ഡോ. ബീന എസ്. പീറ്റേഴ്സ് - നേഴ്സിംഗ് നേതൃത്വം, ഡോ. ഗിരീഷ് കുമാർ പണിക്കർ - അപ്ലൈഡ് സയൻസ്, ടി.എസ്. നന്ദകുമാർ - പെർഫോമിംഗ് ആർട്സ്, സിബി ഡേവിഡ് - കമ്യൂണിറ്റി സർവീസ്, പ്രിൻസ് ജോൺസൺ - വിദ്യാഭ്യാസം, ജോസ് ചെരിപുറം - പ്രവാസി മലയാള സാഹിത്യം, ഇൻസ്പെക്ടർ ഷിബു മധു - ഗവൺമെന്റ് & പബ്ലിക് സർവീസ്.

കേരള സെന്റർ ബോർഡ് മെംബറും പ്രോഗ്രാം ചെയർമാനുമായ ജെസ്വിൻ സാമുവലിന്റെ ആമുഖപ്രസംഗത്തോടെ പുരസ്കാരദാന ചടങ്ങിന് തിരശ്ശീല ഉയർന്നു. ഡെയ്സി സ്റ്റീഫൻ പള്ളിപ്പറമ്പിൽ ആയിരുന്നു എംസി, ബെയിലി സ്റ്റീഫന്റെ അമേരിക്കൻ ദേശീയഗാനവും ബിൻസി ചെറിയാന്റെ ഇന്ത്യൻ ദേശീയഗാനവും ഹൃദയഹാരിയായിരുന്നു. പ്രസിഡണ്ട് അലക്സ് കെ. എസ്തപ്പാൻ സെന്ററിന്റെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും ഹ്രസ്വമായി വിവരിച്ചുകൊണ്ട് അവാർഡ്ദാന ചടങ്ങ് ധന്യമാക്കാൻ സന്നിഹിതരായ സഹൃദയരായ ഏവരെയും സ്വാഗതം ചെയ്തു. നാസ്സോ കൗണ്ടി ലെജിസ്റ്റേറ്റർ കാരിയെ സൊളേജസ്, മുൻ സെനറ്റർ കെവിൻ തോമസ് എന്നിവർ ആശംസകൾ അർപ്പിക്കാനും അവാർഡുകൾ സമ്മാനിക്കാനും സന്നിഹിതരായിരുന്നു.

ട്രസ്റ്റി ബോർഡ് ചെയർമാനും അവാർഡ് കമ്മിറ്റി അംഗവുമായ ഡോ. തോമസ് ഏബ്രഹാം കേരള സെന്ററിന്റെ പ്രവർത്തനങ്ങളും ചരിത്രവും വിവരിച്ചു സംസാരിച്ചു. ഡയറക്ടർ ബോർഡിന്റെയും അവാർഡ് കമ്മിറ്റിയുടെയും ചെയർമാനായ ഡോ. മധു ഭാസ്കരൻ അവാർഡ് ജേതാക്കളെ തെരഞ്ഞെടുത്ത മാനദണ്ഡങ്ങൾ വിവരിച്ച് സംസാരിക്കുകയും മുഖ്യപ്രഭാഷകനും രാഷ്ട്രീയ നേതൃത്വത്തിനുള്ള അവാർഡ് ജേതാവുമായ വെസ്റ്റ്ചെസ്റ്റർ കൗണ്ടി ലെജിസ്റ്റേറ്റർ ആനന്ദ് നമ്പ്യാരെ പരിചയപ്പെടുത്തി. അദ്ദേഹം കൗണ്ടിയിലെ ആദ്യത്തെ ദക്ഷിണേഷ്യൻ അമേരിക്കനും ഹിന്ദുമത വിശ്വാസിയുമായ അംഗമാണ്. ലെജിസ്റ്റേറ്റർ നമ്പ്യാർ തന്റെ പ്രസംഗത്തിൽ ഇന്ത്യൻ അമേരിക്കൻ സമൂഹം ഇവിടുത്തെ രാഷ്ട്രീയ സാമൂഹിക മേഖലകളിൽ കൂടുതൽ ഭാഗഭാക്കാകണമെന്നും അമേരിക്കയെ ഒരു എടിഎം മെഷീനായി മാത്രം കാണരുതെന്നും ഉദ്ബോധിപ്പിച്ചു. കേരള സെന്റർ ഗ്രാൻഡ് പേട്രനും ട്രസ്റ്റീ ബോർഡ് മെംബറുമായ വർക്കി ഏബ്രഹാം അവാർഡ് സമ്മാനിച്ചു.



വൈദ്യശാസ്ത്രത്തിലെ നേട്ടത്തിനുള്ള അവാർഡ് ലഭിച്ച ഡോ. ജോ വർഗീസ് സ്റ്റോണി ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽ ന്യൂറോളജി വിഭാഗത്തിലെ ചെയർമാനും ഡിസ്റ്റിംഗ്വിഷ്ഡ് യൂണിവേഴ്സിറ്റി പ്രൊഫസറുമാണ്. അമേരിക്കൻ മലയാളികൾക്കിടയിൽ കുടിയേറ്റം കൊണ്ട് കോഗ്നിഷനിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളെ പരിശോധിക്കുന്ന എൻ.ഐ.എച്ച് ധനസഹായത്തോടെയുള്ള 'അക്കരെ' (AKKARE)- ഗവേഷണം അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. കേരള സെന്റർ യൂത്ത് ഫോറം ട്രഷറർ ജോയൽ തോമസ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ട്രസ്റ്റീ ബോർഡ് ചെയർമാൻ ഡോ. തോമസ് ഏബ്രഹാം അവാർഡ് സമ്മാനിച്ചു.



അപ്ലൈഡ് സയൻസിൽ അവാർഡ് ലഭിച്ച ഡോ. ഗിരീഷ് കുമാർ പണിക്കർ ഹോർട്ടികൾച്ചറൽ വിളകളെക്കുറിച്ചുള്ള സി-ഫാക്ടർ (കവർ ആൻഡ് മാനേജ്മെന്റ്) ഗവേഷണത്തിൽ പ്രാവീണ്യമുള്ള അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനായ കാർഷിക ശാസ്ത്രജ്ഞനാണ്. മിസിസിപ്പിയിലെ ആൽകോൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ പ്ലാന്റ് ആൻഡ് സോയിൽ സയൻസസിൽ പ്രൊഫസറും യുഎസ്ഡിഎ കൺസർവേഷൻ റിസർച്ച് സെന്ററിന്റെ ഡയറക്ടറുമാണ് അദ്ദേഹം. കേരള സെന്ററിന്റെ അവാർഡിയായ ജോഹരത്ത് കുട്ടി അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ട്രസ്റ്റീ ബോർഡ് മെമ്പർ ഡോ. ഉണ്ണി മൂഷൻ അവാർഡ് സമ്മാനിച്ചു.

പെർഫോമിംഗ് ആർട്സിൽ അവാർഡ് ലഭിച്ച ടി.എസ്. നന്ദകുമാർ ഇന്ത്യൻ രാഷ്ട്രപതിയിൽനിന്ന് സംഗീത-നാടക അക്കാദമി അവാർഡും മറ്റ് നിരവധി ബഹുമതികളും നേടിയിട്ടുള്ള വ്യക്തിയാണ്. ബോംബെ നന്ദകുമാർ എന്നും അറിയപ്പെടുന്ന ടി.എസ്.എൻ അന്താരാഷ്ട്രതലത്തിൽ പ്രശംസ നേടിയ മൃദംഗ വിദഗ്ദ്ധൻ, അദ്ധ്യാപകൻ, സംഗീത സംവിധായകൻ, എഴുത്തുകാരൻ, ഇന്ത്യൻ ക്ലാസിക്കൽ സംഗീതത്തിന്റെ സാംസ്കാരിക അംബാസഡർ എന്നീ നിലകളിൽ നിരവധി പതിറ്റാണ്ടുകളായുള്ള വിശിഷ്ടമായ ഒരു കരിയറാണ് അദ്ദേഹത്തിനുള്ളത്. 1998-ൽ ബോംബെയിൽ സ്ഥാപിതമായതും പിന്നീട് അമേരിക്കയിലെ ന്യൂജേഴ്സിയിൽ ഇൻകോർപ്പറേറ്റ് ചെയ്തതുമായ ടിഎസ്എന്റെ പെർക്കസീവ് ആർട്സ് സെന്ററിന്റെ (ടിഎസ്എൻപിഎസി) സ്ഥാപകനാണ്. കേരള സെന്റർ മെമ്പർ ഷൈനു ഗീവർഗീസ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഏബ്രഹാം ഫിലിപ്പ് അവാർഡ് സമ്മാനിച്ചു.

കമ്മ്യൂണിറ്റി സേവനത്തിന് അവാർഡ് ലഭിച്ച സിബി ഡേവിഡ് നാല് പതിറ്റാണ്ടുകളായി പൊതുസേവനം, കേരളീയ കലകൾ, സംസ്കാരം, മാനവിക സംരംഭങ്ങൾ, കമ്മ്യൂണിറ്റി നേതൃത്വം എന്നിവയിൽ സ്വയം സമർപ്പിച്ചിരിക്കുന്ന വ്യക്തിയാണ്. കേരള സെന്റർ യൂത്ത് ഫോറം സെക്രട്ടറി സാമുവൽ ജോസഫ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ബോർഡ് മെമ്പറും കൈരളി ടിവി യുഎസ്എ സാരഥിയുമായ ജോസ് കാടാപുറം മുൻ ന്യൂയോർക്ക് സെനറ്റർ കെവിൻ തോമസിന്റെ സാന്നിദ്ധ്യത്തിൽ അവാർഡ് സമ്മാനിച്ചു.

വിദ്യാഭ്യാസ മേഖലയിലെ മികവിനുള്ള അവാർഡ് ലഭിച്ച പ്രിൻസ് ജോൺസൺ 2026-ലെ ന്യൂയോർക്ക് സ്റ്റേറ്റ് ടീച്ചർ ഓഫ് ദ ഇയർ അവാർഡും 2025-ലെ ഗിൽഡർ ലേമൻ ന്യൂയോർക്ക് ഹിസ്റ്ററി ടീച്ചർ ഓഫ് ദ ഇയർ അവാർഡും നേടിയ 27 വർഷത്തെ പരിചയസമ്പന്നനായ അദ്ധ്യാപകനാണ്. കരിയർ, സാങ്കേതിക വിദ്യാഭ്യാസം എന്നിവയ്ക്ക് വേണ്ടി വാദിക്കുന്ന അദ്ദേഹം ന്യൂയോർക്ക് നഗരത്തിലെ ഫുഡ് ആൻഡ് ഫിനാൻസ് ഹൈസ്കൂളിൽ സാമൂഹിക ശാസ്ത്രം പഠിപ്പിക്കുകയും NYCPS ക്ലൈമറ്റ് എഡ്യൂക്കേഷൻ ലീഡർഷിപ് ടീമിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. കേരള സെന്ററിന്റെ മുൻ അവാർഡിയായ ഡോ. അന്ന ജോർജ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്ററിന്റെ മുൻ അവാർഡിയും ബോർഡ് മെമ്പറും ഫോമാ മുൻ പ്രസിഡണ്ടുമായ ബേബി ഊരാളിൽ അവാർഡ് സമ്മാനിച്ചു.

പ്രവാസി മലയാള സാഹിത്യത്തിൽ അവാർഡ് ലഭിച്ച ജോസ് ചെരിപുറം പ്രതിഭാസമ്പന്നനായ കവിയും ഹാസ്യസാഹിത്യകാരനുമാണ്. സർഗ്ഗവേദി, ലാന എന്നീ സാഹിത്യക്കൂട്ടായ്മയിൽ സജീവമാണ് അദ്ദേഹം. കാവ്യനർത്തകി (കവിതകൾ 2011), അളിയന്റെ പടവലങ്ങ (നർമ്മം 2012) എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ. അച്ചടി, ഓൺലൈൻ മാധ്യമങ്ങളിൽ കവിത, നർമ്മം, ലേഖനങ്ങൾ എന്നിവ എഴുതുന്നത് തുടരുന്നു. കേരള സെന്റർ മെമ്പർ ആമി ചെരിപുറം അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ മെമ്പറും അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആദരണീയ നേതാവുമായ ജെ. മാത്യൂസ് അവാർഡ് സമ്മാനിച്ചു.

സർക്കാർ, പൊതുസേവനം എന്നീ മേഖലകളിലെ മികവിനുള്ള 2025-ലെ അവാർഡു ജേതാവും എന്നാൽ ഫാമിലി എമർജൻസി കാരണം ചടങ്ങിൽ പങ്കെടുക്കാൻ കഴിയാതിരുന്ന ഇൻസ്പെക്ടർ ഷിബു മധുവിനെ ഈ വർഷത്തെ ചടങ്ങിൽ ആദരിച്ചു. കേരള സെന്ററിന്റെ യൂത്ത് ഫോറം ട്രഷറർ ജോയൽ തോമസ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ട്രസ്റ്റീബോർഡ് മെമ്പർ അറ്റോർണി അഷൻ മേനോൻ അവാർഡ് സമ്മാനിച്ചു.

ഈ അവാർഡ്ദാന ചടങ്ങിനോടനുബന്ധിച്ചിറക്കിയ സുവനീറിന്റെ പ്രകാശനം കമ്മി ചെയർ മേരി ഫിലിപ്പ് മറ്റ് കമ്മിറ്റിയംഗങ്ങളായ ജോസ് കാടാപുറം, മാത്യു വാഴപ്പള്ളി എന്നിവരുടെ സാന്നിദ്ധ്യത്തിൽ സർഗ്ഗവേദി കോ-ഓർഡിനേറ്റർ മനോഹർ തോമസിന് ഒരു കോപ്പി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

പയനിയർ ക്ലബ്, സർഗ്ഗവേദി, ഗോപിയോ, ഫൊക്കാന, ഫോമാ മുതലായ സംഘടനകളുടെ നേതാക്കൾ ഉൾപ്പെടെ നിരവധി കമ്മ്യൂണിറ്റി സംഘടനാ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.

കേരള സെന്റർ ഭാരവാഹികളായ ഏബ്രഹാം തോമസ്, ജോൺ പോൾ, മാത്യു വാഴപ്പള്ളി, ജെയ്സൺ ഗീവർഗീസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ചടങ്ങിന്റെ എംസിയായിരുന്ന ഡെയ്സി സ്റ്റീഫൻ പള്ളിപ്പറമ്പിൽ ഈ പരിപാടിയെ ഹൃദയസ്പർശിയായ ഒരനുഭവമാക്കി. തഹ്സീൻ, ബിൻസി, പ്രേം കൃഷ്ണൻ എന്നിവരുടെ മനോഹരമായ ഗാനങ്ങളും ഡോ. മധു പിള്ള കോ-ഓർഡിനേറ്റു ചെയ്യുന്ന കലാഗ്രൂപ്പിലെ കലാകാരികളുടെ നൃത്തച്ചുവടുകളും അവാർഡ് ചടങ്ങിന് വർണ്ണപ്പകിട്ടേകി. സെക്രട്ടറി രാജു തോമസ് വിശിഷ്ട വ്യക്തികൾക്കു സദസ്യർക്കും സ്പോൺസേഴ്സിനും ഈ പരിപാടി വിജയിപ്പിക്കുവാൻ പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറഞ്ഞു. കൊട്ടിലിയൻ റെസ്റ്റൻറ്റ് കേറ്റർ ചെയ്ത വിഭവ സമൃദ്ധമായ ഡിന്നറോടു കൂടി 2026-ലെ അവാർഡ് ദാന ചടങ്ങിന് തിരശ്ശീല വീണു.

കേരള സെന്റർ 2026–ലെ അവാർഡുദാനം ചിത്രങ്ങളിലൂടെ...










കേരള സെന്റർ 2026–ലെ അവാർഡുദാനം ചിത്രങ്ങളിലൂടെ...





















സ്നേഹിക്കാനുള്ളവരെ സ്നേഹിക്കുക. ക്ഷമിക്കാനുള്ളവരോട് ക്ഷമിക്കുക.



സിബി ഡേവിഡ്
ന്യൂയോർക്ക്

'ഇന്നലെയോളമെന്തെന്നറിഞ്ഞീല
ഇനി നാളെയുമെന്തെന്നറിഞ്ഞീല
ഇന്നിക്കണ്ട തടിക്കു വിനാശവും
ഇന്ന നേരമെന്നേതുമറിഞ്ഞീല'

ഇന്നലെ ഒരു ഓർമ്മയാണ്.
നാളെ ഒരു സങ്കല്പമാണ്.
ഇന്ന് മാത്രമാണ് യാഥാർത്ഥ്യം.

മനുഷ്യൻ തന്റെ ഭൂതകാലത്തെക്കുറിച്ച് അഭിമാനിക്കുകയും ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ നെയ്യുകയും ചെയ്യുന്നു. എന്നാൽ ഇന്നലെ കടന്നുപോയി. നാളെ വരുമെന്നതിന് ഒരു ഉറപ്പുമില്ല. നമുക്ക് അനുഭവിക്കാൻ കഴിയുന്ന ഏക യാഥാർത്ഥ്യം ഈ നിമിഷമാണ്.

എന്നിട്ടും വിചിത്രമെന്നു പറയട്ടെ, മനുഷ്യൻ ഏറ്റവും കുറച്ച് ജീവിക്കുന്നത് ഈ വർത്തമാനകാലത്തിലാണ്. കഴിഞ്ഞുപോയതിനെക്കുറിച്ചുള്ള ദുഃഖവും വരാനിരിക്കുന്നതിനെക്കുറിച്ചുള്ള ആശങ്കയും ചേർന്ന് അവന്റെ ഇന്നത്തെ ജീവിതത്തെ അപഹരിക്കുന്നു.

മനുഷ്യന്റെ ഏറ്റവും വലിയ അഹങ്കാരം സ്വന്തം നിലനിൽപ്പിലുള്ള അമിതവിശ്വാസമാണ്. നൂറുവർഷത്തേക്കുള്ള പദ്ധതികൾ തയ്യാറാക്കുന്ന മനുഷ്യന് അടുത്ത നിമിഷത്തെക്കുറിച്ചുപോലും ഉറപ്പില്ല. സമ്പത്തും പദവിയും പ്രശസ്തിയും അധികാരവും സ്വന്തമാക്കാനുള്ള പരക്കംപാച്ചിലിൽ അവൻ മറന്നുപോകുന്ന ഒരു സത്യമുണ്ട് ഇവയെല്ലാം അനുഭവിക്കാൻ താൻ ഇവിടെ ഉണ്ടായിരിക്കണമെന്നില്ല. മരണത്തെക്കുറിച്ചുള്ള ഓർമ്മ മനുഷ്യനെ ഭയപ്പെടുത്താനല്ല, മറിച്ച് അവന്റെ അഹങ്കാരത്തെ വിനയത്തിലേക്കു നയിക്കാനാണ്.

ജീവിതത്തിന്റെ ദൈർഘ്യമല്ല, അതിന്റെ ആഴമാണ് പ്രധാനം. എത്ര വർഷം ജീവിച്ചു എന്നതിനെക്കാൾ എങ്ങനെ ജീവിച്ചു എന്നതാണ് പ്രസക്തം. നാം എത്ര സമ്പാദിച്ചു എന്നതല്ല, എത്ര ഹൃദയങ്ങളെ സ്പർശിച്ചു എന്നതാണ് ജീവിതത്തിന്റെ യഥാർത്ഥ സമ്പാദ്യം. എത്ര പേരെ നിയന്ത്രിച്ചു എന്നതല്ല, എത്ര പേരെ സ്നേഹിച്ചു എന്നതാണ് മനുഷ്യന്റെ മഹത്ത്വം.

അവസാനം ജീവിതത്തിന്റെ കണക്കുപുസ്തകത്തിൽ ശേഷിക്കുന്നത് നമ്മുടെ സ്വത്തുക്കളോ സ്ഥാനമാനങ്ങളോ ആയിരിക്കണമെന്നില്ല. മറ്റുള്ളവരുടെ ഹൃദയങ്ങളിൽ നാം അവശേഷിപ്പിച്ച നന്മകളായിരിക്കും.

അനിത്യതയാണ് ജീവിതത്തിന്റെ ഏറ്റവും വലിയ സത്യവും സൗന്ദര്യവും. എല്ലാം മാറിക്കൊണ്ടിരിക്കുന്നു. യൗവനം വാർദ്ധക്യത്തിലേക്കും ആരോഗ്യം അനാരോഗ്യത്തിലേക്കും സന്തോഷം ദുഃഖത്തിലേക്കും ദുഃഖം സന്തോഷത്തിലേക്കും മാറാം. ഒന്നും ശാശ്വതമല്ല എന്ന തിരിച്ചറിവ് നിരാശയുടെ സന്ദേശമല്ല. മറിച്ച് ഓരോ നിമിഷത്തിനും വിലയുണ്ടെന്ന ഓർമ്മപ്പെടുത്തലാണ്. ഒരു പൂവിന്റെ സൗന്ദര്യം അതിന്റെ നൈമിഷികതയിലാണ്. ഒരു സൂര്യാസ്തമയത്തിന്റെ മനോഹാരിത അത് അധികനേരം നിലനിൽക്കാത്തതിലാണ്. അതുപോലെ ജീവിതവും അനശ്വരമല്ലാത്തതുകൊണ്ടു തന്നെ അമൂല്യമാണ്.

മരണം ഉറപ്പാണ്. അതിന്റെ സമയം അനിശ്ചിതമാണ്. ജീവിതം അനിശ്ചിതമാണ്. എന്നാൽ മനുഷ്യൻ അതിനെ ശാശ്വതമെന്നപോലെ കാണുന്നു.

മറ്റുള്ളവരുടെ മരണത്തെ നാം ഒരു സാധാരണ സംഭവമായി കാണുന്നു. സ്വന്തം മരണത്തെ മാത്രം അസാധാരണവും വിദൂരവുമായ ഒരു സാധ്യതയായി കരുതുന്നു. ഇവിടെ പൂന്താനം മുന്നോട്ടുവയ്ക്കുന്നത് കേവലം മരണചിന്തയല്ല. മറിച്ച് ജീവിതത്തെ അർത്ഥപൂർണ്ണമാക്കാനുള്ള ആത്മീയമായ ഒരു ആഹ്വാനമാണ്.

ജീവിതമെന്നത് ജനനത്തിനും മരണത്തിനും ഇടയിലുള്ള കുറേ വർഷങ്ങളുടെ കണക്കല്ല. അറിയാത്ത ഒരു തുടക്കത്തിനും ഒഴിവാക്കാനാവാത്ത ഒരു അവസാനത്തിനുമിടയിലെ ക്ഷണികമായ അനുഭവമാണ്.

ഇവിടെ നാം ഉടമസ്ഥരല്ല. താൽക്കാലിക സഞ്ചാരികൾ മാത്രമാണ്.



ധനികനായ മൂഢന്റെ ഉപമ യേശുക്രിസ്തു പറയുന്നു. അയാളുടെ കൃഷിസ്ഥലത്ത് സമൃദ്ധമായ വിളവുണ്ടായി. തന്റെ സമ്പാദ്യം സൂക്ഷിച്ചുവയ്ക്കാൻ നിലവിലുള്ള കളപ്പുരകൾ മതിയാകാതെ വന്നപ്പോൾ, അവ പൊളിച്ചുമാറ്റി കൂടുതൽ വലിയ കളപ്പുരകൾ പണിയാൻ അയാൾ തീരുമാനിച്ചു.

തുടർന്ന് അയാൾ പറഞ്ഞു:

'അനേക വർഷങ്ങളിലേക്ക് വേണ്ടുന്ന ധാരാളം സമ്പത്ത് നിനക്കുണ്ട്. വിശ്രമിക്കുക, തിന്നുക, കുടിക്കുക, ആനന്ദിക്കുക.'

അയാളുടെ ഉള്ളിൽ ഉണർന്ന ബോധം ചിന്തകൾക്ക് ചിറകുകൾ നൽകി. ആ ചിന്തകൾ അയാളെ സ്വന്തം അസ്തിത്വത്തിന്റെ അർത്ഥം തേടാൻ പ്രേരിപ്പിച്ചു.

'മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചിരിക്കുന്നതെല്ലാം ആർക്കാകും?" (ലൂക്കോസ് 12:20)

ആ ധനികൻ തന്റെ ഭാവി ഭദ്രമാക്കാൻ വേണ്ടതെല്ലാം ആസൂത്രണം ചെയ്തിരുന്നു. എന്നാൽ തന്റെ നിലനിൽപ്പിന്റെ അനിശ്ചിതത്വത്തെക്കുറിച്ച് അയാൾ ചിന്തിച്ചിരുന്നില്ല.

നാം സ്വന്തമെന്നു കരുതുന്ന ശരീരവും ബന്ധങ്ങളും സമ്പത്തും സ്ഥാനമാനങ്ങളുമെല്ലാം കാലത്തിന്റെ മുന്നിൽ താൽക്കാലികമാണ്. ഇന്നത്തെ നമ്മുടെ നേട്ടങ്ങൾ നാളെയുടെ ഓർമ്മകളായി മാറും. ഒരിക്കൽ നമ്മുടെ സാന്നിധ്യംകൊണ്ട് നിറഞ്ഞിരുന്ന ഇടങ്ങൾ നമ്മുടെ അഭാവത്തിലും തുടർന്നു നിൽക്കും.

നമ്മുടെ വരവിനു മുമ്പും ഈ ലോകമുണ്ടായിരുന്നു. നമ്മുടെ മടക്കത്തിനു ശേഷവും ഈ ലോകം ഉണ്ടാകും.

അതുകൊണ്ട് ഈ ലോകത്തെ കീഴടക്കുകയല്ല മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. ഇവിടെ അനുവദിക്കപ്പെട്ടിരിക്കുന്ന സമയത്തെ അർത്ഥപൂർണ്ണമാക്കുകയാണ്.

നാളെ മരിക്കുമെന്ന ഭയത്തിൽ ജീവിക്കേണ്ടതില്ല. എന്നാൽ നാളെ തീർച്ചയായും ജീവിച്ചിരിക്കുമെന്ന അഹങ്കാരത്തിലും ജീവിക്കരുത്.

സ്നേഹിക്കാനുള്ളവരെ സ്നേഹിക്കുക. ക്ഷമിക്കാനുള്ളവരോട് ക്ഷമിക്കുക. നന്ദി പറയാനുള്ളവരോട് നന്ദി പറയുക. ചെയ്യാൻ കഴിയുന്ന നന്മകൾ മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കാതിരിക്കുക. കാരണം ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടം മരണമല്ല. ജീവിച്ചിരിക്കുമ്പോൾ യഥാർത്ഥത്തിൽ ജീവിക്കാൻ മറന്നുപോകുന്നതാണ്.

പൂന്താനത്തിന്റെ ഈ നാലുവരികളുടെ അന്തഃസത്ത ഒരു വാക്യത്തിൽ പറയാം.

നമ്മുടെ ജീവിതത്തിൽ എത്ര സമയം അവശേഷിക്കുന്നുവെന്നത് നമുക്കറിയില്ല. എന്നാൽ അവശേഷിക്കുന്ന സമയത്തിൽ എത്രമാത്രം ജീവിതം നിറയ്ക്കണമെന്നത് നമുക്ക് തീരുമാനിക്കാം.

കവിത



സിനി തോമസ്

എവിടേയ്ക്കാ?

പ്രിയമുള്ള ഒരിടത്തു നിന്നും
കാണാതായ നമ്മളെ
തിരഞ്ഞിറഞ്ഞുന്നു...

എന്നിട്ട് ?
നടന്ന് നടന്ന്
പുഴപോലെ
കുത്തിയൊലിച്ചും,
പാറകളിൽ തട്ടിയും,
പതഞ്ഞൊഴുകുന്ന
സ്വപ്നത്തിന്റെ തീരത്തെത്തി ...

അവിടെ
അക്കരെയിക്കരെ നീന്തി,
മുങ്ങി നടക്കുന്ന,
വാക്ക് കൂട്ടത്തിനെ ചൂണ്ടയിട്ട്
പുറം തിരിഞ്ഞിരിക്കുന്ന
നമ്മൾ....
അറിയാതെ,
എപ്പോഴോ ഇരവിഴുങ്ങി,
ചൂണ്ട ചരട് വലിക്കുന്നു,
ഒരു വാക്ക്...
പക്ഷേ
മിണ്ടി മിണ്ടി
മുറിയാതിരിക്കാൻ
നമ്മൾ കാണാതെ
വാക്കും
ഞാനും
നീയും
മാഞ്ഞുപോകുന്നു ...

അതെന്താ ?
വേറെന്തുചെയ്യാനാണ് ...


ഉച്ചത്തിൽ കരയുന്ന
വാക്കിനെ കേൾക്കാതെ
പോയ രണ്ടു മനുഷ്യർ...

ഞാനൊരു കാര്യം ചോദിക്കട്ടെ ?
ചോദിക്കൂ ....

ഏതാണ് ആ വാക്ക് ...
പറയാം....

നഷ്ടപ്പെട്ടവർക്ക്
മാത്രമറിയുന്ന ഒരു രഹസ്യം

കെ. എസ്. ചിത്രയ്ക്ക് ഭാരതരത്നം നൽകണം: ഡോ. എം. വി. പിള്ള








അനിൽ പെണ്ണുക്കര

ചില വാക്കുകൾ കേൾക്കുമ്പോൾ നാം കൈയടിക്കും. എന്നാൽ ചില വാക്കുകൾ കേട്ടുകഴിഞ്ഞാലും അവ നമ്മെ പിന്തുടരും. ഒരു വ്യക്തിയുടെ മഹത്വത്തെക്കുറിച്ച് പറയുമ്പോൾ, അവരുടെ നേട്ടങ്ങളുടെ പട്ടികയ്ക്കപ്പുറം ആ വ്യക്തി സമൂഹത്തിൽ സൃഷ്ടിച്ച സ്വാധീനത്തെക്കുറിച്ചുകൂടി ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന വാക്കുകളാണവ. മലയാളത്തിന്റെ പ്രിയ ഗായിക കെ.എസ്. ചിത്രയ്ക്ക് ഭാരതരത്നം നൽകണമെന്ന് ചെങ്ങന്നൂർ കെ.എം. ചെറിയാൻ ഹോസ്പിറ്റലിൽ നടന്ന ഒരു ചടങ്ങിൽ ലോക പ്രശസ്ത കാൻസർരോഗ വിദഗ്ദ്ധനും വാഗ്മിയുമായ ഡോ. എം.വി. പിള്ളയുടെ പ്രസംഗത്തിലെ പരാമർശത്തെ അത്തരമൊരു ചിന്തയുടെ തുടക്കമായി കാണാം. അത് കേവലം ഒരു പുരസ്കാരത്തിനായുള്ള ആവശ്യമല്ല; സംഗീതത്തിലൂടെ ഒരു ജനതയുടെ ഹൃദയത്തിൽ ഇടംനേടിയ കലാകാരിയുടെ മഹത്വത്തെ എങ്ങനെ വിലയിരുത്തണമെന്ന ചോദ്യവും അതിലുണ്ട്.

കെ.എസ്. ചിത്രയെ മലയാളിക്ക് പരിചയപ്പെടുത്തേണ്ടതില്ല. പതിറ്റാണ്ടുകളായി മലയാളിയുടെ ജീവിതത്തോടൊപ്പം സഞ്ചരിക്കുന്ന ശബ്ദമാണത്. പ്രണയത്തിന്റെ മൃദുലതയിലും വിരഹത്തിന്റെ വേദനയിലും ഭക്തിയുടെ നിർമലതയിലും സന്തോഷത്തിന്റെ ആഘോഷങ്ങളിലും ചിത്രയുടെ പാട്ടുകൾ നമ്മോടൊപ്പമുണ്ടായിരുന്നു. തലമുറകൾ മാറി, സംഗീതത്തിന്റെ രീതികൾ മാറി, കേൾവിയുടെ ലോകം മാറി. എന്നിട്ടും ചിത്രയുടെ ശബ്ദത്തോടുള്ള സ്നേഹത്തിനും ആദരവിനും മങ്ങലേറ്റില്ല. ഒരു ഗായിക എന്ന നിലയിൽ അവർ നേടിയെടുത്തത് ജനപ്രീതി മാത്രമല്ല; മലയാളികളുടെ വൈകാരിക ജീവിതത്തിൽ അവർ സ്വന്തമാക്കിയ സവിശേഷമായൊരു സ്ഥാനമാണ്.

എന്നാൽ ഒരു കലാകാരിയുടെ മഹത്വം അവരുടെ കലാപ്രതിഭയിൽ മാത്രം ഒതുങ്ങുന്നതാണോ? സമൂഹം അവരിൽ അർപ്പിക്കുന്ന വിശ്വാസം, അവരുടെ വാക്കുകൾക്ക് ലഭിക്കുന്ന സ്വീകാര്യത, മനുഷ്യരുടെ ജീവിതത്തെ സ്വാധീനിക്കാനുള്ള കഴിവ് എന്നിവകൂടി ആ വ്യക്തിത്വത്തിന്റെ പ്രാധാന്യം നിർണയിക്കുന്നില്ലേ? ഡോ. എം.വി. പിള്ളയുടെ പ്രസംഗത്തിലെ ഭാരതരത്നം എന്ന പരാമർശത്തെ ഈ വിശാലമായ കാഴ്ചപ്പാടിൽനിന്ന് വായിക്കുമ്പോഴാണ് അതിന്റെ പ്രസക്തി കൂടുതൽ വ്യക്തമാകുന്നത്.





ചിത്രയുടെ ശബ്ദം സംഗീതത്തിലൂടെ മനുഷ്യരുടെ മനസ്സുകളെ സ്പർശിച്ചു. അതേ ശബ്ദം ആരോഗ്യത്തെക്കുറിച്ചും രോഗപ്രതിരോധത്തെക്കുറിച്ചും ബോധവത്കരണത്തിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിക്കുമ്പോൾ അതിന് മറ്റൊരു സാമൂഹിക അർഥം കൈവരുന്നു. പ്രത്യേകിച്ച് സ്തനാർബുദ ബോധവത്കരണം, നേരത്തെയുള്ള രോഗനിർണയം, ആവശ്യമായ പരിശോധനകൾ, സമഗ്രമായ ചികിത്സ എന്നിവയെക്കുറിച്ചുള്ള സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ ജനങ്ങളുടെ വിശ്വാസം നേടിയ ഒരു കലാകാരിക്ക് സാധിക്കുന്നുവെങ്കിൽ, അത് സംഗീതലോകത്തിനപ്പുറത്തേക്കുള്ള സംഭാവനയാണ്.

ആരോഗ്യത്തെക്കുറിച്ചുള്ള പല ചർച്ചകളിലും ഇന്നും ഭയവും അറിവില്ലായ്മയും മടിയും നിലനിൽക്കുന്നുണ്ട്. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾക്കിടയിൽ സ്വന്തം ആരോഗ്യം അവഗണിക്കുന്ന സ്ത്രീകളുണ്ട്. രോഗത്തെക്കുറിച്ച് സംസാരിക്കാൻ മടിക്കുന്നവരുണ്ട്. പരിശോധനയെക്കുറിച്ച് ആശങ്കപ്പെടുന്നവരുമുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ജനങ്ങൾ സ്നേഹിക്കുന്ന ഒരാൾ ആരോഗ്യ ബോധവത്കരണത്തിന്റെ സന്ദേശവുമായി മുന്നോട്ടുവരുന്നത് ശ്രദ്ധേയമാണ്. ആ വാക്കുകൾ ഒരാളെയെങ്കിലും പരിശോധനയെക്കുറിച്ച് ചിന്തിപ്പിച്ചാൽ, മറ്റൊരാളെ വൈദ്യോപദേശം തേടാൻ പ്രേരിപ്പിച്ചാൽ, അതിന് വ്യക്തമായ സാമൂഹിക മൂല്യമുണ്ട്.

അമേരിക്കയിൽ ആരോഗ്യബോധവത്കരണ രംഗത്ത് പ്രശസ്ത വ്യക്തികളുടെ ഇടപെടലുകൾ സൃഷ്ടിച്ച സ്വാധീനം ഇതിന് ഉദാഹരണമാണ്. സ്തനാർബുദ പരിശോധനയായ മാമോഗ്രാമിനെക്കുറിച്ചും വൻകുടൽ കാൻസർ കണ്ടെത്താൻ സഹായിക്കുന്ന കൊളനോസ്കോപ്പിയെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിൽ മാധ്യമപ്രവർത്തകരും പ്രശസ്ത വ്യക്തികളും പങ്കുവഹിച്ചിട്ടുണ്ട്. അമേരിക്കൻ ടെലിവിഷൻ അവതാരക കാറ്റി ക്യൂറി സ്വന്തം കൊളനോസ്കോപ്പി പരിശോധനയെക്കുറിച്ച് പരസ്യമായി സംസാരിച്ചത് വൻകുടൽ കാൻസർ പരിശോധനയുടെ പ്രാധാന്യത്തിലേക്ക് വലിയൊരു വിഭാഗത്തിന്റെ ശ്രദ്ധ തിരിക്കാൻ സഹായിച്ച ശ്രദ്ധേയമായ സംഭവമാണെന്ന് ഡോ. എം.വി. പിള്ള ഓർമ്മിപ്പിക്കുന്നു.

MEANA വാർഷിക വിരുന്നും എഞ്ചിനീയർ ഓഫ് ദി ഇയർ പുരസ്കാര ദാനവും നവംബർ 7-ന്

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ മലയാളി എൻജിനീയർമാരുടെ സംഘടനയായ മലയാളി എഞ്ചിനീയേഴ്സ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക (MEANA)യുടെ വാർഷിക വിരുന്നും 2026-ലെ 'എഞ്ചിനീയർ ഓഫ് ദി ഇയർ' പുരസ്കാരദാന



ചടങ്ങും നവംബർ 7-ന് ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് ഇല്ലിനോയിയിലെ ഡൗണേഴ്സ് ഗ്രോവിലുള്ള അഷിയാനയിൽ നടക്കും.

1992-ൽ ചിക്കാഗോ മേഖലയിലെ ഒരുകൂട്ടം മലയാളി എഞ്ചിനീയർമാർ ചേർന്ന് സ്ഥാപിച്ച MEANA, നോർത്ത് അമേരിക്കയിലുടനീളമുള്ള മലയാളി എഞ്ചിനീയർമാരെ ഒരുമിപ്പിക്കുന്നതിനും അവരുടെ പ്രൊഫഷണൽ വളർച്ചയ്ക്കും സാംസ്കാരിക കൂട്ടായ്മയ്ക്കും പ്രോത്സാഹനം നല്കുന്നതിനുമായി പ്രവർത്തിച്ചുവരുന്നു. സാങ്കേതിക സെമിനാറുകൾ, പ്രൊഫഷണൽ മീറ്റിംഗുകൾ, വിജ്ഞാന വിനിമയം, നെറ്റ് വർക്കിംഗ്, കുടുംബസംഗമങ്ങൾ, മറ്റ് സാമൂഹിക പരിപാടികൾ എന്നിവയിലൂടെ എഞ്ചിനീയറിംഗ് സമൂഹത്തിൽ സജീവ സാന്നിദ്ധ്യമാണ് സംഘടന.

MEANA-യുടെ 34 വർഷത്തെ പ്രവർത്തനപാരമ്പര്യം ആഘോഷിക്കുന്ന വേദി കൂടിയാണ് ഈ വർഷത്തെ വാർഷിക വിരുന്ന്.

ഈപ്പൻ കുരുവിള

ഇന്നവേഷൻ ഇൻകുബേറ്റർ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ സഹസ്ഥാപകനും സിഇഒയുമായ ആന്റണി സത്യദാസ് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. സാങ്കേതിക വിദ്യ, നൂതനാശയങ്ങൾ, സംരംഭകത്വം എന്നീ മേഖലകളിൽ തന്റെ അനുഭവങ്ങളും കാഴ്ചപ്പാടുകളും അദ്ദേഹം പങ്കുവെക്കും.

മയാമി യൂണിവേഴ്സിറ്റിയിലെ കോളജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് കമ്പ്യൂട്ടിങ് ഡീൻ ഡോ. ബീന സുകുമാരന് 2026-ലെ 'MEANA എഞ്ചിനീയർ ഓഫ് ദി ഇയർ' പുരസ്കാരം സമ്മാനിക്കുന്നതാണ് ചടങ്ങിലെ മുഖ്യ ആകർഷണം. അമേരിക്കയിൽ താമസിക്കുന്ന മലയാളി വംശജരായ എഞ്ചിനീയർമാരിൽ പ്രൊഫഷണൽ മികവ്, നേതൃപാടവം, നൂതനാശയങ്ങൾ, സാമൂഹിക സേവനം എന്നീ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നല്കിയ വ്യക്തികളെ ആദരിക്കുന്നതിനാണ് ഈ പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്.

MEANA അംഗങ്ങളെയും കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും എല്ലാ അഭ്യുദയകാംക്ഷികളെയും ഈ ആഘോഷവേളയിലേക്ക് ഹാർദ്ദമായി ക്ഷണിക്കുന്നു.

സഹപ്രവർത്തകരുമായും സാങ്കേതികവിദ്യാരംഗത്തെ പ്രമുഖരുമായും സൗഹൃദം പുതുക്കാനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കാനും സംഘടനയുടെ 34 വർഷത്തെ നേട്ടങ്ങൾ ആഘോഷിക്കാനും ഈ സംഗമം അവസരമൊരുക്കും.

വിജ്ഞാനപ്രദമായ പ്രഭാഷണങ്ങൾ, സൗഹൃദസംഗമങ്ങൾ, വിഭവസമൃദ്ധമായ അത്താഴവിരുന്ന്, കലാപരിപാടികൾ എന്നിവയും ആഘോഷത്തിന്റെ ഭാഗമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: റോബിൻ കെ. തോമസ് പ്രസിഡന്റ് MEANA .

ഐപിസി ഫാമിലി കോൺഫറൻസ് രജിസ്ട്രേഷൻ കിക്കോഫ് ഡാളസിൽ

നിബു വെള്ളവന്താനം

ഡാളസ്: ഐപിസി നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസിന്റെ (IPCNAFC) രജിസ്ട്രേഷൻ കിക്കോഫും സംഗീത സായാഹ്നവും നവംബർ 15-ന് ഞായറാഴ്ച വൈകിട്ട് 5.30-ന് ഡാളസിലെ ഫിലാഡൽഫിയ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഡാളസിൽ (7200 Rowlett Rd Rowlett, TX 75089) വെച്ച് നടത്തപ്പെടും.

അനുഗൃഹീത പ്രഭാഷകൻ പാസ്റ്റർ കെ. ജോയി (ഡാളസ്) മുഖ്യ വചനസന്ദേശം നല്കും. ബ്രദർ ജിനു വർഗീസും വർഷിപ്പ് ടീമും ആത്മീയ സംഗീത ആരാധനയ്ക്ക് നേതൃത്വം നല്കും. ഡാളസിലും പരിസര പ്രദേശങ്ങളിലുമുള്ള ഐപിസി സഭാ ശുശ്രൂഷകന്മാരും സഭാ പ്രതിനിധികളും യോഗത്തിൽ സംബന്ധിക്കും. നാഷണൽ പ്രതിനിധി ബ്രദർ ജോൺ വർഗീസ് ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കും. നാഷണൽ കൺവീനർ പാസ്റ്റർ റോയ് വാകത്താനം, നാഷണൽ സെക്രട്ടറി ബ്രദർ രാജൻ ആര്യപ്പള്ളിൽ, നാഷണൽ ട്രഷറർ ബ്രദർ സാക്ക് ചെറിയാൻ, നാഷണൽ യൂത്ത് കോ-ഓർഡിനേറ്റർ ബ്രദർ ജോമി ജോർജ്, നാഷണൽ ലേഡീസ് കോ-ഓർഡിനേറ്റർ സിസ്റ്റർ കൊച്ചുമോൾ ജെയിംസ് എന്നിവർ കോൺഫറൻസ് സംബന്ധിച്ച വിശദീകരണങ്ങൾ നല്കും.

ലോക വിനോദസഞ്ചാരികൾ ഏറെ ഇഷ്ടപ്പെടുന്ന ഫ്ളോറിഡയിലെ ഡിസ്നി വേൾഡിനു സമീപമുള്ള ഹിൽട്ടൺ ഹോട്ടൽ സമുച്ചയത്തിലാണ് (1751 Hotel Plaza Blvd, Lake Buena Vista, Orlando, Fl 32830) 2027 ജൂലൈ ഒന്നു മുതൽ 4 വരെ 21-ാമത് ഐപിസി നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസ് നടത്തപ്പെടുന്നത്. യോഗത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.



ഡിട്രോയിറ്റ് ക്നാനായ കത്തോലിക്ക ഇടവകയിൽ മിഷൻ ലീഗിന് പുതിയ നേതൃത്വം



ജെയിസ് കണ്ണച്ചാൻപറമ്പിൽ

ഡിട്രോയിറ്റ്: ക്നാനായ കത്തോലിക്ക ഇടവകയിൽ മിഷൻ ലീഗിന് പുതിയ നേതൃത്വം. ജോൺ പോൾ കണ്ണച്ചാൻപറമ്പിൽ (പ്രസിഡണ്ട്), ലിലിയൻ കവണാൻ (വൈസ് പ്രസിഡണ്ട്), ഐസയ്യ താന്നിച്ചുവട്ടിൽ (സെക്രട്ടറി), അജയ് പൊക്കന്താനം (ജോയിന്റ് സെക്രട്ടറി), ഇസബെല്ല പുത്തൻപറമ്പിൽ (ട്രഷറർ), കമ്മിറ്റി മെംബേഴ്സ്-ജെയ്ഡൻ എരുമത്തറ, ക്രിസ്റ്റഫർ താന്നിക്കുഴിപ്പിൽ, ഈവ ഇടത്തിപ്പുറമ്പിൽ, ഒലീവിയ താന്നിച്ചുവട്ടിൽ, നറ്റാലിയ താനത്ത്, സെയറ കണ്ണച്ചാൻപറമ്പിൽ, മിഷേൽ കണ്ണച്ചാൻപറമ്പിൽ. സുബി തേക്കിലക്കാട്ടിൽ (ജോയിന്റ് ഡയറക്ടർ), റവ.ഫാ. ജോസഫ് തറയ്ക്കൽ (ഡയറക്ടർ).

ഐക്യരാഷ്ട്ര സംഘടനയ്ക്ക് 81 വയസ്സ്; യു.എന്നിന്റെ രൂപീകരണവും പ്രസക്തിയും

ബെൻസൺ തെങ്ങുംപള്ളിൽ

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരതകളിൽ ലോകം വിറങ്ങലിച്ച് നിന്നപ്പോൾ ലോകത്ത് ശാശ്വത സമാധാനം നിലനിർത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി രൂപംകൊണ്ട അന്താരാഷ്ട്ര പ്രസ്ഥാനമാണ് ഐക്യരാഷ്ട്ര സംഘടന (യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷൻ-യുഎൻഒ) 1945 ഒക്ടോബർ 24-നാണ് യു.എൻ. ഔദ്യോഗികമായി നിലവിൽ വന്നത്. എല്ലാ വർഷവും ഒക്ടോബർ 24 'ഐക്യരാഷ്ട്ര ദിനം' (യുഎൻ ഡേ) ആയി ആചരിക്കുന്നു.

ഒന്നാം ലോകമഹാ യുദ്ധത്തിനുശേഷം സമാധാനം നിലനിർത്താനായി ലീഗ് ഓഫ് നേഷൻസ് രൂപീകരിച്ചിരുന്നുവെങ്കിലും രണ്ടാം ലോകമഹായുദ്ധം തടയുന്നതിൽ അത് പൂർണ്ണമായും പരാജയപ്പെട്ടു. 1839 മുതൽ 1945 വരെ നീണ്ടുനിന്ന രണ്ടാം ലോകമഹായുദ്ധത്തിൽ ദശലക്ഷക്കണക്കിന് ആളുകൾക്ക് ജീവൻ നഷ്ടപ്പെടുകയും വൻതോതിൽ സാമ്പത്തികത്തകർച്ച ഉണ്ടാകുകയും ചെയ്തു. ഭാവിതലമുറയെ ഇത്തരം യുദ്ധക്കെടുതികളിൽ നിന്ന് രക്ഷിക്കാൻ ശക്തമായ ഒരു പുതിയ സംഘടന വേണമെന്ന് ലോക നേതാക്കൾ മനസ്സിലാക്കി. അതേത്തുടർന്ന് യു.എസ് പ്രസിഡണ്ട് ഫ്രാങ്ക്ളിൻ ഡി. റൂസ്വെൽറ്റും ബ്രിട്ടീഷ് പ്രധാ



ലേഖകൻ

നമന്ത്രി വിൻസ്റ്റൺ ചർച്ചിലും ചേർന്ന് ലോകസമാധാനത്തിനായുള്ള ഒരു കരാറിൽ ഒപ്പുവെച്ചു.

യുണൈറ്റഡ് നേഷൻസ് എന്ന പേര് ആദ്യമായി നിർദ്ദേശിച്ചത് ഫ്രാങ്ക്ളിൻ റൂസ്വെൽറ്റ് ആണ്. 26 രാജ്യങ്ങൾ ഇതിൽ പങ്കാളികളായി. 1944-ൽ വാഷിങ്ടണിൽ വെച്ച് നടന്ന ഡംബാർട്ടൺ ഓക്സ് സമ്മേളനത്തിലാണ് യു.എന്നിന്റെ ഘടനയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ആദ്യമായി വ്യക്തമായ രൂപരേഖ തയ്യാറാക്കിയത്.

1945-ൽ സാൻ ഫ്രാൻസിസ്കോ സമ്മേളനത്തിൽ 50 രാജ്യപ്രതിനിധികൾ പങ്കെടുത്തു. തുടർന്ന് 1945 ജൂൺ 26-ന് യു.എൻ. ചാർട്ടർ ഒപ്പുവെച്ചു. സ്ഥാപക അംഗങ്ങളുടെ എണ്ണം 51 ആയിരുന്നു. ഔദ്യോഗിക രൂപീകരണം 1945 ഒക്ടോബർ 24-ന്.

സുരക്ഷാ കൗൺസിലിലെ 5 സ്ഥിരം അംഗങ്ങളും ഭൂരിഭാഗം മറ്റ് രാജ്യങ്ങളും ചാർട്ടർ അംഗീകരിച്ചതോടെ 1945 ഒക്ടോബർ 24-ന് ഐക്യരാഷ്ട്ര സംഘടന നിലവിൽ വന്നു.

ഐക്യരാഷ്ട്ര സംഘടനയുടെ ഭരണഘടനയായ യു.എൻ. ചാർട്ടർ അനുസരിച്ച് സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ, രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ ചർച്ചകളിലൂടെയും നയതന്ത്രത്തിലൂടെയും പരിഹരിക്കുക, രാജ്യങ്ങൾക്കിടയിൽ തുല്യാവകാശവും ആത്മാഭിമാനവും മുൻനിർത്തി സൗഹൃദം സ്ഥാപിക്കുക, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക, മാനുഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒന്നിച്ച് പ്രവർത്തിക്കുക, ജാതി, മതം, ലിംഗം, ഭാഷ എന്നിവയുടെ വേർതിരിവില്ലാതെ എല്ലാവരുടെയും മനുഷ്യവകാശങ്ങളും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുക എന്നിവയായിരുന്നു.

ഐക്യരാഷ്ട്ര സംഘടനയിൽ തുടക്കം മുതൽ സജീവമായി പങ്കാളിയായ രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 1945 ഒക്ടോബർ 30-നാണ് ഇന്ത്യ യു.എന്നിൽ അംഗമാകുന്നത്.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപുതന്നെ യു.എന്നിന്റെ സ്ഥാപക അംഗങ്ങളിൽ ഒന്നാകാൻ കഴിഞ്ഞു എന്നത് ചരിത്രപരമായ പ്രാധാന്യമർഹിക്കുന്നു. സമാധാന പരിപാലന സേനയിൽ ഏറ്റവും കൂടുതൽ സൈനികരെ നല്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ.

ലോകമഹായുദ്ധങ്ങൾ ഒഴിവാക്കുന്നതിലും ലോകസമാധാനം നിലനിർത്തുന്നതിനും മാത്രമായിരുന്നില്ല ഐക്യരാഷ്ട്ര സംഘടന പ്രാധാന്യം നല്കിയത്. ദാരിദ്ര്യ നിർമ്മാർജ്ജനം, ആഗോള ആരോഗ്യം, കാലാവസ്ഥാ വ്യതിയാനം, അഭയാർത്ഥി പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിലും ഐക്യരാഷ്ട്ര സംഘടന നിർണ്ണായക പങ്കാണ് വഹിക്കുന്നത്.

പോരായ്മകളും വെല്ലുവിളികളും നേരിടുന്നുണ്ടെങ്കിലും കൂട്ടായ ഒരു ആഗോള കൂട്ടായ്മ എന്ന നിലയിൽ യു.എന്നിന്റെ പ്രസക്തി ഇന്നും അത്യന്താപേക്ഷിതമായി തുടരുന്നു.

22 കോടി ക്രൈസ്തവർ കടുത്ത പീഡനം അനുഭവിക്കുന്നുവെന്ന് എസിഎൻ റിപ്പോർട്ട്

വത്തിക്കാൻ സിറ്റി: ലോകമെമ്പാടുമായി 22 കോടിയിലധികം ക്രൈസ്തവ വിശ്വാസികൾ കടുത്ത പീഡനങ്ങൾക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും ഇരയാകുന്നതായി അന്താരാഷ്ട്ര കത്തോലിക്കാ സന്നദ്ധസംഘടനയായ 'എയ്ഡ് ടു ദ ചർച്ച് ഇൻ നീഡ്' (എസിഎൻ). സംഘടന പുറത്തുവിട്ട 'പീഡിപ്പിക്കപ്പെടുന്നവരും വിസ്മരിക്കപ്പെടുന്നവരും: 2024-2026' എന്ന സമഗ്ര പഠനറിപ്പോർട്ടിലാണു ഞെട്ടിക്കുന്ന വിവരങ്ങളുള്ളത്.

ആഗോളതലത്തിൽ 41.3 കോടി ക്രൈസ്തവർ കടുത്ത മതസ്വാതന്ത്ര്യ ലംഘനങ്ങൾ നേരിടുമ്പോൾ, പഠനം നടത്തിയ 18 രാജ്യങ്ങളിൽ 55 ശതമാനത്തിലും സ്ഥിതിഗതികൾ മുൻ വർഷങ്ങളേക്കാൾ ദയനീയമായെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. പഠനവിധേയമാക്കിയ ഒരു രാജ്യത്തുപോലും സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ലെന്നതാണ് ഏറ്റവും ആശങ്കാജനകമായ കണ്ടെത്തൽ.

സബ് സഹാറൻ ആഫ്രിക്കൻ രാജ്യങ്ങളാണു ക്രൈസ്തവവിരുദ്ധ അക്രമങ്ങളുടെയും തീവ്രവാദത്തിന്റെയും പ്രധാന കേന്ദ്രമായി മാറിയിരിക്കുന്നത്.

ഇന്ത്യയിൽ തീവ്ര ഹിന്ദുത്വ പ്രസംഗങ്ങളും പ്രചാരണങ്ങളും ക്രൈസ്തവ സമൂഹത്തിനെതിരേയുള്ള അതിക്രമങ്ങൾ വർധിക്കാൻ കാരണമായതായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. 2025-ൽ മാത്രം എഴുനൂറിലധികം അക്രമസംഭവങ്ങൾ ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ, വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ കർശനമായ മതപരിവർത്തന നിരോധന നിയമങ്ങളും ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ വലിയ ആശങ്കയുയർത്തുന്നുണ്ടെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

മലയാളി പിക്കൾ ബോൾ ലീഗ് രജിസ്ട്രേഷൻ പുരോഗമിക്കുന്നു

ലിൻസൺ തോമസ്

ചിക്കാഗോ: നോർത്ത് അമേരിക്കയിൽ ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സ്പോർട്സായ പിക്കൾ ബോൾ മലയാളി സമൂഹത്തിൽ പ്രോത്സാഹിപ്പിക്കുവാൻ ചിക്കാഗോ ഫ്രണ്ട്സ് ക്ലബ് ഒരുക്കിയിരിക്കുന്ന പ്രഥമ മലയാളി പിക്കൾ ബോൾ ലീഗ് (എംപിഎൽ) ഡിസംബർ 19-ാം തീയതി നടക്കും. പ്രാദേശിക ടൂർണമെന്റുകളുടെ ചരിത്രത്തിൽതന്നെ ഏറ്റവും വലിയ ക്യാഷ് പ്രൈസായ 10000 ഡോളർ ഉൾപ്പെടെ വിപുലമായ രീതിയിലാണ് ലീഗ് ഒരുങ്ങുന്നത്.

മൗണ്ട് പ്രോസ്പെക്ടിൽ ലോകോത്തര നിലവാരത്തിൽ പുതുതായി ആരംഭിച്ചിരിക്കുന്ന ദി പിക്ലറിൽ വെച്ച് നടക്കുന്ന ലീഗിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. ദിവസങ്ങൾക്കുള്ളിൽ തന്നെ നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ടീമുകൾ രജിസ്റ്റർ ചെയ്തു തുടങ്ങിയതിന്റെ ആവേശത്തിലാണ് സംഘാടകർ.

ഓപ്പൺ ഡിവിഷൻ, വിമൻസ് ഡിവിഷൻ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിൽ മത്സരങ്ങൾ നടക്കും. ഏത് എക്സ്പീരിയൻസ് ലെവലിൽ ഉള്ളവർക്കും പ്രായഭേദമെന്യേ പങ്കെടുക്കാവുന്ന വിധത്തിലാണ് ക്രമീകരണം. ലീഗിന് ആവേശം പകരാൻ ചലച്ചിത്ര താരങ്ങൾ ഉൾപ്പെടെ ചേർന്നവതരിപ്പിക്കുന്ന കലാസന്ധ്യയും ഉണ്ടായിരിക്കും. ആവേശകരമായ മത്സരങ്ങളിൽ പങ്കെടുക്കുവാനും കാണുവാനും ഏവരെയും സ്വാഗതം ചെയ്യുന്നതായി സിഎഫ്സി പ്രസിഡണ്ട് സുദീപ് മാക്കീൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 847 757 5981.





Witywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase Jumbo Loan

Refinance Cashout

WWW.CITYWIDEMA.COM

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

EQUAL HOUSING LENDER

Illinois Residential Mortgage Licensee

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

സമൂഹത്തിൽ അവഗണിക്കപ്പെടുന്നവർ

പാസ്റ്റർ പി.പി. കുര്യൻ

യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷാവേളയിൽ തിരുവായ് മൊഴിഞ്ഞ് അനേക വിഷയങ്ങൾ ജനത്തോടും ശിഷ്യന്മാരോടും പ്രസ്താവിച്ചിട്ടുണ്ട്. മത്തായി എഴുതിയ സുവിശേഷം അഞ്ചാം അധ്യായത്തിൽ ലോകപ്രസിദ്ധമായ ഗിരി പ്രഭാഷണം നാനാ ജാതി മതസ്ഥർക്കും സുപരിചിതമാണ്. ഇത് ശിഷ്യന്മാരോട് ഉപദേശിച്ച വിഷയങ്ങൾ ആണെങ്കിലും സകല ഭൂവാസികൾക്കും ഉൾക്കൊള്ളാൻ പറ്റിയ വിഷയമാണ്. പഴയനിയമ പ്രമാണങ്ങൾക്കും പ്രവാചകന്മാർക്കും യേശു എതിരല്ല എന്നു തെളിയിക്കുന്ന വാക്യങ്ങളാണ് 17 മുതൽ 20 വാക്യങ്ങൾ. ന്യായപ്രമാണത്തെയും പ്രവാചകൻമാരെയും നീക്കുവാൻ അല്ല നിവർത്തിപ്പാനാണ് ഞാൻ വന്നത് എന്ന് യേശു പറഞ്ഞു. ഒരു പ്രത്യേക വിഷയം ഓർപ്പിക്കുവാനാണ് ഞാൻ ഈ ചിന്തയിലൂടെ ആഗ്രഹിക്കുന്നത് യേശുക്രിസ്തു തിരുവായ് മൊഴിഞ്ഞും, ഉപദേശിച്ചും, ആജ്ഞാപിച്ചും, ഉപമകൾ പറഞ്ഞു നൽകുകയും പുതിയ കൽപ്പനകൾ നൽകിയും ഒക്കെയായിരുന്നു യേശുവിന്റെ ശുശ്രൂഷകൾ. ഏറ്റവും പ്രധാനമായി വരുന്ന ഒരു വിഷയമാണ് ചിന്തിപ്പാൻ ആഗ്രഹിക്കുന്നത്. യഹൂദന്മാരുടെ ഇടയിൽ പല സമൂഹത്തിൽപ്പെട്ടവരെ അവഗണിക്കുന്ന സ്വഭാവം ഉണ്ടായിരുന്നു. അങ്ങനെയുള്ള സമൂഹങ്ങളെ ചേർത്തുനിർത്തി യേശു അങ്ങനെ ഉള്ളവരെ പരിഗണിക്കുന്നതായി കാണാം. അതിൽ പ്രധാനമായും സമൂഹത്തിലുള്ള ചിലരെ എടുത്തുകാണിക്കുവാനാണ് ഉദ്ദേശിക്കുന്നത്.


1. ചുങ്കക്കാർ യഹൂദന്മാരുടെ ഇടയിൽ നിഷേധിക്കപ്പെട്ട ജോലിയാണ് ചുങ്കംപിരിവ്

ഇതിൽ പ്രമാണിയായ സക്കായിയെക്കുറിച്ച് കാണുവാൻ സാധിക്കും. യഹൂദന്മാർ ഇങ്ങനെയുള്ളവരെ അവഗണിച്ചപ്പോൾ കർത്താവ് സക്കായിയെ ചേർത്തുനിർത്തി എന്നിട്ട് പറഞ്ഞു ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടത് ആകുന്നു.

ഇവനും അബ്രഹാമിന്റെ മകനാകയാൽ ഈ വീടിന് രക്ഷ വന്നു, കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കാനല്ലോ മനുഷ്യൻ വന്നത് എന്ന് പറഞ്ഞു. ഇവിടെ ആണ് ന്യായപ്രമാണത്തിന് സാധിക്കാതെ പോയതിന് നിവർത്തിപ്പാനായി യേശു വന്നതിന്റെ ഉദ്ദേശം.

2. വേശ്യകൾ

പ്രാചീന യഹൂദ സമൂഹത്തിൽ വേശ്യാവൃത്തിയും വേശ്യകളുടെ സ്ഥാനവും തികച്ചും സങ്കീർണവും വൈരുദ്ധ്യങ്ങൾ നിറഞ്ഞതും ആയിരുന്നു. മതപരമായും സാമൂഹ്യപരമായും ഈ തൊഴിൽ കടുത്ത അപമാനം ആയി കരുതപ്പെട്ടിരുന്നു, ഒരു വ്യവസ്ഥിതി എന്ന നിലയിൽ ഇത് സമൂഹത്തിൽ നിലനിന്നിരുന്നു എന്ന് മാത്രം. യഹൂദന്മാരുടെ ഇടയിൽ വേശ്യകൾക്ക് ഉണ്ടായിരുന്ന സ്ഥാനം വിവിധമായിരുന്നു. സമൂഹത്തിൽ ഏറ്റവും താഴ്ന്ന സ്ഥാനം സ്ത്രീകളെ കെദേശ എന്ന് വിളിച്ചിരുന്നു. ഇതിന്റെ വെളിച്ചത്തിൽ യെഹൂദാ പ്രവാചകന്മാർ ശക്തമായി എതിർക്കുകയും യഹോവയോടുള്ള അവിശ്വസ്തതക്ക് വേശ്യ എന്ന വാക്ക് ഉപയോഗിക്കുകയും ചെയ്തു. എന്നിരുന്നാലും വിശുദ്ധ ഗ്രന്ഥങ്ങളിൽ ഇങ്ങനെയുള്ളവരെ ആദരവ് നൽകിയ സംഭവങ്ങളും ഉണ്ട്. രാഹാബ്, താമാർ ഇവർ ഇസ്രായേൽ വംശാവലിയിലെ പ്രധാനപ്പെട്ട ചരിത്രത്തിലെ പ്രധാന വ്യക്തികൾ ആണ്. സമൂഹം അവഗണിക്കപ്പെട്ട ഒരു വേശ്യയെ കല്ലെറിഞ്ഞു കൊല്ലണമെന്ന് പറഞ്ഞുകൊണ്ടു യേശുവിന്റെ



ലേഖകൻ

മുൻപിൽ നിർത്തിയ സംഭവം സുവിശേഷത്തിൽ കാണുന്നു. സമൂഹം അവഗണിച്ച സ്ത്രീയെ യേശു ശിക്ഷ വിധിക്കാതെ മേലിൽ പാപം ചെയ്യരുത് എന്ന് പറഞ്ഞു സ്വതന്ത്രമായിവിടുന്നു. വന്നവരോട് യേശു പറഞ്ഞത് നിങ്ങളിൽ പാപമില്ലാത്തവർ ഇവളെ ആദ്യം കല്ലെറിയട്ടെ ഇവിടെയാണ് യേശു രക്ഷകനായി പ്രത്യക്ഷപ്പെടുന്നത്. ഇതുപോലെ സമൂഹം അവഗണിക്കപ്പെട്ടവരാണ് ഭിക്ഷക്കാർ, മുക്കുവന്മാർ എന്നിവർ. ഇവർക്കൊക്കെ യേശു രക്ഷകനായി വന്നു അംഗീകാരം നൽകുന്ന സംഭവങ്ങൾ കാണാൻ സാധിക്കും. കുഷ്ഠ രോഗികൾ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരാണ് യേശു അവരെ സൗഖ്യമാക്കി അവഗണിക്കപ്പെട്ടവരെ എല്ലാം സമൂഹത്തിലേക്ക് ചേർത്തുനിർത്തി അവരെ മാന്യതയിലേക്ക് നടത്തിയ സംഭവം ദൈവവചനത്തിൽ കൂടെ വായിക്കാൻ സാധിക്കും. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ എന്ന് അഭിമാനിക്കുന്ന ആത്മീയരിലേക്കു നാം കണ്ണോടിച്ചാൽ ജൂതന്മാരെക്കാൾ ദുഷിച്ച പ്രവണതയുള്ളവരായി കാണാൻ സാധിക്കും.

സമൂഹത്തിൽവെച്ച് അവരെ താഴ്ത്തി കെട്ടുകയും പരസ്യമായി അവഹേളിക്കുകയും ചെയ്യുമ്പോൾ ഇവരെക്കുറിച്ച് കർത്താവ് പറഞ്ഞ വാക്ക് ഓർമ്മയിൽ വരുന്നത് കപട ഭക്തിക്കാർ എന്നാണ്. വന്ദിച്ചില്ല എങ്കിലും നിന്ദിക്കരുത് എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. സഭകളിൽ സാമ്പത്തികം കുറഞ്ഞവരും കൂടിയവരും ഉണ്ട് എന്നാൽ യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടും ജനനം പ്രാപിച്ചും ഒരു അപ്പത്തിന്റെ അംശി എന്ന് പറഞ്ഞിട്ട് സമൂഹത്തിനു മുമ്പിൽ എളിയവരെ അപമാനിക്കുന്നത് യുക്തിക്ക് യോജിക്കുന്നില്ല. സമൂഹം നിങ്ങളെ വിവിധ നിലകളിൽ അംഗീകരിക്കാതെ ഇരുന്നാലും ഭാരപ്പെടേണ്ട സമൂഹത്തിൽ അവഗണിച്ച സകലരെയും യേശു മാനിച്ചും അംഗീകരിച്ചും പോയതിനാൽ നിങ്ങൾക്കും ഒരു മാന്യതയും അംഗീകാരവും ലഭിക്കും എന്നുള്ള വിശ്വാസത്താൽ മുന്നേറുവാൻ ദൈവം സംഗതി ആകട്ടെ.

1കോരി.1:27-ൽ പറയുന്നത്. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്തമായത് തെരഞ്ഞെടുത്തു, ഉള്ളതിനെ ഇല്ലായ്മ ആക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നിന്ദ്യഷ്ടമായതും ഏതുമില്ലാത്തതും തെരഞ്ഞെടുത്തു. ദൈവസന്നിധിയിൽ ഒരു പ്രശംസ ഇരിപ്പാൻ തന്നെ യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷ കാലയളവിൽ ശിഷ്യഗണത്തെ തിരഞ്ഞെടുത്തത് തന്നെ എത്രയോ ചിന്തനീയമാണ് പത്രോസിനെ പോലെയുള്ള വ്യക്തികളെ ദൈവം തെരഞ്ഞെടുത്തത് യഹൂദന്റെമേൽ ഏറ്റ പ്രഹരം ആയിരുന്നു. അവർക്ക് സമൂഹത്തിൽ എങ്ങനെ ഇടപെടണമെന്നോ, എങ്ങനെ സംസാരിക്കണം എന്നോ സാഹചര്യത്തിനനുസരിച്ച് എന്ത് സംസാരിക്കണം എന്നുള്ള യാതൊരു വിവരവും ഇല്ല, മീനുമായി കരയിൽ എത്തുമ്പോൾ അവരുടെ സ്വഭാവത്തിന് മാറ്റം വരും. ആരെന്ന് മുഖം നോക്കാതെ എന്തും വിളിച്ചുപറയും. എന്നാൽ, യേശു തെരഞ്ഞെടുപ്പ് തുടങ്ങിയപ്പോൾ ചുങ്കക്കാർ മുതലായവരെ കണ്ടെത്തി യേശുവിനോട് ചേർത്തുനിർത്തി. സമൂഹത്തിൽ വലിയ സ്ഥാനങ്ങളിൽ അല്ലാതെ അവഗണിക്കപ്പെട്ടവരെ കർത്താവ് പരിഗണിച്ചു. ചേർത്തുനിർത്തി അവരുടെ കാലുകളെ കഴുകി വിലയേറിയ വാഗ്ദത്തങ്ങൾ നൽകി സമൂഹത്തിന്റെ മുൻപാകെ മാനിച്ചു. വീട് പണിതവർ തള്ളിക്കളഞ്ഞ് മൂല കല്ല് ആയി തീർന്നു എന്ന് പറയുംപോലെ സഭകളുടെ തൂണുകളായി അവർ എണ്ണപ്പെട്ടു. ദൈവത്തിന്റെ പക്കൽ മുഖം ഇല്ലല്ലോ. ദൈവത്തിന് കരുണ തോന്നേണം എന്നുള്ളവനോട് കരുണതോന്നുകയും എനിക്ക് കനിവ് തോന്നേണം എന്നുള്ളവനോട് കനിവ് തോന്നിക്കുകയും ചെയ്യും, എന്റെ ജനം അല്ലാത്തവരെ എന്റെ ജനം എന്നും പ്രിയ അല്ലാത്തവളെ പ്രിയ എന്നും ഞാൻ വിളിക്കും. നിങ്ങൾ എന്റെ ജനം അല്ല എന്ന് അവരോട് പറഞ്ഞ ഇടത്തിൽ അവർ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്ന് വിളിക്കപ്പെടും എന്നുള്ള വചനം പ്രവാചകൻ ഹോശേയ പ്രവചന പുസ്തകത്തിൽ എഴുതിയിട്ടുണ്ട്.

പ്രിയരേ സമൂഹങ്ങൾ നിങ്ങളെ വിലക്കു കൽപ്പിച്ചാലും അവഗണിച്ചാലും നിങ്ങളെ സൃഷ്ടിച്ച സൃഷ്ടാവ് നിങ്ങളെ മാന്യത കൽപ്പിച്ച ശ്രേഷ്ഠ അനുഭവത്തിലേക്ക് നടത്തും. പത്രോസിനെയും ശേഷം ശിഷ്യന്മാരെയും സമൂഹങ്ങൾ അവഗണിച്ചുവെങ്കിലും കർത്താവ് അവരെ ചേർത്ത് നിർത്തി. ദാവീദ് ഇപ്രകാരം പറഞ്ഞു എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു എങ്കിലും യഹോവ ചേർത്തുകൊള്ളും (സങ്കീ. 27.10). ഒരുപക്ഷേ, ജീവിതത്തിൽ ഒറ്റപ്പെടേണ്ട അനുഭവങ്ങൾ ഉണ്ടായി എന്ന് വരാം. കർത്താവ് പറഞ്ഞിട്ടുണ്ട് ഭയപ്പെടേണ്ടാ, ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്. ഈ ദൈവത്തിൽ പൂർണ്ണമായും ആശ്രയംവെക്കുക. നിന്ദിച്ചവരുടെ മുന്നിലും അപമാനിച്ചവരുടെ മുൻപിലും നിങ്ങളെ മാനിച്ചുനിൽക്കുമാറാക്കും, അതിനായി ദൈവ കരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുക. സമാധാനത്തിന്റെ ദൈവം നിങ്ങളെ കാത്തു സൂക്ഷിക്കുമാറാകട്ടെ.

ചങ്ങനാശേരി പാറേൽ പള്ളിക്ക് ബസിലിക്ക പദവി

ചങ്ങനാശേരി: ചങ്ങനാശേരി അതിരൂപതയിലെ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തെ വത്തിക്കാൻ ബസിലിക്ക പദവിയിലേക്ക് ഉയർത്തി.

ഇനി മുതൽ മർത്ത് മറിയം ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ഷ്റൈൻ ബസിലിക്ക എന്ന പേരിലാകും ഈ പള്ളി അറിയപ്പെടുന്നത്. ആരാധനയ്ക്കും കൂദാശകളുടെ അച്ചടക്കത്തിനുമായുള്ള വത്തിക്കാൻ കാര്യാലയമാണ് പാറേൽപള്ളിക്ക് ബസിലിക്ക പദവി അനുവദിച്ചത്.



ബസിലിക്കയായി ഉയർത്തപ്പെടുന്ന ചങ്ങനാശേരി പാറേൽ മർത്ത്മറിയം തീർത്ഥാടനകേന്ദ്രം.

പാറേൽ മർത്ത് മറിയം വലിയ പള്ളിയുടെ കൂദാശാ ദിനമായ നവംബർ 21-ന് ബസിലിക്കാ പദവി പ്രഖ്യാപനം നടത്തും. പുതിയ പള്ളിയുടെ കൂദാശയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാകുന്നതിനിടയിലാണ് പള്ളികൾക്ക് മാർപാപ്പ നൽകുന്ന ഓണററി ബഹുമതി പാറേൽ പള്ളിക്കു കൈവന്നത്.

ചങ്ങനാശേരി അതിരൂപതയിലെ രണ്ടാമത്തെ ബസിലിക്കയാണ് പാറേൽ പള്ളി. ആദ്യത്തെ ബസിലിക്ക ചമ്പക്കുളം സെന്റ് മേരീസ് ഫൊറോനപള്ളിയാണ്.

പ്രഖ്യാപനത്തോടനുബന്ധിച്ചുള്ള ചടങ്ങുകളുടെയും തിരുക്കർമങ്ങളുടെയും വിശദവിവരങ്ങളുടെ അറിയിപ്പ് പിന്നീടുണ്ടാകുമെന്ന് അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് അറിയിച്ചു.

ഇന്ത്യയിലെ 37-ാമത്തെ മൈനർ ബസിലിക്ക സ്ഥാനമാണ് പാറേൽ പള്ളിക്ക് ലഭിക്കുന്നത്.

ഇന്ത്യയിൽ മാർപാപ്പ അംഗീകരിച്ച 36 മൈനർ ബസിലിക്കകളാണ് നിലവിലുള്ളത്. ലത്തീൻ സഭയ്ക്ക് 30, സീറോ മലബാർ സഭയ്ക്ക് അഞ്ച്, സീറോ മലങ്കര സഭയ്ക്ക് ഒന്ന് എന്ന ക്രമത്തിലാണ് ബസിലിക്കകൾ. പാറേൽ പള്ളികൂടി ആകുമ്പോൾ ബസിലിക്കകളുടെ എണ്ണം 37 ആയി ഉയരും. കേരളത്തിൽ നിലവിൽ 12 ബസിലിക്കകളാണുള്ളത്.

ആധുനിക സംസ്കാരത്തോട് ശത്രുത വേണ്ട; വിശ്വാസത്തിന്റെ വെളിച്ചത്തിൽ സംവദിക്കണം: ലെയോ പതിനാലാമൻ മാർപാപ്പ

ഡോ. ജോർജ് കാക്കനാട്ട്

വത്തിക്കാൻ സിറ്റി: ആധുനിക സംസ്കാരത്തെ ശത്രുവായി കാണുകയല്ല, ക്രൈസ്തവ വിശ്വാസത്തിന്റെ വെളിച്ചത്തിൽ അതുമായി സംവദിച്ച് അതിലെ നന്മകളെ സ്വീകരിക്കുകയാണ് കത്തോലിക്കർ ചെയ്യേണ്ടതെന്ന് ലെയോ പതിനാലാമൻ മാർപാപ്പ. വിശ്വാസവും സംസ്കാരവും തമ്മിലുള്ള സമന്വയം ക്രൈസ്തവ ജീവിതത്തിനും സുവിശേഷം മറ്റുള്ളവരിലേക്ക് വിശ്വസനീയമായി പകരുന്നതിനും അനിവാര്യമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ഒക്ടോബർ 28-ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്കയറിൽ നടന്ന പ്രതിവാര പൊതുദർശനത്തിലാണ് മാർപാപ്പ ഈ സന്ദേശം നല്കിയത്. ആധുനിക ലോകത്തോട് എതിർപ്പിന്റെ മനോഭാവം പുലർത്തുന്നതിനു പകരം, തങ്ങൾ ജീവിക്കുന്ന സമൂഹത്തിന്റെ സംസ്കാരത്തെ മനസ്സിലാക്കാനും അതുമായി ക്രിയാത്മകമായി ഇടപെടാനും വിശ്വാസികൾ തയ്യാറാകണം. ക്രൈസ്തവവിശ്വാസം ജീവിതത്തിൽ ആഴത്തിൽ വേരൂന്നാനും വിശ്വാസവും സംസ്കാരവും തമ്മിലുള്ള പക്വമായ സമന്വയം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.



"വിശ്വാസം താൻ കടന്നുചെല്ലുന്ന ഓരോ സംസ്കാരത്തെയും സമ്പന്നമാക്കുകയും അതിനെ പൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യുന്നു. അതേ സമയം, ക്രിസ്തുവിന്റെ ചൈതന്യത്താൽ രൂപപ്പെടുന്ന സംസ്കാരമായി വിശ്വാസവും വളരണം" എന്ന് മാർപാപ്പ വിശദീകരിച്ചു.

വിദ്യാഭ്യാസവും സാംസ്കാരിക വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിൽ സഭയ്ക്ക് ചരിത്രപരമായ പങ്കുണ്ടെന്ന് അനുസ്മരിച്ച അദ്ദേഹം സ്ത്രീകൾ ഉൾപ്പെടെ എല്ലാവർക്കും ഉന്നത വിദ്യാഭ്യാസവും സാംസ്കാരിക അവസരങ്ങളും ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യവും ചൂണ്ടിക്കാട്ടി. വിശ്വാസത്തെക്കുറിച്ചുള്ള അറിവിനൊപ്പം ശാസ്ത്രത്തിലും മറ്റു വിജ്ഞാനശാഖകളിലും ആഴത്തിലുള്ള അറിവ് നേടാൻ ക്രൈസ്തവർ പരിശ്രമിക്കണമെന്നും ദൈവശാസ്ത്രജ്ഞർ മറ്റു മേഖലകളിലെ വിദഗ്ദ്ധരുമായി സഹകരിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.


വിശ്വാസവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളും അദ്ദേഹം ഉദ്ധരിച്ചു: "സംസ്കാരമായി മാറാത്ത വിശ്വാസം പൂർണ്ണമായി സ്വീകരിക്കപ്പെടാത്തതും ആഴത്തിൽ ചിന്തിക്കപ്പെടാത്തതും വിശ്വസ്തതയോടെ ജീവിക്കപ്പെടാത്തതുമായ വിശ്വാസമാണ്."

ആധുനികതയെ അന്ധമായി അംഗീകരിക്കുകയോ പൂർണ്ണമായി നിരാകരിക്കുകയോ ചെയ്യുന്നതിനു പകരം സുവിശേഷത്തിന്റെ വെളിച്ചത്തിൽ സംസ്കാരത്തെ വിവേചനബുദ്ധിയോടെ സമീപിക്കുകയാണ് വേണ്ടത്. സംസ്കാരത്തിലെ നന്മയും സൗന്ദര്യവും സത്യവും തിരിച്ചറിഞ്ഞ് ക്രിസ്തീയ മൂല്യങ്ങളിലൂടെ ഇവയെ പരിപോഷിപ്പിക്കുമ്പോഴാണ് വിശ്വാസം ജീവിതത്തിൽ പൂർണ്ണമായി പ്രകടമാകുന്നതെന്ന് മാർപാപ്പ ഓർമ്മിപ്പിച്ചു.

ഡെലിവറൻസ് പ്രയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'സെറ്റ് എബ്ലേസ്" കൺവൻഷൻ നവംബർ 7, 8 തീയതികളിൽ

ജോയ് തുമ്പമൺ

ഹൂസ്റ്റൺ: ഡെലിവറൻസ് പ്രയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'സെറ്റ് എബ്ലേസ്' (Set Ablaze) വാർഷിക ആത്മീയ കൺവൻഷൻ നവംബർ 7, 8 തീയതികളിൽ റോഷാരോണിൽ നടക്കും. ട്രൂ ലൈറ്റ് ക്രിസ്ത്യൻ അസംബ്ലിയിൽ ഇരുദിവസവും വൈകിട്ട് 6.30-നാണ് യോഗങ്ങൾ ആരംഭിക്കുന്നത്.



സുവിശേഷ പ്രഭാഷകൻ പാസ്റ്റർ അനീഷ് ഏലപ്പാറ മുഖ്യസന്ദേശം നല്കും. ബ്രദർ ജിബിൻ ടൈറ്റസ് ഹെബ്രോൻ സംഗീതാരാധനയ്ക്ക് നേതൃത്വം നല്കും.

കഴിഞ്ഞ അഞ്ചു വർഷമായി ഡെലിവറൻസ് പ്രയർ സെന്ററിന്റെ തിങ്കൾ മുതൽ ശനി വരെ ദിവസവും പ്രാർത്ഥനകൾ നടന്നുവരുന്നു. ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കും ജനതകൾക്കും വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കാണ് ഈ ശുശ്രൂഷയിൽ പ്രത്യേക പ്രാധാന്യം നല്കുന്നത്.

ഹൂസ്റ്റൺ നഗരത്തിൽ സുവിശേഷസന്ദേശം പ്രചരിപ്പിക്കുന്നതിലും ഡെലിവറൻസ് പ്രയർ സെന്റർ സജീവമാണ്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബോർഡുകൾ സ്ഥാപിച്ചും മറ്റു മാർഗ്ഗങ്ങളിലൂടെയും ജനങ്ങളിലേക്ക് ദൈവവചന സന്ദേശം എത്തിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പ്രാർത്ഥനയ്ക്കും ആത്മീയ ഉണർവിനും സുവിശേഷീകരണത്തിനും പ്രാധാന്യം നല്കുന്ന ഡെലിവറൻസ് പ്രയർ സെന്ററിന്റെ ശുശ്രൂഷകളുടെ ഭാഗമായാണ് ദ്വിദിന കൺവൻഷൻ സംഘടിപ്പിക്കുന്നത്. വചനശുശ്രൂഷ, സംഗീതാരാധന, പ്രത്യേക പ്രാർത്ഥനകൾ എന്നിവ സമ്മേളനത്തിന്റെ ഭാഗമായിരിക്കും.

ഹൂസ്റ്റണിലെയും സമീപപ്രദേശങ്ങളിലെയും വിവിധ സഭകളിൽനിന്നുള്ള വിശ്വാസികളെ കൺവൻഷനിലേക്ക് സംഘാടകർ ക്ഷണിച്ചു. റോഷാരോണിലുള്ള ട്രൂ ലൈറ്റ് ക്രിസ്ത്യൻ അസംബ്ലി 5115 FM 521 Rd, Rosharon TX 77583 എന്ന വിലാസത്തിലാണ് സമ്മേളനം നടക്കുന്നത്. പ്രയർ മൗണ്ട് മീഡിയയാണ് കൺവൻഷന്റെ മീഡിയ പാർട്ണർ. കൂടുതൽ വിവരങ്ങൾക്ക്: ഇവാഞ്ചലിസ്റ്റ് ടോം കുര്യൻ 281 630 0483.

അനുപമ കൃഷ്ണൻ ഫോമാ വിമൻസ് ഫോറം ചെയർപേഴ്സൺ

സൈജൻ കണിയോടിക്കൽ

ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ)യുടെ 2026-2028 കാലയളവിലെ വിമൻസ് ഫോറം ചെയർപേഴ്സണായി അനുപമ കൃഷ്ണൻ ചുമതലയേറ്റു. സംഘടനാ പ്രവർത്തനരംഗത്തെ ദീർഘകാല പരിചയവും വിവിധ മേഖലകളിലെ നേതൃത്വപാടവവും കണക്കിലെടുത്താണ് അനുപമയ്ക്ക് പുതിയ ചുമതല ലഭിച്ചത്.



ഫോമാ ഗ്രേറ്റ് ലേക്സ് റീജിയൻ വിമൻസ് ഫോറം ചെയർപേഴ്സണായി പ്രവർത്തിച്ചിട്ടുള്ള അനുപമ കൃഷ്ണൻ, കേരള അസോസിയേഷൻ ഓഫ് ഒഹായോയുടെ വൈസ് പ്രസിഡണ്ടായും പിന്നീട് പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2024-2026 കാലഘട്ടത്തിൽ ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജോയിന്റ് ട്രഷററായും പ്രവർത്തിച്ചു.

ഫോമാ പ്രസിഡണ്ട് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡണ്ട് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവരുടെ നേതൃത്വത്തിലുള്ള ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിക്കൊപ്പമാണ് അനുപമ കൃഷ്ണൻ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്.

വടക്കെ അമേരിക്കയിലെ മലയാളി വനിതകളെ കൂടുതൽ ശക്തമായി സംഘടനാ പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരിക, വനിതാ നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുക, സാമൂഹിക-സാംസ്കാരിക മേഖലകളിൽ വനിതകളുടെ പങ്കാളിത്തം കൂടുതൽ സജീവമാക്കുക എന്നിവയ്ക്ക് മുൻഗണന നല്കി വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനാണ് ലക്ഷ്യമിടുന്നത്.

വിവിധ സംഘടനാ തലങ്ങളിൽ നേടിയ അനുഭവസമ്പത്തും നേതൃത്വമികവും ഫോമാ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നല്കുമെന്നാണ് വിലയിരുത്തൽ.

പുതിയ ദേശീയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നല്കുന്നതിനൊപ്പം അമേരിക്കൻ മലയാളി വനിതകൾക്ക് കൂടുതൽ അവസരങ്ങളും വേദികളും ഒരുക്കുന്നതിനും വിമൻസ് ഫോറം ശ്രദ്ധ കേന്ദ്രീകരിക്കും.

അനുപമ കൃഷ്ണന്റെ നിയമനം ഫോമാ വനിതാ നേതൃത്വത്തിന് കൂടുതൽ കരുത്തേകുന്നതോടൊപ്പം ഗ്രേറ്റ് ലേക്സ് റീജിയനും കേരള അസോസിയേഷൻ ഓഫ് ഒഹായോയ്ക്കും അഭിമാനകരമായ നേട്ടമായാണ് വിലയിരുത്തപ്പെടുന്നത്.

IN GOD WE TRUST or IN PARTY AND LEADERS WE TRUST?

Joseph Kurian, Houston

Many are wondering, why America, a Nation that claims, "IN GOD WE TRUST" is behaving Godless, faithless, unkind, rude, angry and careless these days. A Nation once loved by people all over the world, a Nation people were crazy to come and live, a Nation that was the envy of the world, a Nation that was kind and compassionate to the poor and needy, a Nation that was so kind to others regardless of their faith and color is not the same any more.

People were very loving, caring, compassionate, helpful, respectful, decent and willing to help others. This Nation really helped many poor Nations around the world, helped many to come as immigrants andlive a good life here, allowed others to come and work, study and achieve greatness. We are so thankful to this blessed Nation for their support to many other Nations around the world. It was the dream of most all around the world to come and live in the United States.

However, things are different now. People are so divided, so angry each other, so revengeful and somehow lacking the care and compassion showed to each other. There is something fundamentally changing in this Nation and we see so much violence, destruction, road rage, racial tensions, lack of concerns, lack of faith and many are questioning what is happening to this Nation, once the envy of the whole world? Let me point out some of the main reasons, this Nation is heading in the wrong direction:

Leadership with no ethics or decency

We used to have great leaders from both parties and they led the Nation very well to prosperity, unity, love, respect and care for each other regardless of the color, nation of origin, faith and culture. Now we see leaders making poor decisions, ignoring constitution and laws, dividing the Nation based on color and culture, punishing those who are not supporters and ridiculing peoplein public, calling people stupid, idiot, crazy etc. in public using their bully pulpit.

The most powerful Nation in the world once with the most powerful leader in the world is becoming a joke to other Nations and many are angry with the dumb and senseless decisions the leaders now make and not only the people here are suffering but the whole world is suffering. People are losing jobs, economy is getting worse, prices aregoing up for most everything, wars are threatening many Nations, corruption is increasing, leaders without character and morals are drowning this Nation to dangerous levels.

The economy is struggling, the national debt is alarming, many small businesses are going out of business, tax burdens are increasing by senseless tariff policies, the pain at the pump, the price at the grocery stores, increasing inflation, unemployment, lack of laborers, cruel immigration policies and fear of survival are all so alarming to everyone.

Leaders with no shame or moral compass

Sexulization of men and women by a US president? Have you ever heard such things before? A president shamelessly explaining on National TV about men and women and explain how beautifultheir behind or rear end is and his repeated sexual comments. How low a person can go more than this, how sleazy a leader can go? This is so ugly, unholy, classless and crazy behavior no one should applaud or support. Rather the Clergies, Pastors, religious leaders must condemn this behavior and must do everything to get rid of such indecent and unethical leaders



Joseph Kurian, Houston

regardless of the party we support. Question, "WHICH GOD WE TRUST"? WHICH BIBLE DO WE READ?

Jesus said, that everyone who looks at a woman with lustful intent has already committed adultery with her in his heart (Mathew 5:28). This president asked a black lady to stand up for the crowd to see her behind since he was crazy about her anatomy. We know there are cruel leaders in the world and they do very bad things but I don't know any of them acting like thisone in public.

This is a married man, in fact his third marriage and let that sink in. What is wrong with this person? People, must notagreewith this nasty behavior and just say, oh it was a joke etc. This is becoming a habitofthis person. Our children are listening to this garbage and do you think it is ok because he is the president? No, not at all. Remember, WE TRUST A HOLY GOD WHO DEMANDS US TO BE HOLY AND THE LIGHT OF THIS WORLD.

I am so shocked that the so called Evangelicals who prayed to a Holy God and supported this leader, have nothing to say about this trashy behavior we are witnessing daily in this Nation. There are mistakes and stupidity in both parties and leaders, but I have never seen or heard this kind of nonsense, angry words, prideful boasting about self, treating others so rude, making dangerous decisions, ignoring the laws and constitutions, ignoring the Congress, attacking poor cities, being friends with our enemies such as the leaders of Russia, North Korea and China etc.

Self-centered Leadership& Pride

When a leader cares about himself and not the Nation, the people suffer. These types of leaders enrich themselves and their core supporters. These supporters will support their leader for their own sake, power and purse and do not care about the people at all. When a leader act like a dictator, ignores the advice of experienced and well knowledgeable experts, he won't listen to others. His pride and ego will be controlling him for each and every action or decision and he won't listen to others for anything. These dictators will destroy any one who talks against their leadership. All they want is loyalty regardless of the consequences of their action. They will never admit mistakes, never apologize for any mistakes and never learn from any mistakes.

Self-gratification is the primary goal of a dictator. They will be repeating lies so many times and never ever admit their faults. No one should be above himself, no laws, no rules, no constitution, no expert opinions. No one can change this type of behavior and there is no fear of consequences, no fear of God, no shame, no ethics, and no morals. He will talk all kind of evil, trash, crazy and nasty things about others who voice decentopinions about anything he does.

We all know that there are some bad people in this Nation who want to destroy others, criminals who commit violent crimes, drug pushers, sex traffickers and they must be punished and put in jail or send back to their countries. But most people are not criminals at all. They work hard, pay taxes, raise their families,but now a days many are afraid and struggling and wondering if the leaders do not care for them but for enriching themselves.

We see so much chaos, cruelty and corruption rather than what this Nation once stood for things such as love, respect, care, compassion, moral values and treat others with decency and kindness. We are missing all of these good things. Cruelty is not leadership. Moral collapse is not patriotism. When you support these types, your moral compass is also broken. How can a born again person compromise this? Don't you think that God is angry at these leaders and their supporters'?


Please understand the dangers and consequences of bad leaders and as a Nation, come together to elect good and decent leaders regardless of the party affiliation, so that America, ONE NATION UNDER GOD will reclaim all the glory it has lost. We all love this Nation and pray for this Nation to be the best in the world again.

ലോക പഞ്ചഗുസ്തിയിൽ കരുത്തുകാട്ടാൻ രാജേശ്വരി

കോട്ടയം: ലോകത്തിലെ കരുത്തർക്കു മുന്നിൽ കോട്ടയത്തിന്റെ കുപ്പായമണിഞ്ഞു മികവ് തെളിയിക്കാൻ ഒരു വിദ്യാർത്ഥിനി. കാരിരുമ്പിന്റെ കൈക്കരുത്തോടെ ലോക പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ മസിൽ പെരുപ്പിച്ച് എത്തുന്നവരുടെ മുന്നിൽ താരമാകാൻ പോകുന്നത് മൗണ്ട് കാർമ്മൽ ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥിനി ആർ. രാജേശ്വരിയാണ്. ഗുജറാത്തിൽ നടന്ന ദേശീയ പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിലെ മികച്ച പ്രകടനത്തിലൂടെയാണ് രാജേശ്വരി ദേശീയ വനിതാ ടീമിൽ സ്ഥാനം നേടിയത്.

കരാട്ടേയിലും രാജേശ്വരി മികവ് തെളിയിച്ചിട്ടുണ്ട്. കോച്ച് ബെന്നിയുടെ പ്രോത്സാഹനത്തിലൂടെയാണ് പഞ്ചഗുസ്തിയിലേക്ക് തിരിഞ്ഞത്. ബെന്നിക്കു പുറമെ നവീൻ എന്ന കോച്ചും ഇപ്പോൾ പരിശീലിപ്പിക്കുന്നുണ്ട്. വനിതകളുടെ സബ്ജൂണിയർ വിഭാഗത്തിലാണ് മത്സരിക്കുന്നത്. വയനാട് സ്വദേശിയായ രാജേശ്വരി വൈത്തിരി ചാരിറ്റിയിൽ സെൽവി വീട്ടിൽ എസ്. രാജയുടെയും വി. മുരുഗേശ്വരിയുടെയും മകളാണ്. രാജേശ്വരി മത്സരത്തിൽ രാജ്യത്തിന്റെ യശസ്സ് ഉയർത്തുമെന്നാണ് പ്രതീക്ഷയെന്ന് പ്രിൻസിപ്പൽ ടി.പി. മേരി പറഞ്ഞു.

യുപിയിൽ അധികാരത്തിലെത്തിയാൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്ന് അമിത് ഷാ



ലക്നൗ: യുപിയിൽ വീണ്ടു അധികാരത്തിലെത്തിയാൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ.

ബിജെപി സംസ്ഥാന വർക്കിങ് കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യുപിയിൽ എസ്പി അധികാരത്തിലെത്തിയില്ലെന്ന് അമിത് ഷാ പറഞ്ഞു.

അഖിലേഷ് ബാബു, എന്റെ വാക്കുകൾ കുറിച്ചോളൂ, നിങ്ങളുടെ പാർട്ടി ഉത്തർപ്രദേശിൽ അടുത്ത പത്ത് വർഷത്തേക്ക് സർക്കാർ രൂപവത്കരിക്കില്ല,. മത്സരം തോറ്റശേഷം അമ്പയറെ കുറ്റം പറയുന്നതുപോലെയാണ് വോട്ട് മോഷണം ആരോപിക്കുന്നത്. എസ്ഐആർ സംബന്ധിച്ച പാർലമെന്റ് ചർച്ചയ്ക്കു ബിജെപി തയാറാണ് അമിത് ഷാ പറഞ്ഞു.

യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ഉപമുഖ്യമന്ത്രിമാരായ കേശവ് പ്രസാദ് മൗര്യ, ബ്രജേഷ് പാഠക്, വിനോദ് താവ്ഡെ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

മിഡ് ടേം തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യണമെന്ന് അമേരിക്കൻ മലയാളി സമൂഹത്തോട് ഫോമാ ദേശീയ നേതൃത്വത്തിന്റെ ആഹ്വാനം

സൈജൻ കണിയോടിക്കൽ

ന്യൂയോർക്ക്: നമ്മുടെ ശബ്ദം കേൾക്കപ്പെടണമെങ്കിൽ നാം വോട്ട് ചെയ്യണം; ഓരോ വോട്ടും പ്രധാനമാണെന്നും ബിജു തോണിക്കടവിൽ.

അമേരിക്കയിലുടനീളമുള്ള മലയാളി സമൂഹം വരാനിരിക്കുന്ന 2026 മിഡ് ടേം തെരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുക്കണമെന്നും വോട്ടവകാശമുള്ള ഓരോ വ്യക്തിയും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) ദേശീയ നേതൃത്വം സംയുക്ത പ്രസ്താവനയിലൂടെ ആഹ്വാനം ചെയ്തു.

ജനാധിപത്യ പ്രക്രിയയിൽ അമേരിക്കൻ മലയാളി സമൂഹത്തിന്റെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും പൗരന്മാർ എന്ന നിലയിലുള്ള ഉത്തരവാദിത്വം ഉയർത്തിപ്പിടിക്കുന്നതിനും ഓരോ വോട്ടറും മുന്നോട്ടു വരണമെന്ന് ഫോമാ പ്രസിഡണ്ട് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡണ്ട് സാമുവൽ മാത്യൂ, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവർ സംയുക്ത പ്രസ്താവനയിൽ അഭ്യർത്ഥിച്ചു.

അമേരിക്കൻ സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മലയാളികൾ ജനാധിപത്യ പ്രക്രിയയിലും സജീവമായി ഇടപെടേണ്ടത് അനിവാര്യമാണെന്ന് ഫോമാ നേതൃത്വം ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസം, ആരോഗ്യം, ബിസിനസ്, സാങ്കേതിക വിദ്യ, സാമൂഹിക സേവനം, സാംസ്കാരിക പ്രവർത്തനം തുടങ്ങി വിവിധ മേഖലകളിൽ സാന്നിദ്ധ്യമറിയിക്കുന്ന മലയാളി സമൂഹം തെരഞ്ഞെടുപ്പുകളിലും തങ്ങളുടെ പൗര ഉത്തരവാദിത്തം നിറവേറ്റണം. ജനപ്രതിനിധികൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ജീവിതത്തെ സ്വാധീനിക്കുന്നതിനാൽ വോട്ടവകാശത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് തെരഞ്ഞെടുപ്പിൽ പങ്കാളികളാകണമെന്ന് നേതൃത്വം ഓർമ്മിപ്പിച്ചു.

നമ്മുടെ ശബ്ദം കേൾക്കപ്പെടണമെങ്കിൽ നാം വോട്ട് ചെയ്യണം; ഓരോ വോട്ടും പ്രധാനമാണ്. നമ്മുടെ വോട്ട് വെറുമൊരു അടയാളമല്ല. ജനാധിപത്യത്തിൽ നമ്മുടെ അഭിപ്രായവും അവകാശവും ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടും പ്രകടിപ്പിക്കാനുള്ള ശക്തമായ ഉപാധിയാണ്. അമേരിക്കൻ മലയാളികൾ വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ ജനാധിപത്യ പങ്കാളിത്തത്തിലും പ്രതിഫലിക്കണം. രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായി വോട്ടവകാശത്തിന്റെമൂല്യം തിരിച്ചറിഞ്ഞ് അർഹരായ ഓരോ മലയാളിയും വരാനിരിക്കുന്ന മിഡ് ടേം തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തണം. കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും വോട്ട് ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും വേണം: ഫോമാ പ്രസിഡണ്ട് ബിജു തോണിക്കടവിൽ അഭ്യർത്ഥിച്ചു.

വോട്ട് ചെയ്യുക എന്നത് ഒരു തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയെ തീരുമാനിക്കുക എന്നതിലുപരി പൊതുനയങ്ങളെയും ജനപ്രതിനിധികളെയും സംബന്ധിച്ചുള്ള സ്വന്തം നിലപാടുകൾ ജനാധിപത്യപരമായി പ്രകടിപ്പിക്കാനുള്ള അവസരം കൂടിയാണെന്ന് ഫോമാ ദേശീയ നേതൃത്വം വ്യക്തമാക്കി.

സ്ഥാനാർത്ഥികളുടെ നിലപാടുകൾ, പൊതുവിഷയങ്ങൾ, സമൂഹത്തെ ബാധിക്കുന്ന നയങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കി സ്വതന്ത്രമായ തീരുമാനമെടുക്കാൻ ഓരോ വോട്ടറും ശ്രദ്ധിക്കണം. അതോടൊപ്പം വോട്ടർ രജിസ്ട്രേഷൻ നില പരിശോധിക്കുന്നതിനും വോട്ടിംഗ് നടപടിക്രമങ്ങൾ മനസ്സിലാക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം.

അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മലയാളി സംഘടനകൾക്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക വിവരങ്ങൾ അംഗങ്ങളിലേക്ക് എത്തിക്കുന്നതിലും വോട്ടവകാശത്തെക്കുറിച്ച് അവബോധം വളർത്തുന്നതിലും പ്രധാന പങ്കു വഹിക്കാനാകുമെന്ന് നേതൃത്വം അഭിപ്രായപ്പെട്ടു.

വോട്ടർ രജിസ്ട്രേഷൻ, നേരത്തെയുള്ള വോട്ടിംഗ്, മെയിൽ വോട്ടിംഗ് തുടങ്ങിയ സൗകര്യങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും സമയപരിധികളും സംസ്ഥാനങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെടുന്നതിനാൽ, ഓരോ വോട്ടറും സ്വന്തം സംസ്ഥാനത്തെ ഔദ്യോഗിക തെരഞ്ഞെടുപ്പ് അധികൃതരിൽ നിന്ന് വിവരങ്ങൾ ഉറപ്പാക്കണം. അമേരിക്കൻ മലയാളി സമൂഹത്തിന്റെ സാമൂഹികവും സാംസ്കാരികവും സംഘടനാപരവുമായ മുന്നേറ്റത്തിന് നേതൃത്വം നല്കുന്ന ഫോമാ, സമൂഹത്തിലെ അംഗങ്ങൾ ജനാധിപത്യ പ്രക്രിയയിലും സജീവമായി പങ്കാളികളാകേണ്ടതിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടി.

അമേരിക്കയിൽ മലയാളി സമൂഹത്തിന്റെ താല്പര്യങ്ങളും ആശങ്കകളും ജനാധിപത്യ സംവിധാനത്തിൽ പ്രതിഫലിക്കണമെങ്കിൽ ഉത്തരവാദിത്തമുള്ള പങ്കാളിത്തം അനിവാര്യമാണ്. വോട്ടവകാശം വിനിയോഗിക്കുന്നതിലൂടെ ഓരോ പൗരനും പൊതുജീവിതത്തിൽ തന്റെ അഭിപ്രായം രേഖപ്പെടുത്താൻ അവസരം ലഭിക്കുന്നു.

2026 നവംബർ 3-നാണ് അമേരിക്കയിലെ മിഡ് ടേം തെരഞ്ഞെടുപ്പ് നടക്കുന്നത്. വോട്ടർ രജിസ്ട്രേഷൻ, നേരത്തെയുള്ള വോട്ടിംഗ്, മെയിൽ വോട്ടിംഗ് എന്നിവ സംബന്ധിച്ച വിവരങ്ങളും സമയപരിധികളും ഓരോ സംസ്ഥാനത്തും വ്യത്യസ്തമായിരിക്കും. അതിനാൽ വോട്ടർമാർ ഔദ്യോഗിക തെരഞ്ഞെടുപ്പ് വെബ്സൈറ്റുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

'നമ്മുടെ വോട്ട് നമ്മുടെ ശബ്ദം, നമ്മുടെ ജനാധിപത്യ ഉത്തരവാദിത്തം' എന്ന സന്ദേശവുമായി അമേരിക്കയിലുടനീളമുള്ള മലയാളികൾ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ സജീവമായി പങ്കാളികളാകണമെന്ന് ഫോമാ ദേശീയ നേതൃത്വം അഭ്യർത്ഥിച്ചു.



വിനിമയ നിരക്ക്

യു.എസ്. ഡോളർ	94.95
യൂറോ	106.46
സ്റ്റെർലിംഗ്പൗണ്ട്	127.47
സ്വിസ് ഫ്രാങ്ക്	115.75
സിംഗപ്പൂർ ഡോളർ	74.29
കനേഡിയൻ ഡോളർ	68.02
ഒമാൻ റിയാൽ	247.02
ബഹ്റൈൻ ദിനാർ	251.01
സൗദി റിയാൽ	25.22
യു.എ.ഇ. ദിർഹം	25.84
കുവൈത്ത് ദിനാർ	305.16



കേരളത്തിൽ നികുതി വരുമാനത്തിൽ വൻവർധന

തിരുവനന്തപുരം: നികുതി ചോർച്ച തടയാനുള്ള നടപടികൾ കേരള സർക്കാർ ഊർജിതമാക്കിയതോടെ ജിഎസ്ടി വരുമാനത്തിൽ വൻ വർധന. ഒക്ടോബറിൽ ചരക്കുസേവന നികുതി ഇനത്തിൽ മാത്രം 3689 കോടി രൂപ സംസ്ഥാന ഖജനാവിലെത്തി. 2025 ഒക്ടോബറിലെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 27 ശതമാനത്തിന്റെ റെക്കോർഡ് വർധന. കഴിഞ്ഞ വർഷം ഒക്ടോബറിൽ 2913 കോടിയായിരുന്നു ജിഎസ്ടി വരുമാനം. അന്ന് രണ്ടു ശതമാനത്തിന്റെ തളർച്ചയായിരുന്നു മുൻവർഷത്തെ അപേക്ഷിച്ചു കേരളം നേരിട്ടത്. ഇപ്പോൾ ദേശീയ ശരാശരിയിൽ 13 ശതമാനം വർധനയുള്ളപ്പോഴാണ് കേരളത്തിന്റെ നികുതി വരുമാനം 27 ശതമാനം വളർച്ചയിലേക്ക് കുതിച്ചത്.

വിപണിയെ ചലിപ്പിക്കുന്ന തരത്തിലുള്ള വൻ വ്യാപാരങ്ങൾ നടന്ന കഴിഞ്ഞ ഓണക്കാലം ഉൾപ്പെടുന്ന സെപ്റ്റംബർ മാസത്തിൽ 3451 കോടിയായിരുന്നു കേരളത്തിന്റെ ജിഎസ്ടി വരുമാനം. കേരളത്തിലെ വരുമാനച്ചോർച്ച യുണ്ടാകുന്ന മേഖലകളിൽ കനത്ത നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നു. ജിഎസ്ടി വകുപ്പിനെ പുനഃസംഘടിപ്പിക്കുകയും ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിരുന്നു. ഇതോടെ ഓരോ മാസവും ആനുപാതികമായ ജിഎസ്ടി വളർച്ച കേരളം കൈവരിച്ചു തുടങ്ങിയിട്ടുണ്ടെന്നാണ് അനുമാനം.

കേരളത്തിന്റെ ആഭ്യന്തര ജിഎസ്ടി വരുമാനമായ പ്രി-സെറ്റിൽമെന്റ് എസ്ജിഎസ്ടി വിഭാഗത്തിൽ ഇക്കഴിഞ്ഞ ഒക്ടോബറിൽ 1568 കോടി രൂപ ശേഖരിക്കാനായി. മുൻ വർഷം ഒക്ടോബറിൽ ഇത് 1281 കോടി രൂപയായിരുന്നു. 22 ശതമാനം വളർച്ച. എസ്ജിഎസ്ടിയും കേന്ദ്രത്തിന്റെ ഐജിഎസ്ടിയിലെ സംസ്ഥാന വിഹിതവും ചേർന്ന പോസ്റ്റ് സെറ്റിൽമെന്റ് വരുമാനത്തിലാണ് 27 ശതമാനത്തിന്റെ റെക്കോർഡ് വളർച്ച കൈവരിക്കാനായത്.

നിലവിലെ സാമ്പത്തികവർഷം ആരംഭിച്ച ഏപ്രിൽ മുതൽ ഒക്ടോബർ വരെ സംസ്ഥാനത്തിന്റെ മൊത്തം ജിഎസ്ടി വരുമാനം (പോസ്റ്റ്-സെറ്റിൽമെന്റ്) 23,272 കോടിയായി ഉയർന്നു. 20 ശതമാനം വളർച്ച. മുൻ വർഷം ഇതേ കാലയളവിൽ 19,396 കോടി രൂപയായിരുന്നു കേരളത്തിന്റെ വരുമാനം. ഇതേ കാലയളവിൽ 15 ശതമാനം വളർച്ചയാണ് ദേശീയതലത്തിൽ കൈവരിക്കാനായത്.

ഇതേ ഏഴുമാസ കാലയളവിലെ ആഭ്യന്തര (പ്രി സെറ്റിൽമെന്റ്) ജിഎസ്ടി വരുമാനം 10,538 കോടിയായി. മുൻ വർഷം ഇതേ കാലയളവിൽ 9,164 കോടിയായിരുന്നു ഈ ഇനത്തിൽ ലഭിച്ചത്.

ക്ഷേമപെൻഷൻ, ആശാ വർക്കർമാരുടെ ഓണറേറിയം, ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ക്ഷാമബത്ത, മറ്റ് സർക്കാർ പേയ്മെന്റുകൾ എന്നിവ കൃത്യസമയത്തു സർക്കാർ ലഭ്യമാക്കുന്നതിനാൽ സാധാരണക്കാരുടെ കൈയിൽ പണമെത്തി വിപണിയിൽ ഉണർവുണ്ടാകുന്നതാണ് ജിഎസ്ടി വരുമാന വർധന ചൂണ്ടിക്കാട്ടുന്നതെന്നാണ് ധനവകുപ്പ് അധികൃതർ പറയുന്നത്. ഇതോടൊപ്പം ഓണത്തിനു തുടർച്ചയായുള്ള ഉത്സവകാലവിൽപനകളും കേരളത്തിന്റെ നികുതി വരുമാന വളർച്ചയെ സഹായിച്ചതായി കണക്കാക്കുന്നു.

ഇന്ദിരാഗാന്ധിയെ അനുസ്മരിച്ച് രാജ്യം

ന്യൂഡൽഹി: മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ ഇന്ത്യ അനുസ്മരിച്ചു. നാൽപത്തിരണ്ടാം രക്തസാക്ഷിത്വദിനത്തിൽ ഇന്ദിരയുടെ സ്മരണകളുറങ്ങുന്ന ശക്തിസ്ഥലിലും മുൻ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയായിരുന്ന സഫ്ദർജങ് റോഡിലെ ഒന്നാം നമ്പർ വസതിയിലെ സ്മാരകത്തിലും നേതാക്കൾ ആദരാഞ്ജലി അർപ്പിച്ചു. കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, മല്ലികാർജുൻ ഖാർഗെ, കെ.സി. വേണുഗോപാൽ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, എംപിമാരായ കൊടിക്കുന്നിൽ സുരേഷ്, ആന്റോ ആന്റണി തുടങ്ങിയർ പങ്കെടുത്തു. ഇന്ത്യയെ ശക്തവും പുരോഗമനപരവുമായ രാഷ്ട്രമാക്കിമാറ്റുന്നതിൽ ഇന്ദിരാഗാന്ധി നൽകിയ സംഭാവനകൾ എക്കാലവും നിലനിൽക്കുമെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു.



ശക്തിസ്ഥലിൽ നടന്ന അനുസ്മരണച്ചടങ്ങിൽ കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, സോണിയാഗാന്ധി, രാഹുൽ ഗാന്ധി, കെ.സി. വേണുഗോപാൽ എന്നിവർ.

പിഎസ്സി പരീക്ഷത്തട്ടിപ്പ്: കൂടുതൽ ക്രമക്കേടുകൾ വെളിപ്പെടുത്തി സെക്രട്ടറിയുടെ മൊഴി

തിരുവനന്തപുരം: പിഎസ്സി ചെയർമാനും അംഗങ്ങളും നടത്തിയ പരീക്ഷാത്തട്ടിപ്പിന്റെ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തി സെക്രട്ടറിയുടെ മൊഴി. ചെയർമാനും അംഗങ്ങളും ചില മുതിർന്ന ഉദ്യോഗസ്ഥരും അടങ്ങിയ ലോബി നടത്തിയ പിഎസ്സി പരീക്ഷാ തട്ടിപ്പുകളുടെ കൂടുതൽ രേഖകളും പിഎസ്സി സെക്രട്ടറി സാജു ജോർജ് പ്രത്യേക അന്വേഷണസംഘത്തിനു കൈമാറിയതായാണു വിവരം. എസ്ഐടി എസ്പിയുടെ നേതൃത്വത്തിൽ പിഎസ്സി സെക്രട്ടറി സാജു ജോർജിനെ മൂന്നുമണിക്കൂറിലേറെ ചോദ്യം ചെയ്തു. ചെയർമാനും അംഗങ്ങളും നടത്തിയ തട്ടിപ്പിന്റെ വിവരങ്ങൾ വിശദമായി വെളിപ്പെടുത്തിയ സെക്രട്ടറി ക്രമക്കേടുകളുമായി കൂടുതൽ രേഖകളും എസ്ഐടിക്കു കൈമാറി. അന്വേഷണവുമായി പൂർണമായി സഹകരിക്കുമെന്ന് ഉറപ്പു നൽകി. സെക്രട്ടിയെ വീണ്ടും ചോദ്യംചെയ്യാൻ ക്രൈംബ്രാഞ്ച് സംഘം വിളിപ്പിക്കുമെന്നാണു വിവരം. പരീക്ഷാതട്ടിപ്പു കേസിൽ പെടുത്താൻ ശ്രമിക്കുന്നോയെന്ന ആരോപണത്തിൽ പ്രതികരിക്കുന്നില്ലെന്നും ചോദ്യംചെയ്യലിനു ശേഷം സെക്രട്ടറി മാധ്യമങ്ങളോടു പറഞ്ഞു. പിഎസ്സിയിൽനിന്ന് ക്രൈംബ്രാഞ്ചിന് ആവശ്യമായ രേഖകൾ കൈമാറാൻ രൂപീകരിച്ച സ്പെഷൽ സെല്ലിന്റെ തലവനായിരുന്നു സെക്രട്ടറി. അദ്ദേഹത്തിന് തട്ടിപ്പിൽ പങ്കില്ലെന്നാണ് എസ്ഐടിയുടെ നിഗമനം. പിഎസ്സി പരീക്ഷാ കൺട്രോളർ ബിനി കെ. ഏബ്രഹാമിനെ നവംബർ മൂന്നിന് ചോദ്യംചെയ്യും. പബ്ലിക് സർവീസ് കമ്മീഷനിലെ 12 അംഗങ്ങളോട് ചോദ്യംചെയ്യലിന് ഹാജരാകാൻ നോട്ടീസ് നൽകിയിട്ടുണ്ട്.

കേസിൽ കൂടുതൽ പ്രതികളുണ്ടാകുമെന്നാണ് സൂചന. അതിനിടെ, അറസ്റ്റിലായ അഡീഷണൽ സെക്രട്ടറി ആർ. ഹരിയെ 13 വരെ വിജിലൻസ് കോടതി റിമാൻഡ് ചെയ്തു. ആരെയും ബോധപൂർവം സഹായിച്ചിട്ടില്ലെന്നും സാങ്കേതികമായ പിഴവു മാത്രമാണ് ഉണ്ടായതെന്നുമാണ് ഹരി മൊഴി നൽകിയത്.

പത്തുവർഷത്തിനിടെ കിഫ്ബി വഴി ഊരാളുങ്കലിനു 5900 കോടി രൂപയുടെ പദ്ധതികൾ

തിരുവനന്തപുരം: എൽഡിഎഫ് സർക്കാരിന്റെ കാലത്തു കഴിഞ്ഞ 10 വർഷത്തിനിടെ കിഫ്ബി വഴി ഊരാളുങ്കലിലേക്കെത്തിയത് 5900 കോടിയുടെ 218 പദ്ധതികൾ; പൂർത്തിയായത് 108 എണ്ണം. അൻപതോളം പദ്ധതികൾ കരാർ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയായിട്ടില്ല. ഇതിൽ 31 എണ്ണത്തിൽ 30 ശതമാനം മാത്രമാണു പുരോഗതി. 1261 കോടി രൂപയുടെ പദ്ധതികളാണിവ.

ഇഴഞ്ഞുനീങ്ങിയ 10 പദ്ധതികളിൽ സ്ഥാപനത്തിനു സർക്കാർ കാരണംകാണിക്കൽ നോട്ടീസ് നൽകി. കാസർകോട്ടെ കോളിച്ചാലിൽനിന്ന് കണ്ണൂരിലെ ചെറുപുഴയിലേക്കുള്ള റോഡ് നിർമാണപദ്ധതി റദ്ദാക്കി. 77 കോടിക്ക് 2019-ൽ അനുമതി നൽകിയ പദ്ധതി 2021-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. ഈവർഷം മേയ് വരെ കാലാവധി നീട്ടിനൽകിയെങ്കിലും പുരോഗതിയുണ്ടായില്ല. ഒടുവിൽ കരാർ റദ്ദാക്കി. നിയമസഭയിൽ എം. വിൻസന്റിന്റെ ചോദ്യത്തിനു മുഖ്യമന്ത്രി വി.ഡി. സതീശൻ നൽകിയ മറുപടിയിലാണ് കിഫ്ബി-ഊരാളുങ്കൽ പദ്ധതികളുടെ വിശദവിവരങ്ങളുള്ളത്.

കിഫ്ബി പദ്ധതികൾ ഊരാളുങ്കലിനു നൽകിയതിൽ ടെൻഡർ നടപടികളിൽ വീഴ്ചവരുത്തിയിട്ടുണ്ടോ എന്നതിലടക്കം വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കണ്ണൂരിൽ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത് അന്വേഷണത്തിന്റെ ആദ്യഘട്ടമാണ്. ഊരാളുങ്കലിനു നൽകിയ പദ്ധതികൾ, കിഫ്ബിയിലെ ബന്ധുനിയമനം തുടങ്ങിയവയിൽ അടുത്തഘട്ടത്തിൽ അന്വേഷണമുണ്ടാകുമെന്നു സർക്കാർ വൃത്തങ്ങൾ ചൂണ്ടിക്കാട്ടി.

കുടൽവീക്കം ഉണ്ടാക്കുന്ന ബാക്ടീരിയകൾ പാർക്കിൻസൺസ് രോഗികളിൽ കൂടുതൽ

തിരുവനന്തപുരം: പാർക്കിൻസൺസ് രോഗികളുടെ കുടലിൽ ശരീരത്തിൽ വീക്കമുണ്ടാക്കുന്ന ബാക്ടീരിയകൾ കൂടുതലാണെന്നും ഇവ രോഗതീവ്രത കൂട്ടുന്നുവെന്നും പഠനം. ഒരേ വീട്ടിൽ ഒരേ ഭക്ഷണം കഴിച്ചു കഴിയുന്ന ജീവിതപങ്കാളികളെ താരതമ്യം ചെയ്തു നടത്തിയ പഠനത്തിലാണ് ഇക്കാര്യം വ്യക്തമായത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് ഐസിഎംആർ സഹായത്തോടെയാണ് പഠനം നടത്തിയത്. അമേരിക്കയിലെ പാർക്കിൻസൺസ് ഫൗണ്ടേഷനുമായി ചേർന്ന് നേച്ചർ ഫോർട്ട്ഫോളിയോ പ്രസിദ്ധീകരിക്കുന്ന എൻപിജെ പാർക്കിൻസൺസ് ഡിസീസ് ജേണലിൽ പഠനം പ്രസിദ്ധീകരിച്ചു. കുസാറ്റ് ന്യൂറോസയൻസ് കേന്ദ്രം ഡയറക്ടർ ഡോ. പി.എസ് ബേബി ചക്രപാണി, ശ്രീചിത്തിര നൂറോളജി വിഭാഗം പ്രഫസർ ഡോ. ശ്യാം കൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ ഡോ. പി.എ. അനീസിയാണ് പഠനം നടത്തിയത്.

ഉമ്മൻചാണ്ടി അനുസ്മരണ സമ്മേളനം നടന്നു

പുതുപ്പള്ളി: ഉമ്മൻ ചാണ്ടി കൊളുത്തിയ നന്മയുടെ തിരികളിൽനിന്നു നാടാകെ വെളിച്ചം പടർത്തി ഉമ്മൻ ചാണ്ടിയുടെ 83-ാം ജന്മദിനം ആചരിച്ചു. നിരാലംബർക്ക് വീട് നൽകൽ, വിദ്യാകിരൺ സഹായപദ്ധതി, പുരസ്കാര സമർപ്പണം എന്നിവയോടെയാണ് ചടങ്ങുകൾ നടന്നത്.

പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്ന ജന്മദിനാഘോഷം മൊറിഷ്യസ് മുൻ പ്രസിഡന്റ് പൃഥ്വിരാജ് സിങ് രൂപൺ ഉദ്ഘാടനം ചെയ്തു. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഉമ്മൻ ചാണ്ടി ഫൗണ്ടേഷൻ നിർമിച്ചു നൽകിയ ആറു കുടുംബങ്ങൾക്കുള്ള വീടുകളുടെ താക്കോൽ സമർപ്പണം നടന്നു. ഉമ്മൻ ചാണ്ടിയുടെ പേരിൽ ഏർപ്പെടുത്തിയ രണ്ടാമത് പുരസ്കാരം പൃഥ്വിരാജ് സിങ് രൂപണിനു തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകി.

SEEKING BRIDEGROOM

*We are seeking a suitable alliance for our daughter, a 26-year-old God fearing and compassionate young woman who is currently residing in the USA. She holds a Master's degree in Social Work (MSW) and is currently employed as a social worker at a state agency. She is well-mannered, family-oriented and values both her faith and profession deeply. We are looking for a groom that was born and raised in the United States and upholds similar values as our daughter. If you know anyone that would be interested, please reach out to us at the following numbers below: **847-903-6670, 847-371-1212, 847-596-7493**.

US. Settled Orthodox Christian parents invite proposals for their daughter, US. Citizen aged 35 years 5'1" raised in the US. She is a University graduate working as a nurse. Looking for God fearing professionally qualified, family oriented boy. If interested please contact WhatsApp number **1(510)384 8625.

*US settled Pentecostal parents looking for suitable proposals for their daughter who is in her last year medical school. (July 2000, 5'2 height, raised in USA). She is baptized, spirit filled, mission oriented and has a strong spiritual background. Seeking a God fearing, baptized family oriented, and professionally qualified boy (only from USA and 30 years below). If interested, please respond recent photos with details to WhatsApp **001-832 790 0002.**

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196**

Vsimon@bellsouth.net

SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to

alexkalarickal@gmail.com with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

SEEKING BRIDEGROOM CONTD.....

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

കെ.സി. ജോർജ്

കോതമംഗലം: റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ തങ്കളം കല്ലായിപ്പറമ്പിൽ (പുതുക്കുന്നത്ത്) കെ.സി. ജോർജ് (87) അന്തരിച്ചു. ഭാര്യ വേങ്ങൂർ താണാട്ടുകുടിയിൽ സാറാമ്മ. മക്കൾ: ജെൻസ് (ഓസ്ട്രേലിയ), ഗ്രെയിം (യുഎസ്). മരുമക്കൾ: വാഴക്കുളം വെള്ളിരിങ്ങൽ ദീപ, മാമലശ്ശേരി എടയത്ത് വാളാടിയിൽ ബബിത.

ജി. രാമചന്ദ്രൻ പിള്ള

പുല്ലാട്: ദുബായ് ഗവ. സർവീസ് റിട്ട. ഉദ്യോഗസ്ഥൻ വൈഷ്ണവത്തിൽ ജി. രാമചന്ദ്രൻ പിള്ള (78) അന്തരിച്ചു. ചെങ്ങന്നൂർ ഇടനാട് അയ്യങ്കോയിക്കൽ കുടുംബാംഗമാണ്. ഭാര്യ പ്രസന്നകുമാരി. മക്കൾ: രേഖ (യുഎസ്), രഞ്ജന. മരുമകൻ: സുനിൽ.

വാകത്താനം: പുളിമൂട്ടിൽ പരേതനായ ഏബ്രഹാമിന്റെ ഭാര്യ പെണ്ണമ്മ ഏബ്രഹാം (88) അന്തരിച്ചു.

മാത്യു തരകൻ

എറണാകുളം-പള്ളിക്കര: ഡിആർഡിഒ-എഡിഇ റിട്ട. സീനിയർ സയന്റിസ്റ്റ് എറണാകുളം പള്ളിക്കര ചിറ്റേത്ത് മാത്യു തരകൻ (92) ബെംഗ്ളൂരിൽ അന്തരിച്ചു. ഭാര്യ തൃക്കളത്തൂർ ഓലിക്കൽ ശോശാമ്മ (റിട്ട. പ്രധാനാദ്ധ്യാപിക). മക്കൾ: മേരി വർഗീസ് (ചിക്കാഗോ), പരേതയായ അനിത. മരുമക്കൾ: തോമസ് വർഗീസ് (ചിക്കാഗോ), പരേതനായ ബിനു.

കോലഞ്ചേരി: സെന്റ് പീറ്റേഴ്സ് കോളജ് റിട്ട. സീനിയർ സൂപ്രണ്ട് കിഴക്കേത്തൂട്ട് കെ.എ. മത്തായി (79) അന്തരിച്ചു.

ഏലിക്കുട്ടി ജോസഫ്

മുണ്ടക്കയം: തെക്കേമല ആലഞ്ചേരിൽ ഏലിക്കുട്ടി ജോസഫ് (99) അന്തരിച്ചു. ഭർത്താവ് പരേതനായ കുഞ്ഞുകുട്ടി. മക്കൾ: മറിയാമ്മ, ജോസഫ് (യുഎസ്), സിസ്റ്റർ റീന (ഏന്തയാർ ശാന്തിനിലയം), പരേതനായ സാർത്തോ ജോസഫ്. മരുമക്കൾ: പരേതനായ തോമസ് പുലിക്കുഴിയിൽ (പാലൂർക്കാവ്), ബ്രിജിറ്റ് ജോസഫ് കുഴിയംപ്ലാവിൽ (യുഎസ്).

കുറവിലങ്ങാട്: എസ്എബിഎസ് എറണാകുളം എസ്. എച്ച്. പ്രോവിൻസിലെ പൊതിഭവനാംഗമായ സിസ്റ്റർ ബെറോമിയ (മേരി ഏബ്രഹാം-83) അന്തരിച്ചു.

കായംകുളം: ചേരാവള്ളി ശ്രീനാരായണപുരം (നവനീതം) കെ. ഓമനക്കുട്ടിയമ്മ (91) അന്തരിച്ചു.

കൊച്ചി: എറണാകുളം അമൻകോവിൽ റോഡ് വിതയത്തിൽ പോൾ ജെ. വിതയത്തിൽ (57) അന്തരിച്ചു.

വാകത്താനം: കൊച്ചേരിയിൽ വിനോദ് കെ. കുര്യന്റെ (ഷാർജ) ഭാര്യ ഷാനി മേരി ജോൺ (46) അന്തരിച്ചു.

ഏബ്രഹാം മുണ്ടയ്ക്കൽപറമ്പിൽ

കരിപ്പാടം: വടകര മുണ്ടയ്ക്കൽപറമ്പിൽ ഏബ്രഹാം (95) അന്തരിച്ചു. ഭാര്യ കല്ലറ കരിശ്ശേരിക്കൽ പരേതയായ ചിന്നമ്മ. മക്കൾ: ലില്ലി, ജോസ്, സണ്ണി (യുഎസ്), രാജു (സ്വിറ്റ്സർലൻഡ്), റോയ് (യുഎസ്). മരുമക്കൾ: പരേതനായ ഫിലിപ്പ് പാറയിൽ (കരിപ്പാടം), റെജി തൈത്തറയിൽ (മള്ളൂശേരി), ബീന ചെമ്മലക്കുഴി പുത്തൻപുരയിൽ ഞീഴൂർ (യുഎസ്), ബെറ്റി കുരിശുമ്മൂട്ടിൽ കറ്റോട് (സ്വിറ്റ്സർലൻഡ്), സുജ തേക്കുംകാട്ടിൽ പിറവം (യുഎസ്).

അച്ചാമ്മ തോമസ്



കോട്ടയം: വലിയങ്ങാടി വട്ടത്തിൽ അച്ചാമ്മ തോമസ് (ബേബിക്കുട്ടി-80) യുഎസിൽ അന്തരിച്ചു. കോട്ടയം ഓണാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.ജെ. തോമസ്. മക്കൾ: മനോജ്, മഞ്ജു. മരുമക്കൾ: മോറിൻ, ടോഡ് (എല്ലാവരും യുഎസ്).

മറ്റക്കര: കരിമാലൂർ (കോടിക്കുളം) പരേതനായ കെ.എസ്. ജോസഫിന്റെ ഭാര്യ മറിയക്കുട്ടി ജോസഫ് (96) അന്തരിച്ചു.

മാങ്ങാനം: തേവറോലിൽ പരേതനായ ജോസഫ് സൈമണിന്റെ ഭാര്യ കെ.ജെ. സാറാ (82) അന്തരിച്ചു.

പരുത്തുംപാറ: കുന്നേൽപറമ്പിൽ പരേതനായ തോമസ് ചാക്കോയുടെ ഭാര്യ മോളിക്കുട്ടി തോമസ് (74) അന്തരിച്ചു.

സൈനമ്മ ജോസഫ്

കല്ലൂർ: എൽഎഫ്സി റോഡ് വേലുക്കാരൻ സൈനമ്മ ജോസഫ് (73) അന്തരിച്ചു. ഏറ്റുമാനൂർ കോടപ്പള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.കെ. ജോസഫ്. മക്കൾ: അഡ്വ. ഹെബിൻ (ഹൈക്കോടതി), ജുബിൻ (കേരള സ്പോർട്സ്), ടോണി (യുഎസ്). മരുമക്കൾ: മിലു പാറയ്ക്കൽ കാഞ്ഞൂർ, രമ്യ മൂക്കൻ തൃശൂർ, അനാമിക തെക്കേ കണിശേരി, കാക്കനാട്.

തിരുവനന്തപുരം: പട്ടം മുളവന പ്രഭ ലെയ്നിൽ മൊറൈസ് വില്ലയിൽ മുൻ ജില്ലാ ജഡ്ജി ആന്റണി മൊറൈസ് (85) അന്തരിച്ചു.

കോട്ടയം: എൽഐസി റിട്ട. ഡിവിഷണൽ മാനേജർ കുമരകം പുത്തൻവീട്ടിൽ മോഹൻ റോയി (75) അന്തരിച്ചു.

വി.പി. കുര്യാക്കോസ്

നെടുമ്പാശേരി: പൊയ്കാട്ടുശ്ശേരി വല്ലത്തുകാരൻ വി.പി. കുര്യാക്കോസ് (73) അന്തരിച്ചു. ഭാര്യ വാഴക്കുളം ഐക്കരക്കുടി ലില്ലി. മക്കൾ: മനു, മീനു. മരുമക്കൾ: തൊടുപുഴ കുരുവേലിൽ നിവിയ (അയർലൻഡ്), ആരക്കുന്നം മൂലേത്തടത്തിൽ ജിതിൻ (യുഎസ്).

സൗദാ ബീവി

അഞ്ചൽ: സച്ചിൻ കോട്ടേജിൽ പരേതനായ എം. അബ്ദുൾ ഖരീം റാവുത്തറുടെ ഭാര്യ സൗദാ ബീവി (83) അന്തരിച്ചു. മക്കൾ: ഡോ. ഷാഹുൽ ഹമീദ് (റിട്ട. അസി. ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ്), സലീന (യുഎസ്), ലൈല (ഇടമുളക്കൽ പഞ്ചായത്ത് മുൻ മെംബർ). മരുമക്കൾ: സബീന, ഷബീർ (യുഎസ്), സലിം.

മേരി ജോസഫ്

കൂത്താട്ടുകുളം: മാറിക അയ്യംവേലിൽ മേരി ജോസഫ് (92) അന്തരിച്ചു. ഭർത്താവ് പരേതനായ ചാക്കോ ജോസഫ്. മക്കൾ: ശാന്തമ്മ (യുഎസ്), വത്സ, ലീല, ജെസ്സി (യുഎസ്). മരുമക്കൾ: മാത്യൂസ് പതിക്കൽ (യുഎസ്), ജോർജ് പാറത്തോട്ടാൽ മാറിക, ജോൺ കുര്യാക്കോസ് ചാമക്കാലായിൽ മുളന്തുരുത്തി, ജോൺ കെ. ഏലിയാസ് കല്ലോലിക്കൽ കൂത്താട്ടുകുളം (യുഎസ്).

കോട്ടയം: സാക്ഷരതാ മിഷൻ മുൻ സംസ്ഥാന കോ-ഓർഡിനേറ്ററും കേരള കോൺഗ്രസ് സംസ്ഥാന സീനിയർ ജനറൽ സെക്രട്ടറിയുമായ ഈരയിൽക്കടവ് വാകശേരി ലെയ്ൻ കണികത്തോട്ട് ജേക്കബ് കുര്യാക്കോസ് (70) അന്തരിച്ചു.

എൻ. വിജയകുമാരൻ നായർ

മലപ്പേരൂർ: മൂലപ്പണ കൃഷ്ണകൃപയിൽ എൻ. വിജയകുമാരൻ നായർ (77) അന്തരിച്ചു. നെടുമങ്ങാട് വേങ്കവിള പുളിങ്കോട്ട്കോണം കുടുംബാംഗമാണ്. ഭാര്യ കെ.എസ്. ശ്യാമള കുഞ്ഞമ്മ. മക്കൾ: വി. വരുൺ കുമാർ (യുഎസ്), വീണ വി. നായർ ആർഎംഎസ് കൊല്ലം). മരുമക്കൾ: പി.എസ്. പാർവതി (എച്ച്എസ്എസ് ടി, എൻഎസ്എസ് എച്ച്എസ്എസ് കോട്ടയം),ജി. ശ്രീജിത്ത് (വിമുക്തഭടൻ).

ചിങ്ങവനം: കുന്നേൽ പുത്തൻപുരയിൽ പരേതനായ കെ.ടി. ഏബ്രഹാമിന്റെ ഭാര്യ അന്നമ്മ ഏബ്രഹാം (81) അന്തരിച്ചു.

കിടങ്ങൂർ സൗത്ത്: പനന്താനത്ത് (കണ്ണംകുളത്തിൽ) പരേതനായ പി.ജെ. കോരയുടെ ഭാര്യ മേരി (98) അന്തരിച്ചു.

നരിയങ്ങാനം: ചാത്തൻകോട്ടുനട എജെജെഎം എച്ച് എസ് റിട്ട. അദ്ധ്യാപകൻ കുളത്തിനാൽ കെ.എ. സെബാസ്റ്റ്യൻ (95) അന്തരിച്ചു.

ഡോ. ജോർജ് കെ. ചാക്കോ

ആയൂർ: യുഎസിലെ വാനിയ മെഡിക്കൽ കോളജിലെ മുൻ പ്രഫസർ പെരുങ്ങള്ളൂർ അങ്ങേവിളയിൽ (വഴുതക്കാട് കോട്ടൻഹിൽ ഹൈറ്റ്സ്) ഡോ. ജോർജ് കെ. ചാക്കോ (93) അന്തരിച്ചു. ഭാര്യ പുത്തൻകാവ് കുട്ടമുറ്റത്ത് പരേതയായ തങ്കമ്മ. മക്കൾ: ജയ്, ജോയ്, ബോബി. മരുമക്കൾ: ലിസ്, ടെറി (എല്ലാവരും യുഎസ്).

മാത്യു വർഗീസ്

എടത്വ: റിട്ട. പോലീസ് എസ്ഐ ചാമക്കളത്തിൽ മാത്യു വർഗീസ് (കുഞ്ഞച്ചൻ-96) അന്തരിച്ചു. ഭാര്യ കാവാലം വേലച്ചേരിൽ മേരിക്കുട്ടി മാത്യു. മക്കൾ: ജോർജുകുട്ടി (യുഎസ്), ജെയിംസ്, ജോസ് (ഓസ്ട്രേലിയ), ജെസി, ജോയമ്മ, ജാൻസി. മരുമക്കൾ: ശോഭ തുണ്ടത്തിൽ (കിഴക്കൻ മുത്തൂർ), ചിന്നമ്മ പള്ളിക്കുന്നേൽ (മുതലക്കോടം), ലിറ്റി ഒഴുകയിൽ (ചെറുവാണ്ടൂർ), കുഞ്ഞുമോൻ മേനവൻവീട് (തൃക്കൊടിത്താനം), ബിജു വെട്ടിക്കാട്ടുപറമ്പിൽ (കുറുപ്പന്തറ), മാർട്ടിൻ പള്ളിച്ചിറ (മാമ്മൂട്).

പി.എം. ജോണി

തൊടുപുഴ: ആലുവ സെ. മേരീസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ മുതലക്കോടം പെരുമ്പിൽ പി.എം. ജോണി (78) അന്തരിച്ചു. ഭാര്യ മുതലക്കോടം ചെമ്പരത്തിയിൽ വത്സമ്മ ജോണി (റിട്ട. അദ്ധ്യാപിക). മക്കൾ: തോമസ്കുട്ടി ജോണി (യുഎസ്), റാണി ജോണി (ഓസ്ട്രേലിയ). മരുമക്കൾ: ബെനിജ തോമസ് മാതിരപ്പള്ളിയിൽ (യുഎസ്), ജോഷി ജോസഫ് മഞ്ചേരിൽ (ഓസ്ട്രേലിയ).

പേരൂർക്കട: ഉല്ലാസ് നഗർ പൂപ്പള്ളിൽ മുക്കോലയ്ക്കൽ സെ. തോമസ് റെസിഡൻഷ്യൽ സ്കൂൾ റിട്ട. വൈസ് പ്രിൻസിപ്പൽ സൂസൻ ചാക്കോ (72) അന്തരിച്ചു.

കെ.ടി. ഈപ്പൻ

കങ്ങഴ: കാഞ്ഞിരപ്പാറ പടനിലം മുസ്ലിം സ്കൂൾ റിട്ട. അദ്ധ്യാപകൻ കക്കാട്ട് പുതുപ്പറമ്പിൽ (പുള്ളോലിക്കൽ) കെ.ടി. ഈപ്പൻ (98) അന്തരിച്ചു. ഭാര്യ കണ്ണന്താനം തങ്കമ്മ ഈപ്പൻ (റിട്ട. പ്രധാനാദ്ധ്യാപിക, സെ. തോമസ് എൽപിഎസ് കങ്ങഴ) മക്കൾ: തോമസ് കെ. ഈപ്പൻ (യുഎസ്), എബി ഈപ്പൻ (ദുബായ്), സുജ ജോസ് (നൂറോമ്മാവ്), അന്നമ്മ കുരുവിള (യുഎസ്). മരുമക്കൾ: ലതാ തോമസ് (യുഎസ്), ജൂലി എബി (ദുബായ്), ജോസുകുട്ടി ജോർജ് (കിഴക്കേക്കര (നൂറോമ്മാവ്), കുരുവിള ആൻഡ്രൂസ് പാറമ്പുഴ (ഏഴാംമൈൽ).

കുത്രപ്പള്ളി: ചക്കുങ്കൽ മറിയാമ്മ ബർണബാസ് (മറിയക്കുട്ടി-94) അന്തരിച്ചു.

മീനടം: പാറയ്ക്കലായ വട്ടക്കുടുപ്പിൽ വി.പി. ചെറിയാൻ (ബേബി-67) അന്തരിച്ചു.

തങ്കമ്മ സാമുവൽ

കടമ്പനാട്: തുവയൂർ തെക്ക് കണിയാംകുഴി തെക്കേതിൽ (ചെറുവഴിക്കൽ) തങ്കമ്മ സാമുവൽ (102) അന്തരിച്ചു. ഭർത്താവ് പരേതനായ ചാക്കോ സാമുവൽ. മക്കൾ: മേരിക്കുട്ടി സഖറിയ, ജോർജുകുട്ടി സാമുവൽ, ഗ്രേസിക്കുട്ടി, ലീലാമ്മ ജോയി, ജോണിക്കുട്ടി സാമുവൽ, ബാബു സാമുവൽ (എല്ലാവരും യുഎസ്), പരേതരായ അമ്മിണി തോമസ്, ബഞ്ചമിൻ സാമുവൽ. മരുമക്കൾ: ജോർജ് സ്കറിയ, ശോശാമ്മ ജോർജുകുട്ടി, ബെഞ്ചമിൻ ചെറിയാൻ, ജോയി ചാക്കോ, അന്നമ്മ ജോണി, സാലി സാമുവൽ, റൂബി ബെഞ്ചമിൻ (എല്ലാവരും യുഎസ്), പാസ്റ്റർ വി.ജെ. തോമസ് (മുംബൈ).

ജോജി ജോസഫ്



കിടങ്ങൂർ: മേക്കാട്ടേൽ ജോസഫിന്റെയും മേരിയുടെയും മകൻ ജോജി ജോസഫ് (45) ഫ്ളോറിഡയിൽ അന്തരിച്ചു. ഭാര്യ ശ്രുതി ആൻ ജോസ് വടശേരിമറ്റം (കാരിത്താസ്). മക്കൾ: ജസ്റ്റിൻ ജോജി, ജെറോൺ ജോജി, ജോഷ്വ ജോജി.

കടുത്തുരുത്തി: പ്രഫഷണൽ നാടകനടനും സിനിമ-സീരിയൽ നടനുമായ മാന്നാർ വാരിയത്തുവീട്ടിൽ ബി. ബാബുരാജ് (64) അന്തരിച്ചു.

കോടഞ്ചേരി: ട്രിനിറ്റി കോളജ് മുൻ പ്രിൻസിപ്പലും കോടഞ്ചേരി മാതാ ഫിനാൻസിയേഴ്സ് ഗ്രൂപ്പ് പ്രസിഡണ്ടുമായ നെല്ലിയാനി കുട്ടിയച്ചൻ (74) അന്തരിച്ചു.

കട്ടച്ചിറ: കാരിക്കുഴിയിൽ കെ.കെ. കുര്യന്റെ ഭാര്യ അന്നമ്മ കുര്യൻ (81) അന്തരിച്ചു.

മറിയാമ്മ വർഗീസ്

കല്ലൂപ്പാറ: പുതുശേരി കണ്ണമല തെക്കേപ്പറമ്പിൽ മറിയാമ്മ വർഗീസ് (82) അന്തരിച്ചു. ചെങ്ങന്നൂർ വലിയ പുതുശേരി കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.എം. വർഗീസ്. മക്കൾ: അജിത്ത് വർഗീസ് (യുഎസ്), അനിൽ വർഗീസ് (ഓസ്ട്രേലിയ).

അരീപ്പറമ്പ്: നാകനിലത്തിൽ എൻ.കെ. തോമസിന്റെ ഭാര്യ സൂസമ്മ തോമസ് (70) അന്തരിച്ചു.

തെള്ളകം: വട്ടമലയിൽ വി. ബി. തങ്കച്ചൻ (59) അന്തരിച്ചു.

കോരുത്തോട്: വെള്ളിയാംതടത്തിൽ മൈക്കിൾ തോമസ് (കൊച്ചി-86) അന്തരിച്ചു.

കുട്ടിയമ്മ സെബാസ്റ്റ്യൻ

തിരൂർക്കാട്: എഎംഎൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക പുഞ്ചത്തലയ്ക്കൽ കുട്ടിയമ്മ സെബാസ്റ്റ്യൻ (80) അന്തരിച്ചു. ഭർത്താവ് പി.കെ. ജോബ്. മക്കൾ: റെജി പി. ജോബ് (തൃശൂർ), റെയു പി. ജോബ്, റെജി പി. ജോബ് (യുഎസ്). മരുമക്കൾ: ആശ സെബാസ്റ്റ്യൻ (തൃശൂർ), ഡാനി കുര്യൻ, ലിസ് മാത്യു (യുഎസ്).

ഫാ. വി.ജെ. ഉമ്മൻ

തിരുവല്ല: മലങ്കര ഓർത്ത ഡോക്സ് സഭ നിരണം ഭദ്രാസനത്തിലെ മുതിർന്ന വൈദികൻ വാണിയപ്പുരയ്ക്കൽ ഫാ. വി.ജെ. ഉമ്മൻ (77) അന്തരിച്ചു. നിരണം ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ തിരുവല്ല മാമ്പ്രക്കുഴിയിൽ പ്രശാന്തിയിൽ ആലീസ് ഉമ്മൻ. മക്കൾ: ടോണി ജോണി ഉമ്മൻ (യുഎസ്), ടിനി മറിയം ഉമ്മൻ (ദുബായ്). മരുമക്കൾ: വളഞ്ഞവട്ടം മണത്തറയിൽ റിയ ടോണി, ഇടയ്ക്കാട്ടുവയൽ തെക്കൻവീട്ടിൽ നിബിൻ തമ്പി തെക്കൻ.

ജി. സത്യൻ

ഓച്ചിറ: പരബ്രഹ്മ ക്ഷേത്ര ഭരണസമിതി മുൻ പ്രസിഡണ്ടും കൊല്ലം കെപിപി ഗ്രൂപ്പിന്റെ കേരള നട്ട് ഫുഡ്കമ്പനി മാനേജർ വയനകം തോട്ടത്തിൽ ജി. സത്യൻ (64) അന്തരിച്ചു. ഭാര്യ കൊട്ടാരക്കര പെരുങ്കുളം അറപ്പുര വീട്ടിൽ ദീപ. മകൻ: ശംഭു (യുഎസ്). മരുമകൾ: ഉത്തര.

കോട്ടയം: നട്ടാശേരി ചൂരക്കാട്ടിൽ വീട്ടിൽ സി.എൻ. ബാലകൃഷ്ണൻ നായരുടെ (റിട്ട. കോട്ടയം ഡിഡി ഓഫീസ്) ഭാര്യ അംബുജാക്ഷി അമ്മ (84-റിട്ട. ടീച്ചർ, പുത്തനങ്ങാടി സെ. തോമസ് സ്കൂൾ) അന്തരിച്ചു.

വി.ജി. ഗോപിനാഥൻ നായർ

കോത്തല: ചേർത്തല ഓട്ടോകാസ്റ്റ് റിട്ട. ഡെപ്യൂട്ടി മാനേജർ ഗോകുലം (പൗവ്വത്ത്) വി. ജി. ഗോപിനാഥൻ നായർ (77) അന്തരിച്ചു. ഭാര്യ തൊടുപുഴ മൂപ്പിൽ എം.എസ്. ജീജ (റിട്ട. ഗവ. ഹൈസ്കൂൾ അദ്ധ്യാപിക). മക്കൾ: ഡോ. ജി. ഗോകുൽ, ജി. ഗീതി (യുഎസ്). മരുമക്കൾ: ഡോ. ആർ.എസ്. രാജലക്ഷ്മി, പ്രവീൺ പ്രകാശ് (യുഎസ്).

കല്ലൂർ: ഫാക്ട് റിട്ട. ചീഫ് എൻജിനീയർ ആസാദ് റോഡ് നിലവരേത്ത് ലെയിൻ കെ.മാധവൻ നായർ (84) അന്തരിച്ചു.

പൂഞ്ഞാർ: ആലയ്ക്കപറമ്പിൽ പരേതനായ എ.ടി. കുര്യന്റെ ഭാര്യ മേരി കുര്യൻ (72) അന്തരിച്ചു.

പ്ലാശനാൽ: മുതലക്കുഴിയിൽ (മൂലേച്ചാലിൽ) ടോമി തോമസിന്റെ ഭാര്യ സാലി തോമസ് (66) അന്തരിച്ചു.

കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

താല്പര്യമുള്ളവർ വിളിക്കുക

+1 713 204 7735 (Whats App)

PRIME KERALA INVESTMENT OPPORTUNITY FOR NRIs

1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

Property Highlights

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

Serious Buyers / Investors Only

Investment Starting from Rs. 1.2 Crore

USA: +1 630 903 7680

USA: +1 630 728 7956

INDIA: +91 94961 15802

Direct Owner Sale

Part transaction can be arranged in foreign currency.

LIVE-IN CAREGIVER NEEDED – DETROIT

An 86-year-old elderly lady Malayalam speaking in Detroit, who is fully wheelchair-dependent, is looking for a live-in caregiver from January 1st 2027.

Duties include:

* Assistance with daily activities
* Light cooking
* General caregiving and companionship

If you are interested or know someone who may be interested, please contact.

Joji Varughese

586-610-9932

LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

If interested, please contact:

Gisha Abraham

Phone/Text: (847) 477-1202

Email: gisham26@gmail.com

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം


Inserted by: Firm Believer, Boston

ഉപകാരസ്മരണ




Inserted by: Firm Believer, Virginia

Favors Received



Inserted by: Firm Believer, New York

Favors Received



Inserted by: Firm Believer, New York



32 വർഷങ്ങൾക്കുശേഷം അടൂരും മമ്മൂട്ടിയും വീണ്ടും ഒന്നിക്കുന്നു

പുതിയ ചിത്രവുമായി അടൂർ പ്രേക്ഷകർക്കുമുന്നിലേക്ക്. മമ്മൂട്ടിയെ നായകനാക്കി അടൂർ ഗോപാലകൃഷ്ണൻ സംവിധാനംചെയ്യുന്ന 'പദയാത്ര' പ്രദർശനത്തിനൊരുങ്ങി. മുപ്പത്തിരണ്ടു വർഷത്തിനു ശേഷമാണ് മമ്മൂട്ടി വീണ്ടും അടൂർചിത്രത്തിൽ നായകനാകുന്നത്.

പുണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് തിരക്കഥാരചനയിലും സംവിധാനത്തിലും ഡിപ്ലോമ നേടിയ അടൂർ എൺപത്തിയഞ്ചാം വയസ്സിലും സിനിമയിൽ സജീവമാണ്. വാണിജ്യച്ചേരുവകൾ സമംചേർത്തുള്ള ആഘോഷസിനിമകളല്ല അടൂരിന്റേത്. അതിനാടകീയതയും തട്ടുപൊളിപ്പൻ ഗാനങ്ങളും സംഘട്ടനവും മലയാളസിനിമയെ അടക്കിവാണ സമയത്ത് വഴിമാറി സഞ്ചരിക്കുകയായിരുന്നു അദ്ദേഹം. സ്വാഭാവിക ജീവിതത്തോട് ചേർന്നുനിൽക്കുന്ന കഥാസന്ദർഭങ്ങളും സാധാരണക്കാരന്റെ മാനസികവികാര വിചാരങ്ങളും അടൂർ ചിത്രങ്ങളിൽ പ്രതിഫലിച്ചു. സ്വയംവരവും കൊടിയേറ്റവും എലിപ്പത്തായവും മുഖാമുഖവുമെല്ലാം മലയാളസിനിമയുടെ അതിരുകളെ കൂടുതൽ വിശാലമാക്കി. അന്നുവരെ പ്രേക്ഷകർക്ക് പരിചയമുണ്ടായിരുന്ന മമ്മൂട്ടിക്കഥാപാത്രത്തെയല്ലായിരുന്നു മതിലുകളിലും വിധേയനിലും കണ്ടത്. തകഴിയുടെ ചെറുകഥകളെ ആസ്പദമാക്കി വ്യത്യസ്തരായ നാലു സ്ത്രീകളുടെ ജീവിതത്തിലൂടെ സഞ്ചരിക്കുന്ന 'നാലുപെണ്ണുങ്ങൾ' അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ ഇന്നും ചർച്ചകൾക്ക് തിരികൊളുത്തുന്നുണ്ട്. ദിലീപിനെയും കാവ്യാമാധവനെയും പ്രധാനകഥാപാത്രങ്ങളാക്കി ഒരുക്കിയ 'പിന്നെയു'മാണ് അടൂരിന്റെ സംവിധാനത്തിൽ പ്രദർശനത്തിനെത്തിയ അവസാന ചിത്രം.


ഒരു നായകനെത്തന്നെ ആവർത്തിക്കാറില്ലെന്ന പതിവ്, മമ്മൂട്ടിയുടെ കാര്യത്തിൽ മാത്രമാണ് അടൂർ മാറ്റിയെഴുതിയത്. അടൂർ-മമ്മൂട്ടി ഒന്നിക്കുന്ന നാലാമത്തെ ചിത്രമാണ് 'പദയാത്ര'. "വർഷങ്ങൾക്കുശേഷമാണ് ഞങ്ങൾ വീണ്ടും ഒന്നിച്ചതെങ്കിലും, ആ ഇടവേള അനുഭവപ്പെടുന്നില്ല. സിനിമ ചെയ്തില്ലെങ്കിലും ഇടയ്ക്ക് ഫോണിൽ സംസാരിക്കാറുണ്ട്. വിളിക്കുമ്പോഴെല്ലാം കോൾ വെയ്റ്റുചെയ്തിരിക്കുകയാണെന്ന് മമ്മൂട്ടി ചിരിച്ചുകൊണ്ട് പറയും. അദ്ദേഹത്തിന് പറ്റിയൊരു കഥ മനസ്സിലേക്കെത്താൻ വൈകിയതുകൊണ്ടാണ് ഒന്നിച്ചൊരു സിനിമ നീണ്ടുപോയത്. സിനിമയിൽ ഒരു നായകനെ ആവർത്തിക്കുന്ന പതിവ് തുടരാറില്ലെങ്കിലും മമ്മൂട്ടിയുടെ കാര്യത്തിൽ വീണ്ടും ഞാനത് തിരുത്തുകയാണ്. പദയാത്ര സിനിമയുടെ ഏതാണ്ടൊരു രൂപം തയ്യാറായപ്പോഴാണ് അദ്ദേഹവുമായി സംസാരിച്ചത്. അഭിനയം മാത്രമല്ല നിർമാണവും ഏറ്റെടുക്കാമെന്ന് പറഞ്ഞ് അദ്ദേഹം മുന്നോട്ടുവരികയായിരുന്നു." - അടൂർ പറഞ്ഞു.

അടൂരിന് ഏറ്റവും മികച്ച സംവിധായകനുള്ള ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾ നേടിക്കൊടുത്ത അനന്തരത്തിൽ ഡോ. ബാലു എന്ന കഥാപാത്രത്തെയാണ് മമ്മൂട്ടി അവതരിപ്പിച്ചത്. അശോകനും ശോഭനയും പ്രാധാന്യമുള്ള വേഷം കൈകാര്യംചെയ്ത അനന്തരം അജയൻ എന്ന യുവാവിന്റെ കഥയാണ് പറഞ്ഞത്. അടൂർ സിനിമകളിൽ നിശ്ശബ്ദതയ്ക്ക് വലിയ പ്രാധാന്യമുണ്ട്. അനന്തരത്തിലെ പ്രണയം നിശ്ശബ്ദതകൊണ്ടാണ് അടയാളപ്പെടുത്തുന്നത്. നിശ്ശബ്ദമായ ചില നേട്ടങ്ങൾക്ക് ദീർഘസംഭാഷണങ്ങളെക്കാൾ ആഴവും പരപ്പുമുണ്ടെന്ന് അനന്തരത്തിലെ അജയനും നളിനിയും പ്രേക്ഷകർക്ക് കാണിച്ചുകൊടുത്തു.

"നിശ്ശബ്ദതയെന്നത് രണ്ടു ശബ്ദങ്ങൾക്കിടയിലുള്ള സമയമാണ്. അതിന് വലിയ അർത്ഥതലങ്ങളുണ്ട്. സൂക്ഷിച്ചു ചെയ്യേണ്ട കാര്യമാണ്. നിശ്ശബ്ദത ശബ്ദംകൊണ്ടുതന്നെയാണ് സാധിക്കുന്നത്. ക്ലാസിക് ഗണത്തിൽപ്പെടുന്നൊരു സിനിമ അടുത്തിടെ കാണാനിടയായി. തുടക്കംമുതൽ ഒടുക്കംവരെ സംസാരംതന്നെ, സബ്ടൈറ്റിലിനുപോലും സംഭാഷണത്തിനൊപ്പം ഓടിയെത്താൻ പറ്റുന്നില്ല. അങ്ങനെയൊരു പടമെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻപോലും എനിക്കാവില്ല"- അടൂർ വിശദീകരിച്ചു.

വൈക്കം മുഹമ്മദ് ബഷീർ ജീവിച്ചിരിക്കുമ്പോൾത്തന്നെ അദ്ദേഹത്തിന്റെ ജീവിതം വെള്ളിത്തിരയിൽ അവതരിപ്പിക്കാൻ ഭാഗ്യംലഭിച്ച സംവിധായകനാണ് അടൂർ. "മതിലുകൾ സിനിമയാക്കാനായി അക്കാലത്ത് പലരും ബഷീറിനെ സമീപിച്ചിരുന്നു. സിനിമയാക്കാൻ അനുവാദം ചോദിച്ചെത്തിയ പലരും നാരായണിയെന്ന കഥാപാത്രത്തിന് മുഖങ്ങൾ കണ്ടുവെച്ചിരുന്നു. ബഷീർ ഓരോതവണ സംസാരിക്കുമ്പോഴും മതിലിനപ്പുറത്ത് നായകന്റെ മനസ്സിൽ തെളിയുന്നപോലെ ഓരോരോ മുഖങ്ങൾ നാരായണിക്ക് നൽകി. ബഷീറിനെ ചെന്നുകണ്ടപ്പോൾ അദ്ദേഹം ആദ്യം ചോദിച്ചത് ആരാണ് നാരായണിയുടെ വേഷം അവതരിപ്പിക്കുന്നത് എന്നാണ്. നാരായണിക്കൊരു രൂപം നൽകുന്നതിനെപ്പറ്റി എന്റെ മനസ്സിൽ യാതൊരു ചിന്തയുമില്ലായിരുന്നു. നേരിൽ അതുവരെ കാണാത്ത നാരായണിയായിരുന്നു സിനിമയിലെ പ്രധാന ആകർഷണം. ആ റോളിൽ ആരും അഭിനയിക്കുന്നില്ല എന്ന് ഞാനദ്ദേഹത്തോട് പറഞ്ഞു. എങ്കിൽ സിനിമ നന്നാകും എന്നായിരുന്നു അദ്ദേഹത്തിന്റെ കമന്റ്." - മതിലുകളോട് ചേർന്നുനിൽക്കുന്ന ഓർമ്മകൾ അടൂർ വിശദീകരിച്ചു.

കോഴിക്കോട് സംഗം തിയറ്ററിലാണ് മതിലുകളുടെ ആദ്യ പ്രദർശനം നടന്നത്. സിനിമകഴിഞ്ഞപ്പോൾ ബഷീർ മാത്രം സീറ്റിൽനിന്ന് എഴുന്നേൽക്കാതെ അല്പനേരംകൂടി അവിടെയിരുന്നു. ബഷീർ വികാരാധീനനായിരുന്നു. കണ്ണുകൾ നനഞ്ഞിരുന്നു. 'നോട് എ ഡൾ മൊമന്റ്' എന്നായിരുന്നു സിനിമ കണ്ടശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ പ്രതികരണം. സിനിമയ്ക്കുശേഷം നടന്ന പത്രസമ്മേളനത്തിൽ തന്റെ ഏതു കൃതിവേണമെങ്കിലും ഗോപാലകൃഷ്ണന് സിനിമയാക്കാൻ സൗജന്യമായി നൽകാമെന്ന പ്രഖ്യാപനവും ബഷീർ നടത്തി.





സമൂഹത്തിൽ മാറ്റമില്ലാതെ തുടരുന്ന വിധേയത്വത്തിന്റെ രാഷ്ട്രീയമാണ് 'വിധേയനി'ലൂടെ അടൂർ തുറന്നുവെച്ചത്. ആൺ മേൽക്കോയ്മയുടെയും അധികാരമനോഭാവങ്ങളുടെയും ആൾരൂപമായ, നെഗറ്റീവ് ഷേഡുള്ള കഥാപാത്രത്തെയാണ് മമ്മൂട്ടി വിധേയനിൽ അവതരിപ്പിച്ചത്. സക്കറിയയുടെ 'ഭാസ്കരപ്പട്ടേലരും എന്റെ ജീവിതവും' എന്ന നോവലിനെ അടിസ്ഥാനമാക്കി ഒരുക്കിയ സിനിമയാണ് 'വിധേയൻ'.

മതിലുകൾ, വിധേയൻ എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് മമ്മൂട്ടിക്ക് മികച്ചനടനുള്ള ദേശീയ പുരസ്കാരം ലഭിച്ചു. മമ്മൂട്ടിയുടെ നാല് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളിൽ രണ്ടും അടൂർ ചിത്രങ്ങളിലൂടെയായിരുന്നു. കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലം മുൻനിർത്തിയാണ് പുതിയ ചിത്രം പദയാത്ര കഥപറയുന്നത്. ഗ്രേസ് ആന്റണിയാണ് ചിത്രത്തിൽ നായിക. അടൂർ ഗോപാലകൃഷ്ണനും കെ.വി. മോഹൻകുമാറും ചേർന്ന് തിരക്കഥയും സംഭാഷണവും ഒരുക്കിയ ചിത്രത്തിൽ ഇന്ദ്രൻസും ജനാർദനനും ഉൾപ്പെടെയുള്ളവർ അഭിനയിക്കുന്നു. വയനാട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി ചിത്രീകരിച്ച സിനിമയുടെ ഛായാഗ്രഹണം-ഷെഹ്നാദ് ജലാൽ. സംഗീതം-മുജീബ് മജീദ്. എഡിറ്റിങ്-പ്രവീൺ പ്രഭാകർ. മമ്മൂട്ടി കമ്പനി നിർമിക്കുന്ന എട്ടാമത്തെ ചിത്രമാണ് 'പദയാത്ര'.



അടൂർ ഭവാനി മറക്കാത്ത മുഖം



"എന്തെങ്കിലും ഉണ്ടോ, തിന്നാനോ കുടിക്കാനോ ആയിട്ട്." മുടിയനായ പുത്രൻ എന്ന ചിത്രത്തിലെ രാജൻ എന്ന സത്യന്റെ കഥാപാത്രം അമ്മയോടു ചോദിക്കുന്ന ചോദ്യമാണ്.

"കുറച്ച് അരി അടുപ്പേല് കിടക്കുന്നുണ്ട്" എന്ന് നിലത്ത് രാജൻതന്നെ തട്ടിത്തെറിപ്പിച്ച സാധനങ്ങൾ പെറുക്കിക്കൂട്ടുന്ന അമ്മ അടൂർ ഭവാനി. "കിടക്കുന്നതേ ഉള്ളോ? നേരത്തേ എവിടെയൊക്കെ ആയിരുന്നു" എന്ന് തലയിൽ തോർത്ത് മുണ്ട് ചുറ്റിക്കെട്ടിയ 'മുടിയനായ പുത്രൻ' സത്യൻ.

'നേരത്തേ അറയുടെ താക്കോൽ കണ്ടില്ല' എന്ന് പറയുംനേരം അമ്മയുടെ ഒരു മുഖഭാവമുണ്ട്. അടൂർ ഭവാനി എന്ന അമ്മയ്ക്കു മാത്രം കൊണ്ടുവരാൻ കഴിയുന്ന പ്രത്യേക ഭാവം! പഴയകാലത്തെ അമ്മമാർ, പ്രത്യേകിച്ചും സാധാരണക്കാരായ അമ്മമാരുടെ ഒരു സംഭാഷണരീതിയാണത്. ബീഡി വലിച്ചും കള്ളുകുടിച്ചും തല്ല്കൂടിയും നടക്കുന്ന പോരാളിയായ മകനെക്കുറിച്ചോർത്തുള്ള വിഷമം, കുടുംബം അനുഭവിക്കുന്ന ദാരിദ്ര്യാവസ്ഥയിലുള്ള നിരാശ അങ്ങനെയെല്ലാം ആ ശബ്ദത്തിലുണ്ട്.

1961-ൽ പുറത്തിറങ്ങിയ രാമു കാര്യാട്ടിന്റെ മുടിയനായ പുത്രൻ എന്ന സിനിമയിൽ അഭിനയിക്കുമ്പോൾ അടൂർ ഭവാനിയുടെ പ്രായം മുപ്പത്തിനാല്. സത്യന് അന്ന് 49 വയസുണ്ട്. മുടിയനായ പുത്രൻ സിനിമ കണ്ട പ്രേക്ഷകർക്കു പക്ഷേ, ഭവാനി സത്യന്റെ അമ്മ തന്നെയായിരുന്നു. മകനെ ഗുണദോഷിച്ചും കരഞ്ഞും തളർന്ന പട്ടിണിക്കാരിയായ അമ്മ.

2009 ഒക്ടോബർ 25-നാണ് അടൂർ ഭവാനി വിടവാങ്ങിയത്. അവസാന കാലയളവിൽ ഒരു പ്രമുഖ ടെലിവിഷൻ ചാനലിനു ഭവാനി നല്കിയ അഭിമുഖത്തിൽ പറഞ്ഞ കഥ കേട്ടാൽ സത്യത്തിൽ അമ്പരന്നുപോകും. അടൂർ പോലീസ് സ്റ്റേഷനിൽ സത്യനേശൻ നാടാർ എന്ന സത്യൻ സബ് ഇൻസ്പെക്ടറായി ജോലി ചെയ്തിരുന്ന കാലത്ത് അയൽവീട്ടിലെ കുട്ടിയായിരുന്നു ഭവാനി. സ്റ്റേഷനു സമീപത്തുള്ള മാവിൽനിന്നു പൊഴിയുന്ന കണ്ണിമാങ്ങ പെറുക്കാൻ ഭവാനിയും കൂട്ടുകാരും പോകുന്ന സമയത്ത് സത്യനേശൻ എസ്ഐ പ്രതികളെ തല്ലുന്നത് കണ്ടിട്ടുണ്ട്.

ജീവിതസാഹചര്യങ്ങൾ കാരണം പിന്നീട് ഭവാനി സിനിമയിലെത്തി. 1961-ൽ തോപ്പിൽ ഭാസി തിരക്കഥ രചിച്ച് രാമു കാര്യാട്ട് സംവിധാനംചെയ്ത മുടിയനായ പുത്രൻ എന്ന സിനിമയിൽ അഭിനയിക്കാൻ എത്തുമ്പോൾ പഴയ പരുക്കനായ എസ്ഐ സത്യനേശൻ നാടാർ, സത്യൻ എന്ന പ്രശസ്ത നടനായി മുന്നിലുണ്ട്. 'ഈ കുട്ടി എന്ത് റോളിലാണ് അഭിനയിക്കുന്നത് എന്ന് സത്യൻ. സത്യന്റെ അമ്മ വേഷമാണെന്ന് അറിഞ്ഞ ഉടനെ 'എന്റെ അമ്മയോ? ഈ പീറപ്പെണ്ണോ?' എന്ന് തന്റെ തോളറ്റം പോലും പൊക്കമില്ലാത്ത അമ്മ നടിയെക്കുറിച്ച് സത്യന്റെ പ്രതികരണം!



അടൂർ ഭവാനി 'ചെമ്മീനിൽ'

സിനിമയിൽ പ്രവേശിച്ചിട്ടേയുള്ളൂവെങ്കിലും ആ പീറപ്പെണ്ണ് പ്രയോഗം ഭവാനിക്ക് അത്ര രസിച്ചില്ല. ഷൂട്ടിംഗ് തുടങ്ങി. സിനിമയിൽ ജന്മിവ്യവസ്ഥിതിയെയും അധികാര ഘടനയെയും എതിർക്കുന്ന തന്റേടിയായ രാജനാണ് സത്യൻ. രാജനും കരപ്രമാണിയായ മൂത്ത സഹോദരനും തമ്മിൽ തല്ലുകൂടുന്ന രംഗമുണ്ട്.

ഈ സീനിൽ മകൻ രാജന്റെ മുഖത്ത് അമ്മ അടിക്കുന്ന രംഗമാണ് ആദ്യം ചിത്രീകരിച്ചത്. സംവിധായകൻ ആക്ഷൻ പറഞ്ഞതും അമ്മ നടി സത്യന്റെ കവിളത്ത് ഒന്നാന്തരം ഒരു തല്ലു കൊടുത്തു. അഭിനയത്തല്ലല്ല, നല്ല ഒറിജിനൽ തല്ല്. മുഖമടച്ച് അടി കിട്ടിയപ്പോൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി സത്യൻ. വേദന കൊണ്ടും അഭിമാനത്തിനേറ്റ ക്ഷതംകൊണ്ടും ഒന്നു കൊടുത്തേക്കാമെന്ന് കരുതി. എന്റെ ശക്തിക്ക് അനുസരിച്ച് ഒന്ന് കാച്ചുകയും ചെയ്തു." ഇനിയാണ് കഥയുടെ യഥാർത്ഥ ട്വിസ്റ്റ്. സത്യൻ എന്ന അനശ്വര നടന്റെ മഹത്വം കൂടി തെളിയുന്ന കഥയുടെ ഗതിമാറ്റം! വലിയ ഔന്നത്യത്തിൽ നിൽക്കുന്ന നായകനടനെ അടിച്ചുതകർത്ത അമ്മ നടി പേടിച്ച് മേക്കപ്പ് റൂമിൽ കയറി ഒളിക്കുന്നു. ഉച്ചയ്ക്ക് ഊണ് കഴിക്കാൻ സമയത്തും ഭവാനി ഇറങ്ങിവരുന്നില്ലെന്നറിഞ്ഞ സത്യൻ ഭവാനിയെ ബലമായി വിളിച്ച് സംസാരിക്കുന്നു. സീൻ വളരെ നന്നായി എന്നും ഇനി എന്നും ഭവാനി ആയിരിക്കും തന്റെ അമ്മയെന്നും സത്യൻ. അതിനുശേഷം നിരവധി സിനിമകളിൽ ഭവാനി സത്യന്റെ അമ്മയായി. സത്യൻ അമ്മ, എന്നു മാത്രമേ പിന്നീട് വിളിച്ചിട്ടുള്ളൂവെന്നും അടൂർ ഭവാനി പറഞ്ഞിട്ടുണ്ട്. 'കരകാണാകടലിലെ' തോമ എന്ന സത്യനെയും തോമയുടെ അമ്മയെയും മറക്കാൻ കഴിയില്ലല്ലോ! 'ചെമ്മീനി'ൽ പളനി എന്ന സത്യന്റെ അമ്മായിയമ്മയായും എത്തി.

"ഞാൻ കടപ്പുറവും കണ്ടിട്ടില്ല, മരയ്ക്കാൻമാരുടെ ജീവിതവും കണ്ടിട്ടില്ല. അടൂരെവിടെയാ കടപ്പുറം." അങ്ങനെയാണ് അടൂർ ഭവാനി 'ചെമ്മീനിലെ' സ്വാഭാവിക അഭിനയത്തെക്കുറിച്ച് ചോദിക്കുമ്പോൾ പറഞ്ഞിരുന്നത്. കടൽ കണ്ടിട്ടില്ലാത്ത ഭവാനി ചെമ്മീനിലെ ചക്കി മരയ്ക്കാത്തിയായി അഭിനയിച്ചു. അല്ല ജീവിച്ചു! പാവപ്പെട്ട ഒരു മത്സ്യത്തൊഴിലാളിയായ അമ്മയുടെ മുഴുവൻ ഭാവവും എന്തിന് മുഖവും, ശരീരഭാഷയും വരെ എങ്ങനെ സ്വന്തമാക്കി എന്നതിന് അടൂർ ഭവാനിക്ക് ഒരിക്കലും ഉത്തരമുണ്ടായിരുന്നില്ല. സുന്ദരിയായ മകൾ കറുത്തമ്മയെ (ഷീല) കാത്തു സൂക്ഷിക്കുന്ന ഒരമ്മയുടെ ധർമസങ്കടങ്ങൾ അടൂർ ഭവാനി നെഞ്ചിലേറ്റിയപ്പോൾ പ്രേക്ഷകരുടെ കണ്ണുകൾ നിറഞ്ഞു. ചെല്ലമ്മയെ (ഷീല) പെറ്റമ്മയെപ്പോലെ സംരക്ഷിക്കുന്ന 'കള്ളിച്ചെല്ലമ്മ'യിലെ മരച്ചീനിക്കാരി വള്ളി അക്കൻ അടൂർ ഭവാനിയുടെ മറ്റൊരു മികച്ച കഥാപാത്രമാണ്. 'കള്ളിച്ചെല്ലമ്മ'യിലെയും 'കടൽപ്പാലത്തി'ലെയും അഭിനയമാണ് 1969-ലെ മികച്ച രണ്ടാമത്തെ അഭിനേത്രിക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് ഭവാനിക്ക് നേടിക്കൊടുത്തത്.

'ഏപ്രിൽ 18'ലെ നാണിയമ്മയും 'സസ്നേഹ'ത്തിലെ ഏലിയാമ്മ ചേടത്തിയും 'ഹിറ്റ്ലറി'ലെ സത്യപാലന്റെ (കലാഭവൻ സൈനുദ്ദീൻ) അമ്മ ഭാർഗവിയും 'സേതുരാമയ്യർ സിബിഐ'യിലെ മേരിയും അടൂർ ഭവാനിയുടെ അവിസ്മരണീയ കഥാപാത്രങ്ങളാണ്.

1953-ൽ ശരിയോ തെറ്റോ എന്ന ചിത്രത്തിൽ തുടങ്ങിയ അഭിനയ ജീവിതത്തിൽ 450 സിനിമകളിൽ അഭിനയിച്ചു. അപാരമായ അഭിനയസിദ്ധി ഉണ്ടായിരുന്നിട്ടും അർഹിക്കുന്ന പദവിയോ പണമോ കിട്ടാതെപോയ ചലച്ചിത്രനടിയാണ് അടൂർ ഭവാനി.

ഹെനോക്

ദിലീപ് ഫോറൻസിക് സർജനായി വേഷമിടുന്ന പുതിയ ചിത്രം ഹെനോക് ചിത്രീകരണം തുടങ്ങി. സംവിധാനം ഉല്ലാസ് കൃഷ്ണ. നിർമാണം എം സ്റ്റാർ എന്റർടൈൻമെന്റ്സ്. ഹെനോക് എന്നാൽ ദൈവത്തിനൊപ്പം സഞ്ചരിക്കുന്നവൻ. രചന റോബിൻ, ഉല്ലാസ് കൃഷ്ണ, ജോണി ആന്റണി, എമിൽ ജോർജ്, അർജുൻ രാധാകൃഷ്ണൻ, ഗ്രേസ് ആന്റണി, മനോജ് കെ.യു, സുധി കോപ്പ, പ്രാർത്ഥന എസ്, ശ്രുതി ജയൻ, ഷാജു ശ്രീധർ, രഘുനാഥ് പലേരി, നിസ്താർ സെയ്ത്, പ്രമോദ് വെളിയനാട്, സോഹൻ സീനുലാൽ, വിനോദ് കെടാമംഗലം, ആശാ മഠത്തിൽ, ശ്രീകാന്ത് തുടങ്ങിയവർ പ്രധാന വേഷങ്ങളിൽ. ഛായാഗ്രഹണം ഷാജികുമാർ, എഡിറ്റിംഗ്-ഷഫീഖ് വി.ബി, സംഗീതം-മുജീബ് മജീദ്.

ഡിജി യാത്ര പരീക്ഷണം; കൊച്ചി വിമാനത്തവളത്തിലും

ന്യൂഡൽഹി: അന്താരാഷ്ട്ര വിമാനയാത്രക്കാർക്ക് 'ഡിജി യാത്ര' സംവിധാനത്തിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങി. കൊച്ചി, ഡൽഹി, ബെംഗ്ളൂരു, ഹൈദരാബാദ്, മുംബൈ, ചെന്നൈ, അമൃത്സർ എന്നീ ഏഴു വിമാനത്താവളങ്ങളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്.

ഇ-പാസ്പോർട്ട് കൈവശമുള്ള ഇന്ത്യൻ പൗരർക്കാണ് സൗകര്യം ലഭ്യമാകുക. എയർ ഇന്ത്യ, ഇൻഡിഗോ എന്നീ വിമാനക്കമ്പനികളുടെ തെരഞ്ഞെടുത്ത അന്താരാഷ്ട്ര സർവീസുകളിലെ യാത്രക്കാർക്ക് ഉപയോഗിക്കാം. സ്മാർട്ട് ഫോണിലെ ഡിജി യാത്ര ആപ്പ് വഴി ഇ-പാസ്പോർട്ടിന്റെ വിവരങ്ങൾ നല്കി സെൽഫിയെടുത്ത് വെരിഫിക്കേഷൻ പൂർത്തിയാക്കി വേണം സേവനം ഉപയോഗിക്കാൻ.

വിമാനത്താവള ടെർമിനൽ എൻട്രി പോയിന്റുകൾ, സെക്യൂരിറ്റി ഹോൾഡ് ഏരിയകൾ, ബോർഡിംഗ് ഗേറ്റുകൾ എന്നിവിടങ്ങളിൽ മുഖം തിരിച്ചറിയൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്പർശനരഹിതമായും വേഗത്തിലും പരിശോധന നടത്താം. ഡിജി യാത്ര ഉപയോഗിച്ചാലും പാസ്പോർട്ട്, വിസ തുടങ്ങിയ രേഖകൾ യാത്രക്കാർ കൈയിൽ കരുതണം.

മുൻസർക്കാരിനെതിരായ അഴിമതിയാരോപണങ്ങളിലും പരാതികളിലും നടപടി

തിരുവനന്തപുരം: അധികാരത്തിലേറി അഞ്ചര മാസത്തിനകം സർക്കാർ ഉത്തരവിട്ടത് 16 അന്വേഷണങ്ങൾക്ക്. ഇതിൽ 12 എണ്ണത്തിൽ മുൻ സർക്കാരോ സിപിഎമ്മോ ആണ് എതിർപക്ഷത്ത്. എൽഡിഎഫ് സർക്കാരിനെതിരായ അഴിമതിയാരോപണങ്ങളിലും പരാതികളിലും ഇതുവരെ ഒരു യുഡിഎഫ് സർക്കാരും ഈ രീതിയിലുള്ള അന്വേഷണപരമ്പരയിലേക്ക് കടന്നിട്ടില്ല.

'മുൻപുള്ള സർക്കാരുകൾ പലതും മറക്കുമായിരുന്നു. ഞങ്ങൾ അങ്ങനെ ചെയ്യില്ല' എന്ന് അധികാരമേറ്റ വേളയിൽ വി.ഡി. സതീശൻ പറഞ്ഞത് ശരിവെക്കുന്ന വിധമാണ് അന്വേഷണങ്ങളുടെ പോക്ക്.

നിയമോപദേശം തേടിയും നടപടിക്രമങ്ങൾ പാലിച്ചും അതിവേഗ അന്വേഷണങ്ങൾ വേണമെന്ന നിലപാടിലാണ് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയും. ചുരുങ്ങിയ കാലത്തിനകം ഇത്രയുമധികം എസ്ഐടികൾക്ക് ആഭ്യന്തരവകുപ്പ് രൂപം നല്കുന്നത് സംസ്ഥാനത്ത് ആദ്യമാണ്. സിഎംആർഎൽ-എക്സാലോജിക് ഇടപാടിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ അടക്കമുള്ളവർക്കെതിരായ വിജിലൻസ് അന്വേഷണം മാത്രമാണ് ഇതിനിടെ നിലച്ചത്. അതുപക്ഷേ സർക്കാർ സ്വമേധയാ പ്രഖ്യാപിച്ചതായിരുന്നില്ല. ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവനുസരിച്ചായിരുന്നു.

അന്വേഷണങ്ങൾ (മുൻ സർക്കാരിനും സിപിഎമ്മിനുമെതിരായ പരാതികളിൽ) കിഫ്ബി: വിജിലൻസ് അന്വേഷണം. അർജന്റീന ടീം-പോലീസിന്റെ അന്വേഷണം. പിഎസ്സി: അജിതാ ബീഗത്തിന്റെ നേതൃത്വത്തിൽ ക്രൈംബ്രാഞ്ച് എസ്ഐടി. രക്ഷാപ്രവർത്തനം-യൂത്ത് കോൺഗ്രസ്, കെഎസ്.യു നേതാക്കളെ സുരക്ഷാസംഘം ആക്രമിച്ചത്: എസ്ഐടി. പി.പി. ദിവ്യ കണ്ണൂർ ജില്ലാപഞ്ചായത്തിലെ ക്രമക്കേടുകൾ: വിജിലൻസ് അന്വേഷണം. കോഴിക്കോട് ചേവായൂർ സർവീസ് കോ-ഓർപ്പറേറ്റീവ് ബാങ്ക് തെരഞ്ഞെടുപ്പ്: ക്രൈംബ്രാഞ്ച് എസ്.ഐടി. വിമാനത്തിലെ പ്രതിഷേധം: ക്രൈംബ്രാഞ്ച് എസ് ഐടി. വടകര കാഫിർ സ്ക്രീൻഷോട്ട്: റൂറൽ എസ്പിയുടെ നേതൃത്വത്തിൽ എസ്ഐടി. ഇ.ഡി ഉദ്യോഗസ്ഥരെ ആക്രമിച്ചത്: എസ്ഐടി. വീണാ ജോർജിനെതിരായ ആക്രമണം: പ്രത്യേക അന്വേഷണ സംഘത്തിന്റെ പുനരന്വേഷണം. ഔഷധിയിലെ ക്രമക്കേട്: വിജിലൻസ് അന്വേഷണം. മരുന്ന് സംഭരണം: മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ഇടപാടുകളിലെ അന്വേഷണം.

ഡൽഹിയിൽ കമ്മീഷണർക്കെതിരെ പോലീസുകാരുടെ പ്രതിഷേധം

ന്യൂഡൽഹി: അഭിഭാഷകരുമായുള്ള തർക്കത്തെ തുടർന്ന് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയതിൽ പ്രതിഷേധിച്ചു പോലീസുകാരുടെ പ്രതിഷേധം. വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ നൂറോളം പോലീസ് ഉദ്യോഗസ്ഥരാണ് പ്ലക്കാർഡുകളും പോസ്റ്ററുകളും ഏന്തി പ്രതിഷേധിച്ചത്. സ്ഥലംമാറ്റം റദ്ദാക്കണമെന്നാണ് ആവശ്യം.

അഭിഭാഷകന് മർദ്ദനമേറ്റെന്ന പരാതിയെത്തുടർന്ന് ഗാന്ധിനഗർ സബ്ഡിവിഷനിലെ അസിസ്റ്റന്റ് കമ്മീഷണർ മാനസ്വ വസിഷ്ഠ, ശാഹ്ദ്ര സ്റ്റേഷനിലെ ഇൻസ്പെക്ടർ അരുൺകുമാർ എന്നിവരെ സ്ഥലംമാറ്റിയിരുന്നു. ജില്ലാ കോടതിയിലെ അഭിഭാഷകർ ഉദ്യോഗസ്ഥർക്കെതിരെ നടപടിയാവശ്യപ്പെട്ട് അനിശ്ചിതകാല സമരം പ്രഖ്യാപിച്ചതിനു പിന്നാലെയായിരുന്നു നടപടി. ഇതിനെതിരെ പോലീസ് ആസ്ഥാനത്തിനു മുന്നിൽ പ്രതിഷേധിക്കണമെന്ന് ആവശ്യപ്പെട്ട് പോലീസുകാരുടെ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ സന്ദേശം പ്രചരിച്ചിരുന്നു. തുടർന്നാണ് വിവിധ യൂണിറ്റുകളിലെ പോലീസുകാർ പ്രതിഷേധിച്ചത്. റോഡരികിൽ ധർണ നടത്തുന്നതിനു പകരം ആസ്ഥാനത്തിന് അകത്തേക്കുവന്ന് പോലീസ് കമ്മീഷണറോട് പരാതികൾ ഉന്നയിക്കാൻ ഡിസിപി സച്ചിൻ ശർമ ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥർ നിർദേശിച്ചു. പിന്നീട് പ്രതിഷേധം താൽക്കാലികമായി അവസാനിപ്പിച്ചു.

സമരം തണുപ്പിക്കാൻ ലഫ്. ഗവർണർ ചർച്ച വിളിച്ചു. പ്രതിഷേധം രൂക്ഷമായതോടെയാണ് പോലീസ് പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്താമെന്ന് ലഫ്. ഗവർണർ തരൺജിത് സിങ് സന്ധു അറിയിച്ചത്. യോഗത്തിൽ പങ്കെടുക്കാൻ എല്ലാ ജില്ലകളിൽ നിന്നും ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ പേരുകൾ നിർദ്ദേശിക്കാൻ അറിയിച്ച് സർക്കുലർ നല്കിയിട്ടുണ്ട്. ക്രൈംബ്രാഞ്ച്, സ്പെഷൽ ബ്രാഞ്ച്, സ്പെഷ്യൽ സെൽ, വിജിലൻസ്, പോലീസ് അക്കാദമി, ആന്റി നാർക്കോട്ടിക് ടാസ്ക്ഫോഴ്സ് വിഭാഗങ്ങളും പ്രതിനിധികളെ അയയ്ക്കണം. സ്ഥലംമാറ്റ ഉത്തരവുകൾ ഇറങ്ങിയതിനു പിന്നാലെ അഭിഭാഷകർ സമരം പിൻവലിച്ചിരുന്നു.

ആരു വിളിച്ചാലും ഇനി ഫോണിൽ പേരു തെളിയും

ന്യൂഡൽഹി: സേവ് ചെയ്യാത്ത നമ്പറാണെങ്കിലും വിളിക്കുന്നയാളുടെ പേര് നവംബർ രണ്ട് മുതൽ മൊബൈൽഫോണിൽ ദൃശ്യമാകും. സിം എടുക്കാനുപയോഗിച്ച തിരിച്ചറിയൽ രേഖയിലെ പേര് ഫോണിൽ തെളിയുന്ന കോളിങ് നെയിം പ്രസന്റേഷൻ (സിനാപ്) ഇന്ത്യയാകെ നടപ്പാക്കാനാണു കേന്ദ്രനിർദേശം. തുടക്കത്തിൽ 4ജി, 5ജി ശൃംഖലകൾക്ക് മാത്രമാകുമിത്. പല മൊബൈൽ ഫോൺസേവനദാതാക്കളും പദ്ധതി നടപ്പാക്കിക്കഴിഞ്ഞു. കോളർ ഐഡി സംവിധാനം ലഭ്യമാകാൻ ഉപയോക്താവ് ഒന്നും ചെയ്യേണ്ടതില്ല. സേവ് ചെയ്ത നമ്പറുകളിൽനിന്നാണു കോളെങ്കിൽ ആ പേരായിരിക്കും കാണിക്കുക. ബിസിനസ് കണക്ഷനുകൾക്ക് നിലവിലെ പേരിനു പകരം സ്വന്തം ട്രേഡ്മാർക്ക് പേര് (പ്രീഫേഡ് നെയിം) ഉൾപ്പെടുത്താൻ അവസരം നൽകും. പുതിയ ബിസിനസ് കണക്ഷനുകൾക്ക് അതെടുക്കുന്ന സമയത്തു തന്നെ 'പ്രീഫേഡ് നെയിം' നൽകാം.

ഇംപീച്ച്മെന്റ് വേദി; പിന്നിൽ മലയാളിയുടെ കരസ്പർശം

ന്യൂഡൽഹി: മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ ഇംപീച്ച് ചെയ്യുന്ന പ്രതീകാത്മക പരിപാടിക്കായി തയ്യാറാക്കിയത് പഴയ ലോക്സഭാ മാതൃകയിലെ വേദി. 18 വർഷമായി രാഹുൽ ഗാന്ധിയുടെ കൂടെയുള്ള മുൻ എസ്.പി.ജി. ഓഫീസർ കോട്ടയം കൂരോപ്പടയിലെ കെ.ബി. ബൈജുവിന്റെ നേതൃത്വമാണ് ഇതിനുപിന്നിൽ. രണ്ടുദിവസംകൊണ്ടാണ് ബൈജുവും സംഘവും പാർലമെന്റ് പശ്ചാത്തലം ചിത്രങ്ങളാക്കിയതും പ്രിന്റെടുത്ത് പ്ലൈവുഡിൽ തീർത്ത മേശകളിലൊട്ടിച്ച് ജീവസ്സുറ്റതാക്കിയതും. അദ്ധ്യക്ഷതവഹിച്ച 'സ്പീക്കർ' മീരാകുമാറിന്റെ പിന്നിൽ ലോക്സഭാ ചെയറിന് പിന്നിലെപ്പോലെ ബോർഡിലൊട്ടിച്ച പെയിന്റിങ് വെച്ചു. ഇരുവശവും പാർലമെന്റിലേതുപോലെ വലിയ ടി.വി. സ്ക്രീനുകളും സ്ഥാപിച്ചു. മുന്നിൽ ലോക്സഭാ സെക്രട്ടേറിയറ്റിലേതിനു സമാനമായ കസേരകളിൽ ഡെപ്യൂട്ടി സ്പീക്കർമാരായി 'നിയമിതരായ' അവധേഷ് പ്രസാദും സൗഗത റോയും ഇരുന്നു. മുന്നിൽ ആദ്യ മൂന്നു വരികളിൽ 21 പ്രതിപക്ഷ പാർട്ടികളിലെ പ്രധാനനേതാക്കൾക്കും എംപിമാർക്കും ഇരിക്കാൻ 210 കസേരകളും ലോക്സഭാ മാതൃകയിൽ പ്രത്യേക ഡെസ്കും. പ്ലൈവുഡിൽ തയാറാക്കിയ ഡെസ്കിൽ പഴയ ലോക്സഭാ ഡെസ്കിന്റെ ചിത്രങ്ങൾ പ്രിന്റെടുത്ത് ഒട്ടിക്കുകയായിരുന്നു. ഒറ്റനോട്ടത്തിൽ ഒറിജിനലാണെന്നു തോന്നും.

ഇറാന്റെ മത്സ്യബന്ധനക്കപ്പൽ കൊള്ളക്കാർ തട്ടിയെടുത്തു

മൊഗാദിഷു: സൊമാലിയൻ തീരത്ത് ഇറാന്റെ മത്സ്യബന്ധനക്കപ്പൽ കടൽക്കൊള്ളക്കാർ പിടിച്ചെടുത്തു. 21 ഇറാനിയൻ ജീവനക്കാരും സൊമാലിയൻ സുരക്ഷാ ജീവനക്കാരുമടക്കം 23 പേരാണ് കപ്പലിലുള്ളത്. വടക്കു കിഴക്കൻ സൊമാലിയയിലെ ബന്ദർ ബെയ്ല, ഹഫുൻ തീരദേശ നഗരങ്ങൾക്കിടയിൽ 12 കടൽക്കൊള്ളക്കാർ ചേർന്നാണ് അസിനി എന്ന കപ്പൽ തട്ടിയെടുത്തത്.

വാണിജ്യക്കപ്പലുകൾ സഞ്ചരിക്കുന്ന സമുദ്രപാതയിലേക്ക് കപ്പൽ നീങ്ങുന്നത് ആശങ്കയേറ്റിയിട്ടുണ്ട്. ചരക്കുകപ്പലുകൾക്കു നേരെ കൂടുതൽ ആക്രമണങ്ങൾ നടത്താനുള്ള താവളമായി ഇതിനെ കടൽക്കൊള്ളക്കാർ ഉപയോഗിച്ചേക്കാമെന്നാണ് മുന്നറിയിപ്പ്. സൊമാലിയൻ തീരത്ത് കടൽക്കൊള്ള വീണ്ടും ശക്തമാകുന്നതിന്റെ സൂചനയാണിതെന്നും വിലയിരുത്തപ്പെടുന്നു.

സമ്പന്നർക്ക് എന്തുമാകാം എന്ന രീതി അംഗീകരിക്കാനാകില്ലെന്ന് പിണറായി വിജയൻ

കൊച്ചി: ചേരാനെല്ലൂരിൽ പതിനേഴുകാരൻ ഓടിച്ച കാറിടിച്ചു മരിച്ച ജയബാലകൃഷ്ണന്റെ കുടുംബാംഗങ്ങളെ പ്രതിപക്ഷനേതാവ് പിണറായി വിജയൻ സന്ദർശിച്ചു. സമ്പന്നർക്ക് എന്തുമാകാമെന്ന രീതി ഒരിക്കലും അംഗീകരിക്കാനാകില്ലെന്നും കേസിലെ നടപടികൾ ഫലപ്രദമല്ലെന്നും തുടക്കം മുതൽ നീതി കിട്ടില്ലെന്ന തോന്നൽ കുടുംബത്തിന് ഉണ്ടായെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയെയും ആഭ്യന്തരമന്ത്രിയെയും കണ്ടു കാര്യങ്ങൾ പറഞ്ഞെങ്കിലും തങ്ങൾക്കു നീതി ലഭിക്കുന്നില്ലായെന്നാണ് തോന്നുന്നതെന്ന് കുടുംബം പറഞ്ഞു. കൊടും ക്രൂരകൃത്യം ചെയ്ത ഒരാളെ പതിനേഴ് വയസേയുള്ളൂ എന്നപേരിൽ സംരക്ഷിക്കുകയാണെന്ന തോന്നൽ സമൂഹത്തിനുണ്ട്. ഇവർക്ക് കുട്ടികളെന്ന പരിഗണന കൊടുക്കാനാകില്ല.

നിയമത്തിൽ മാറ്റം വരണമെന്നാണ് കുടുംബം ആവശ്യപ്പെടുന്നതെന്നും പിണറായി വിജയൻ പറഞ്ഞു. സിപിഎം ജില്ലാ സെക്രട്ടറി എസ്. സതീഷ്, സിപിഎം നേതാവ് എം. അനിൽകുമാർ എന്നിവരും പ്രതിപക്ഷനേതാവിനൊപ്പം കുടുംബാംഗങ്ങളെ വീട്ടിലെത്തി സന്ദർശിച്ചു.

പ്രതിഷേധക്കടലായി ഇന്ത്യാസഖ്യം

(ഒന്നാം പേജിൽ നിന്നും)

തെരഞ്ഞെടുപ്പു കമ്മീഷനും ബിജെപി സർക്കാരിനുമെതിരെ കടുത്ത ഭാഷയിലാണ് കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, തൃണമൂൽ കോൺഗ്രസ് അദ്ധ്യക്ഷ മമത ബാനർജി, എസ്പി അദ്ധ്യക്ഷൻ അഖിലേഷ് യാദവ്, ആർജെഡി നേതാവ് തേജസ്വി യാദവ്, സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബി തുടങ്ങിയ നേതാക്കൾ പ്രസംഗിച്ചത്. സോണിയ ഗാന്ധി പങ്കെടുത്തെങ്കിലും പ്രസംഗിച്ചില്ല.

ഗ്യാനേഷ് കുമാറിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് ഒക്ടോബർ രണ്ട് മുതൽ ഇന്ത്യാസഖ്യം നടത്തുന്ന പ്രതിഷേധങ്ങളുടെ രണ്ടാംഘട്ടമാണ് പൊതുജന കുറ്റവിചാരണയും റാലിയും.

എഴുത്തച്ഛൻ പുരസ്കാരം

(ഒന്നാം പേജിൽ നിന്നും)

ചെറുകഥ, നോവൽ, കവിത, ശാസ്ത്രലേഖനങ്ങൾ എന്നിങ്ങനെ വ്യത്യസ്തമേഖലകളിൽ വ്യാപരിക്കുമ്പോഴും ഇവയെയെല്ലാം കൂട്ടിയിണക്കുന്ന മൗലികമായൊരു തത്വശാസ്ത്രം അദ്ദേഹത്തിന്റെ രചനകളിൽ നിരന്തരം കാണാം. ശാസ്ത്രം, തത്വചിന്ത, മനഃശാസ്ത്രം എന്നിവയെ സർഗ്ഗാത്മകമായി സമന്വയിപ്പിച്ചുകൊണ്ട് ആധുനികോത്തര കാലഘട്ടത്തിലെ എഴുത്തുകാരനായി അദ്ദേഹം മാറിയതായി കവി കെ.ജി. ശങ്കരപ്പിള്ള ചെയർമാനും കല്പറ്റ കെ. നാരായണൻ, കെ. സച്ചിതാനന്ദൻ, സാറാ ജോസഫ്, എം.പി. സുരേന്ദ്രൻ എന്നിവർ അംഗങ്ങളുമായി ജൂറി വിലയിരുത്തി.

സൂര്യവംശം, ചുവന്ന വിദൂഷകരുടെ അഞ്ചാംപത്തി, ബ്രാ, പെൻഗ്വിൻ, ഡിലൻ തോമസിന്റെ പങ്ക്, നായകന്മാർ ശവപേടകങ്ങളിൽ, സംഗീതം ഒരു സയകലയാണ്, മേതിൽ കഥകൾ, മേതിൽ കവിതകൾ, ഹിച്ച്കോച്ചിന്റെ ഇടപെടൽ, കയറിന്റെ അറ്റം, മെലിഞ്ഞവരുടെ മനഃശാസ്ത്രം തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

സ്കൂൾ കായികമേള

(ഒന്നാം പേജിൽ നിന്നും)

അത്ലറ്റിക്സിൽ മലപ്പുറം ജില്ല 204.3 പോയിന്റോടെയാണ് മുന്നിൽ കുതിച്ചെത്തിയത്. രണ്ടാം സ്ഥാനത്തെത്തിയ പാലക്കാടിന് 161.5 പോയിന്റും 109 പോയിന്റുള്ള ആലപ്പുഴയ്ക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. കടകശേരി ഐഡിയൽ സ്കൂൾ 75.3 പോയിന്റ് നേടി അഞ്ചാംവട്ടവും ഒന്നാം സ്ഥാനം നിലനിർത്തി. പാലക്കാട് ജില്ലയിലെ വടവന്നൂർ വിഎംഎച്ച്എസ് 34 പോയിന്റോടെ രണ്ടാമതും ഫിനിഷ് ചെയ്തു. മലപ്പുറം ആലത്തിയൂർ കെഎച്ച്എം എച്ച്എസ് 34 പോയിന്റ് നേടി മൂന്നാമതെത്തി. അടുത്ത വർഷത്തെ സ്കൂൾ കായികമേള കൊല്ലത്തു നടക്കും.

GREEN NESTLE
VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of **HOME STAY** by Tourism Department of Kerala, Rated as one among the best **HOME STAY** by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT

+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

K.O. JOSE & ASSOCIATES, INC.
Certified Public Accountants





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA℠
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



MIDWEST
WINDOWS & DOORS



MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399

ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷന്റെ ആനുവൽ ഗാലയും സ്കോളർഷിപ്പ് വിതരണവും നവംബർ 21–ന് ഓക് ബ്രൂക്ക് മാരിയറ്റിൽ



AAEIO ബോർഡ് ചിക്കാഗോ കോൺസുൽ ജനറൽ ഓഫ് ഇന്ത്യ ഡോ. ആനന്ദ് പ്രകാശിനോടൊപ്പം



ഗ്ലാഡ്സൺ വർഗീസ്, രജീന്ദർ സിംഗ് മാഗോ എന്നിവർ
ഇല്ലിനോയി ഗവർണ്ണർ ജെ.ബി. പ്രിറ്റ്സ്കറോടൊപ്പം



ഗ്ലാഡ്സൺ വർഗീസ്, രജീന്ദർ സിംഗ് മാഗോ എന്നിവർ യുഎസ് കോൺഗ്രസ് സ്ഥാനാർത്ഥി മെലീസ്സ ബീനിനോടൊപ്പം



ഗ്ലാഡ്സൺ വർഗീസ് യുഎസ് കോൺഗ്രസ് സ്ഥാനാർത്ഥിയും ഇവാൻസ്റ്റൻ മേയറുമായ ഡാനിയൽ ബിസിനോടൊപ്പം



AAEIO പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ് ഇല്ലിനോയി ഗവർണ്ണർ ജെ.ബി. പ്രിറ്റ്സ്കറോടൊപ്പം

ചിക്കാഗോ: ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷന്റെ ആനുവൽ ഗാലയും സ്കോളർഷിപ്പ് വിതരണവും നവംബർ 21-ന് ഓക് ബ്രൂക്ക് മാരിയറ്റിന്റെ ഗ്രാൻഡ് ബാൾ റൂമിൽ വെച്ച് നടത്തും. സമ്മേളനത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നതായി പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസും, ആനുവൽ ഗാല ചെയർമാൻ ഗുൽസാർ സിംഗും അറിയിച്ചു. സമ്മേളനത്തിൽ ഇല്ലിനോയ് ഗവർണർ ജെ.ബി. പ്രിറ്റ്സ്കർ, കൗൺസിൽ ജനറൽ ഓഫ് ഇന്ത്യ ഡോ. ആനന്ദ് പ്രകാശ്, യുഎസ് കോൺഗ്രസ് വുമൺ സ്ഥാനാർത്ഥി Hon. മെലിസ്സാ ബീൻ, ഇവാൻസ്റ്റൻ മേയറും യുഎസ് കോൺഗ്രസ്മാൻ സ്ഥാനാർത്ഥിയുമായ Hon. ഡാനിയൽ ബിസ് എന്നിവരെ ക്ഷണിച്ചിട്ടുണ്ട്. എഐയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ചർച്ചകൾ SDI Presense CEO ഹർദ്ദിക് ഭട്ട് നയിക്കും. വിവിധതരം ഡാൻസുകൾ, ബോളിവുഡ് ഗായകരായ ഭാവന ചൗധരിയും നിമേഷ് നഗറും നയിക്കുന്ന ഗാനമേളയും അരങ്ങേറും. അതിനുശേഷം ഡിന്നറും ഉണ്ടായിരിക്കും. ടിക്കറ്റുകൾ www.aaeiousa.org-ൽ നിന്ന് ലഭിക്കുന്നതാണ്. സ്കോളർഷിപ്പിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ www.aaeiousa.org-ൽ നിന്ന് അപേക്ഷ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഹൈസ്കൂൾ സീനിയർ സ്റ്റുഡന്റ്സ്, എൻജിനീയറിങ് മേജർ എടുക്കുന്നവർക്കും എൻജിനീയറിംഗിൽ ആദ്യവർഷം പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. രക്ഷാകർത്താക്കൾക്ക് ഒരു വർഷം 100,000 ഡോളറിൽ കുറവ് വരുമാനം ആയിരിക്കണം. സമർത്ഥരായ കുട്ടികൾ തങ്ങളുടെ G Payയും വരുമാന സർട്ടിഫിക്കറ്റും സമർപ്പിക്കണം. അപേക്ഷകൾ www.aaeiousa.org-ൽ അയയ്ക്കാവുന്നതാണ്.

For Tickets, Please use this link:
https:// www.eventbrite.com/e/aaeio-annual-gala-2026-tickets-2003564895537



Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**